# പരിശുദ്ധാത്മശക്തി

പ്രൊഫ. എം. വൈ. യോഹന്നാൻ

1

: Publisher :

ഫീലിയോ ബുക്ക്സ്

കോലഞ്ചേരി - 682 311

# പരിശുദ്ധാത്മശക്തി


**പ്രൊഫ. എം. വൈ. യോഹന്നാൻ**

*മുൻ പ്രിൻസിപ്പൽ,*

*സെന്റ്. പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി.*

●

മേച്ചങ്കര, കടയിരുപ്പ് പി.ഒ.,

കോലഞ്ചേരി – 682 311, കേരളം.

ഫോൺ: (0484) 2689489, 2689889

E - mail : prof_yohannan@hotmail.com

Website : www.crfgospel.org


●


Publisher :

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

●

DTP

MANESH, MAAS CREATIONS, COCHIN

●

COVER DESIGN

SWAMINATHAN, COMPUTER PARK

●

PRINTED AT

MERIN GRAPHICS

EDAPPALLY TOLL, KOCHI - 682 024


●

# അവതാരിക



ബഹു.എം. വൈ. യോഹന്നാൻ സാർ എഴുതിയിട്ടുള്ള കൃതികളിൽ 23 –ാമത്തെ പുസ്തകമാണ് "പരിശുദ്ധാത്മാ ശക്തി. ഈ പുസ്തകത്തിന് അവതാരിക എഴുതുവാനുള്ള അവസരം എനിക്ക് ലഭിച്ചത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു.

വർഷങ്ങളായി നീണ്ടുനിൽക്കുന്ന ഒരു സൗഹൃദമാണ് എനിയ്ക്ക് യോഹന്നാൻ സാറിനോടുള്ളത്. ഒന്നാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ ആറ്ററികത്ത് നട്ടിരിക്കുന്നതും തക്ക കാലത്ത് ഫലം കായിക്കുന്നതും ഇല വാടാത്തതുമായ വൃക്ഷം പോലെ ആത്മീയ നഭോമണ്ഡലത്തിൽ യോഹന്നാൻ സാർ ജൈത്രയാത്ര നടത്തിക്കൊണ്ടിരിക്കുകയാണല്ലോ.

ലളിതമായ ജീവിതത്തിൽ നിന്നും ആരംഭിച്ച് അനേകായിരങ്ങളെ സത്യമാർഗ്ഗത്തിലേക്ക് നയിച്ച യോഹന്നാൻ സാർ "ക്രസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ" ജീവനാഡിയായി പരിലസിക്കുന്നു.

കർത്താവായ യേശുക്രിസ്തു മുഖാന്തിരം മനുഷ്യവർഗ്ഗത്തിന് സിദ്ധമായ രക്ഷ ദൈവത്തിന്റെ ദാനമാണെന്നും, ദൈവത്തിന് മുഖപക്ഷമില്ലെന്നും, ഏതു പാപിയെയും ദൈവം സ്നേഹിക്കുന്നു എന്നും വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു. എന്നാൽ ഇന്നത്തെ തലമുറ പൗരാണിക ചട്ടക്കൂടുകളെയും, മൂല്യങ്ങളെയും, മരണാനന്തരജീവിതത്തെത്തന്നെയും ചോദ്യം ചെയ്ത് തുടങ്ങിയിട്ടുണ്ട്. സാംസ്ക്കാരിക മൂല്യങ്ങൾക്ക് ഉടവ് തട്ടുന്ന വിധത്തിലുള്ള ലേഖനങ്ങളും മാസികകളും പാരായണം ചെയ്യുന്നതിനാലാണ് വിദ്യാസമ്പന്നരിൽ ഭൂരിപക്ഷത്തിനും പ്രിയം.

സമൂഹത്തിൽ വളർന്ന് വരുന്ന ഈ വിശ്വാസരാഹിത്യം നീങ്ങി വ്യക്തിപരമായി നമ്മെ സ്നേഹിക്കുന്നവനും, നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിവുറ്റ മഹാപുരോഹിതനുമായ ദൈവത്തിന്റെ കരുണയിൽ ആശ്രയംവച്ച് സമാധാനം കണ്ടെത്തുന്നതിന് ഈ പുസ്തകം അനേകർക്കും സഹായകമാകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

അമൃതസർ നഗരത്തിന്റെ ഹൃദയ ഭാഗത്ത് മനോഹരമായ ഒരു ദേവാലയമുണ്ട്. കരിങ്കല്ലുകൊണ്ട് നിർമ്മിച്ച ശില്പസുന്ദരമായ ഒരു ദേവാലയം. ബ്രിട്ടീഷ് ഭരണകാലത്തിന്റെ പ്രതാപത്തെ വിളിച്ചോതുന്ന സ്മാരകങ്ങളിലൊന്നായി പരിലസിക്കുന്നു. മനോഹരമായ ഒരു പൂന്തോട്ടം. പ്രശാന്ത സുന്ദരമായ അന്തരീക്ഷം.

ഒരു ഞാറാഴ്ച കേരളത്തിൽ നിന്നും വന്ന യുവാവ് പള്ളിയിലേയ്ക്ക് കയറിച്ചെന്നു. ഒരു വൃദ്ധപുരോഹിതൻ ആരാധന അർപ്പിച്ചുകൊണ്ടിരുന്നു. 1000 പേർക്ക് ഇരിക്കാവുന്ന ആ പള്ളിയിൽ ആകെ 10 പേർമാത്രം. ഈ പൂമരങ്ങളും ചെടി

കളും നട്ടുവളർത്താൻ കഴിഞ്ഞ അദ്ദേഹത്തിനു എത്ര മനുഷ്യാത്മാക്കളെ നട്ടുവളർത്താൻ കഴിഞ്ഞു എന്ന് ആ യുവാവ് സ്വയം ചോദിച്ചു.

ദോവലയങ്ങൾ ശൂന്യമായിക്കൊണ്ടിരിക്കുന്ന പാശ്ചാത്യ രാജ്യങ്ങളിലെ സ്ഥിതിവിശേഷം ഇന്ത്യയിലെ വൻകിട നഗരങ്ങളിലേയ്ക്കും വ്യപിച്ചു തുടങ്ങിയിരിക്കുന്നു. ആരാധിക്കുവാൻ വന്നുകൂടുന്ന ജനങ്ങളുടെ അകം ശൂന്യമായിക്കൊണ്ടിരിക്കുകയാണ്.

മനുഷ്യകരങ്ങൾ കൊണ്ടുനിർമ്മിച്ച മന്ദിരങ്ങളിലാണ് ദൈവം വസിക്കുന്നതെന്ന് സാധാരണക്കാർ കരുതുന്നു. എന്നാൽ മനുഷ്യഹൃദയങ്ങൾ ദൈവം വസിക്കുന്ന ആലയങ്ങളായി തീരുന്നില്ലെങ്കിൽ ശൂന്യതയായിരിക്കും അവിടെ കുടിപ്പാർക്കുക. അതുകൊണ്ട് ആദ്യം ഹൃദയം ദേവാലയമായിത്തീരട്ടെ. 3

നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന സകല പ്രശ്നങ്ങളേയും അഭിമുഖീകരിക്കുന്നതിനും യഥാർത്ഥമായ ക്രിസതീയ ജയജീവിതം നയിക്കുന്നതിനും പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുന്നു. നമ്മുടെ സ്വാഭാവിക ശക്തിയാൽ അസാദ്ധ്യമെന്നു തോന്നുന്ന സകലവും അവന്റെ ശക്തിയാൽ, പരിശുദ്ധാത്മാവിനാൽ, നമുക്ക് സുസാദ്ധ്യമായിത്തീരുന്നു.

ഇന്ന് പരിശുദ്ധാത്മസാന്നിദ്ധ്യം അനേകം ക്രിസ്ത്യാനികൾക്കും യാഥാർത്ഥ്യമായി തീർന്നിട്ടില്ല. നാം അവന് പരിപൂർണ്ണമായി കീഴ്പ്പെടുകയും നമ്മുടെ ജീവിതത്തിന്റെ കടിഞ്ഞാൺ അവന്റെ കൈയിൽ ഏല്പിക്കുകയും ചെയാതാൽ അവൻ നമ്മെ സമൃദ്ധിയായ ജീവനിലേക്ക് വഴിനടത്തും.

അനുദിന ജീവിതത്തിൽ ഒരു ക്രിസ്ത്യാനിക്ക് അനുപേക്ഷണീയമായ പ്രാദേശിക നിർദ്ദേശങ്ങളും ഈ പുസ്തകത്തിലുണ്ട്. അനേകരേയും രക്ഷാനിർണ്ണയത്തിലേക്കും ആഴമായ ക്രിസ്തീയ അനുഭവങ്ങളിലേക്കും വഴി നടത്തുന്നതിന് ഈ പുസ്തകം സഹായിക്കട്ടെ.

ഈ പുസ്തകം എല്ലാവരും വായിച്ച് മാനസാന്തരത്തിന്റെ അനുഭവത്തിൽക്കൂടി പരിശുദ്ധാത്മശക്തി പ്രാപിച്ച് കർത്താവായ യേശുക്രിസ്തുവിനെ സാക്ഷിക്കുവാൻ ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

യോഹന്നാൻ സാറിന് തുടർന്നും അനേകം പുസ്തകങ്ങൾ രചിച്ച് അനേകായിരങ്ങളെ ക്രിസ്തുവിലേക്കാകർഷിക്കുവാൻ തക്ക ആരോഗ്യവും ദൈവകൃപയും ദീർഘായുസ്സും ലഭിക്കട്ടെയെന്ന് ജഗദീശ്വരനോട് പ്രാർത്ഥിച്ചുകൊണ്ടും, അനേകർക്കും ഈ പുസ്തകം വായിച്ചു ഗ്രഹിക്കുന്നതിൽക്കൂടി പരിശുദ്ധാത്മശക്തി ലഭിക്കുവാൻ ഇടയാകട്ടെ എന്ന് ആശംസിച്ചുകൊണ്ടും ഈ പുസ്തകം അനുവാചകർക്കായി സമർപ്പിച്ചുകൊള്ളുന്നു.

Alwaye
23.11.2003

Fr.J.Paulose
Olickal

# ആമുഖം



ജോൺ വെസ്ലി 1703 മുതൽ 1791 വരെ ജീവിച്ചിരുന്ന ഒരു അനുഗൃഹീത സുവിശേഷകനായിരുന്നു. അദ്ദേഹം ഒരിക്കൽ പറഞ്ഞു:

Do all the good you can,
By all the means you can,
In all the ways you can,
At all the places you can,
To all the times you can,
To all the people you can,
As long as ever you can,

നമുക്ക് കഴിയുന്നിടത്തോളം നന്മചെയ്യാനാണ് ജോൺ വെസ്ലി ഇവിടെ ആഹ്വാനം ചെയ്യുന്നത്. നിങ്ങൾക്ക് സാധിക്കുന്ന എല്ലാ രീതിയിലും, എല്ലാ മാർഗ്ഗങ്ങളിലും, എല്ലാ സ്ഥലങ്ങളിലും, എല്ലാ സമയങ്ങളിലും, എല്ലാ ജനത്തിനും, എത്രത്തോളം നാൾ നിങ്ങൾക്ക് സാധിക്കുമോ അത്രത്തോളം

നന്മചെയ്യുക എന്നത്രേ ഈ സുപ്രസിദ്ധമായ മഹദ്വചനം.

എന്താണ് ആത്യന്തിക നന്മ? ഐഹിക ജീവിതത്തിലെ നന്മയും പാരത്രിക നന്മയായ നിത്യ ജീവനും എല്ലാവർക്കും പങ്കുവയ്ക്കുക. അതാണ് ക്രിസ്തുവിന്റെ ശുശ്രൂഷ: Healing and Preaching

Healing – സൗഖ്യം നൽകുന്ന ശുശ്രൂഷയാണ്. ദേഹത്തിനും ദേഹിക്കും ആത്മാവിനും സൗഖ്യം. ശരീരത്തിന് രോഗമുണ്ട്; ശരീരത്തിന് രോഗസൗഖ്യമാവശ്യമാണ്. മനസ്സിന് ആകുലമുണ്ട്; മനസ്സമാധാനം ആവശ്യമാണ്. ആത്മാവിന് രോഗമുണ്ട്: പാപം. പാപമോചനം ആവശ്യമാണ്. ക്രിസ്തുദേവൻ ഇവ മൂന്നും നൽകുന്ന ശുശ്രൂഷ നിർവ്വഹിച്ചു.

ആ സ്വർഗ്ഗീയ ശുശ്രൂഷ നിറവേറ്റിയത് എങ്ങനെയെന്ന് ക്രിസ്തു ജനിക്കുന്നതിന് 750 വർഷം മുമ്പ് യെശയ്യാ പ്രവാചകൻ മുൻകൂട്ടി പ്രസ്താവിച്ചു.

> "എളിയവരോട് സദ്വർത്തമാനം ഘോഷിപ്പാൻ യഹോവ എന്നെ അഭിഷേകം ചെയ്തിരിക്കക്കൊണ്ട് യഹോവയായ കർത്താവിന്റെ ആത്മാവ് എന്റെമേൽ ഇരിക്കുന്നു. ഹൃദയം തകർന്നവരെ മുറികെട്ടുവാനും തടവുകാർക്ക് വിടുതലും ബദ്ധന്മാർക്ക് സ്വാതന്ത്ര്യവും അറിയിപ്പാനും യഹോവയുടെ പ്രസാദവർഷവും നമ്മുടെ ദൈവത്തിന്റെ പ്രതികാര ദിവസവും പ്രസിദ്ധമാക്കുവാനും ദുഃഖിതന്മാരെയൊക്കെയും ആശ്വസിപ്പിക്കാനും സീയോനിലെ ദുഃഖിതന്മാർക്ക് വെണ്ണീറിനു പകരം അലങ്കാര മാലയും ദുഃഖത്തിനു പകരം ആനന്ദതൈലവും വിഷണ്ണ മനസ്സിന് പകരം സ്തുതി എന്ന മേലാടയും കൊടുപ്പാനും അവൻ എന്നെ അയ

ച്ചിരിക്കുന്നു."   61 : 1 – 3

ഇവിടെ ഏഴ് കാര്യങ്ങൾ കാണുന്നു :

| | | | |
|---|---|---|---|
| 1. | Healing | : | സൗഖ്യം |
| 2. | Freedom | : | സ്വാതന്ത്ര്യം |
| 3. | Grace | : | പ്രസാദം, കൃപ |
| 4. | Judgment | : | ന്യായവിധി, ശിക്ഷാവിധി |
| 5. | Comfort | : | ആശ്വാസം |
| 6. | Joy | : | ആനന്ദം |
| 7. | Praise | : | സ്തുതി – ആരാധന |

ക്രിസ്തുവിന്റെ വചനം പ്രഘോഷിക്കുന്നതുമൂലം ഈ
ഏഴ് കാര്യങ്ങളാണ് നിറവേറേണ്ടത്. ക്രിസ്തുവിന്റെ അനു 5
യായികൾ ഓരോരുത്തരും ഈ അത്യുദാത്തമായ ലക്ഷ്യ
ത്തോടെ ജീവിക്കുകയും പ്രസംഗിക്കുകയും – ജീവിക്കുന്ന
തുപോലെ പ്രസംഗിക്കുകയും പ്രസംഗിക്കുന്നതുപോലെ
ജീവിക്കുകയും – ചെയ്യുമ്പോഴാണ് സ്വർഗ്ഗരാജ്യം ഭൂമിയിൽ
വരുന്നത്. അപ്പോൾ മാത്രമാണ് ക്രിസ്തു പഠിപ്പിച്ച പ്രാർത്ഥന
നമ്മുടെ ജീവിതത്തിൽ അന്വർത്ഥമാകുന്നത്.

"സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ, നിന്റെ തിരുനാമം പരിശുദ്ധമാക്കപ്പെടേണമേ; നിന്റെ രാജ്യം വരേണമേ, നിന്റെ തിരുവിഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും ആകേണമേ........."

യേശുക്രിസ്തു തന്റെ പരസ്യശുശ്രൂഷയിലെ ആദ്യത്തെ പ്രസംഗത്തിൽ അരുളിച്ചെയ്തു.

> "മനുഷ്യർ നിങ്ങൾക്കു ചെയ്യേണം എന്ന് നിങ്ങൾ ഇച്ഛിക്കുന്നത് ഒക്കെയും നിങ്ങൾ അവർക്കും ചെയ്‌വിൻ. ന്യായപ്രമാണവും പ്രവാ

ചകന്മാരും ഇതുതന്നെ.”

മത്തായി. 7 : 12

ബി.സി. 30 മുതൽ എ.ഡി. 10 വരെ ജീവിച്ചിരുന്ന യഹൂദന്മാരുടെ പ്രമുഖ റബ്ബിയായിരുന്ന ഹില്ലേലിനോടു ചോദിച്ചു:

യഹൂദ നിയമാവലി മുഴുവൻ ഒറ്റവാക്യത്തിൽ സംഗ്രഹിക്കാമോ?

അദ്ദേഹത്തിന്റെ മറുപടി : "Do not unto others that which you would not have them do unto you. That is the entire Torach; the rest in commentary."

“മറ്റുള്ളവർ നിങ്ങളോട് ചെയ്യരുതെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതൊന്നും നിങ്ങൾ അവരോട് ചെയ്യരുത്; സകല ന്യായപ്രമാണ നിയമാവലിയുടെയും രത്നച്ചുരുക്കമാണത്. ബാക്കിയുള്ളതെല്ലാം അതിന്റെ വ്യാഖ്യന വിവരണങ്ങളാണ്.”

കൺഫ്യൂഷ്യസും ഇതുതന്നെയാണ് പറയുന്നത്.

"What you do not want done to yourself, do not do to others"

ബി. സി. 551 മുതൽ 479 വരെ ജീവിച്ചിരുന്ന ചൈനീസ് മതപണ്ഡിതനായിരുന്നു കൺഫ്യൂഷ്യസ്.

ബി. സി. 384 മുതൽ 322 വരെ ജീവിച്ചിരുന്ന അരിസ്റ്റോട്ടിൽ പറഞ്ഞു.

"We should behave to our friends as we would wish our friends to behave to us."

1875 മുതൽ 1965 വരെ ജീവിച്ചിരുന്ന ആൽബർട്ട് ഷ്വൈറ്റ്സർ പ്രതാവിച്ചു.

"Example is not the main thing in influencing others. It is the only thing."

ഈ ആശയങ്ങളെ ഉൾക്കൊള്ളാനുള്ള പരിശ്രമമാണ് എന്റെ പ്രസംഗങ്ങളുടെ പ്രചോദനം. ആ ലക്ഷ്യ പ്രാപ്തിയിലേക്കുള്ള പ്രയാണത്തിൽ കാലിടറിയും ചിലപ്പോൾ വേച്ചു വീണും കിതച്ചുപോകുമ്പോൾ കുതിച്ച് മുന്നേറാനുള്ള ത്വരയും ആവേശവുമാണ് കരുണയുള്ള ക്രിസ്തുനാഥൻ എനിക്ക് നൽകുന്നത്. ആ യത്നത്തിന്റെ ഒരെളിയ ചുവടുവെയ്പ്പാണ് ഈ ഗ്രന്ഥം.

ഈ പുസ്തകത്തിന്റെ പ്രൂഫ് റീഡിംഗിലും അച്ചടിയിലും കവർ ഡിസൈനിംഗിലും എല്ലാം എന്നെ അത്യന്തം സഹായിച്ച ശ്രീ. എ. ജെ. അബി (മുൻ ജനറൽ മാനേജർ, റ്റി. സി. എം., കളമശ്ശേരി) യെ എനിയ്ക്ക് നന്ദിയോടെ ഓർക്കാൻ മാത്രമേ കഴിയുന്നുള്ളൂ. "കൂലി തന്റെ കൈയിലും പ്രതിഫലം തന്റെ പക്കലും ഉള്ള" കർത്താവായ യേശുവിന്റെ പുനരാഗമനത്തിൽ തക്ക പ്രതിഫലം കരുണയുള്ള കർത്താവ് നൽകട്ടെ എന്ന് ഞാൻ ഉള്ളഴിഞ്ഞ് പ്രാർത്ഥിക്കുകയാണ്. 6

വളരെ ഹൃദയ സ്പർശിയായ ഒരവതാരിക എഴുതിത്തന്ന, ഏലൂർ ഓർത്തഡോക്സ് പള്ളിവികാരിയായ. റവ. ഫാദർ ജെ. പൗലോസ് എന്നോടു കാണിച്ച സൗമനസ്യത്തിന്നും സ്നേഹവായ്പ്പിന്നും ഞാൻ അത്യന്തം കൃതജ്ഞനാണ്. ആ മഹാമനസ്കതയുടെയും സൗഹൃദത്തിന്റെയും മുന്നിൽ ഞാൻ ആദരപൂർവ്വം എന്റെ ഉള്ളഴിഞ്ഞ നന്ദിയും കടപ്പാടും അർപ്പിക്കുകയാണ്.

എന്റെ മറ്റ് ഇരുപത്തിരണ്ട് പുസ്തകങ്ങൾക്കും അനേകായിരങ്ങൾ നൽകിയ സ്വീകരണത്തിനും ആശിസ്സിനും ഞാൻ

ഏവരോടും കടപ്പെട്ടിരിക്കുന്നു. ഈ ഗ്രന്ഥത്തേയും എല്ലാവരും വാത്സല്യത്തോടെ ഏറ്റുവാങ്ങും എന്ന പ്രതീക്ഷയോടെ ഞാൻ ഈ ആമുഖകുറിപ്പുകൾ ഇവിടെ അവസാനിപ്പിക്കുന്നു.

നിങ്ങളെല്ലാവരുടെയും
എളിയ സഹോദരൻ
എം. വൈ. യോഹന്നാൻ

## ഒന്ന്



പരിശുദ്ധാത്മാവ് ശക്തിയുടെ ആത്മാവാണ്. പരിശുദ്ധാത്മാവ് സ്നേഹത്തിന്റെ ആത്മാവാണ്. പരിശുദ്ധാത്മാവ് ധൈര്യത്തിന്റെ ആത്മാവാണ്. പരിശുദ്ധാത്മാവ് സമാധാനത്തിന്റെ ആത്മാവാണ്. പരിശുദ്ധാത്മാവ് ഐക്യത്തിന്റെ ആത്മാവാണ്. പരിശുദ്ധാത്മാവ് ജീവന്റെ ആത്മാവാണ്. പരിശുദ്ധാത്മാവ് കൃപയുടെ ആത്മാവാണ്. പരിശുദ്ധാത്മാവ് സുബോധത്തിന്റെ ആത്മാവാണ്. പെരിശുദ്ധാത്മാവ് വിശുദ്ധിയുടെ ആത്മാവാണ്.

പരിശുദ്ധാത്മാവ് ഭീരുത്വത്തിന്റെ ആത്മാവല്ല. പരിശുദ്ധാത്മാവ് കലക്കത്തിന്റെ ആത്മാവല്ല. പരിശുദ്ധാത്മാവ് വിദ്വേഷത്തിന്റെ ആത്മാവല്ല. പരിശുദ്ധാത്മാവ് അശുദ്ധിയുടെ ആത്മാവല്ല.

പരിശുദ്ധത്മാവ് അകന്നവരെ അടുപ്പിക്കുന്നു. പരിശുദ്ധാത്മാവ് ഭിന്നിച്ചുപോയവരെ ഒന്നിപ്പിക്കുന്നു. പരിശുദ്ധത്മാവ് ചഞ്ചലഹൃദയരെ ഉറപ്പിക്കുന്നു. പരിശുദ്ധാത്മാവ് അവിശ്വാസികളെ വിശ്വാസികളാക്കുന്നു. പരിശുദ്ധാത്മാവ്

അശുദ്ധരെ വിശുദ്ധരാക്കുന്നു. പരിശുദ്ധത്മാവ് പാപബോധം നൽകുന്നു. പരിശുദ്ധത്മാവ് ഭീരുക്കളെ ധൈര്യശാലികളാക്കുന്നു.

പരിശുദ്ധാത്മാവ് ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവാണ് എന്ന് അപ്പോസ്തലനായ പൗലോസ് പറയുന്നു:

> "ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്."
>
> 2 തിമോ. 1 : 7

പരിശുദ്ധത്മാവ് ഒരുവന്റെ ഉള്ളിൽ വരുമ്പോൾ അതുവരെ അനുഭവിച്ചിട്ടില്ലാത്ത ഒരു ആന്തരിക ശക്തി അവൻ പ്രാപിക്കുന്നു. അതാണ് അപ്പോസ്തല പ്രവൃത്തികൾ ഒന്നാം അദ്ധ്യായം എട്ടാം വാക്യത്തിൽ പറയുന്നത്:

> "പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരുശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും."

അപ്പോസ്തലന്മാരുടെ പ്രവൃത്തികൾ പരിശുദ്ധത്മാവിന്റെ പ്രവൃത്തികൾ ആണ്. പരിശുദ്ധാത്മാവ് അപ്പോസ്തന്മാരിൽ കൂടെ ചെയ്യുന്ന പ്രവൃത്തികൾ ആണ് അപ്പോസ്തല പ്രവൃത്തികൾ. അതുകൊണ്ടാണ് അതിനെ പരിശുദ്ധാത്മാവിന്റെ സുവിശേഷം എന്ന് വേദപണ്ഡിതന്മാർ പറയുന്നത്. ശക്തിയില്ലാത്തവരെ ശക്തരാക്കുകയാണ് പരിശുദ്ധാത്മാവ് ചെയ്യുന്നത്. ഭീരുക്കളെ ധീരരാക്കുകയാണ് പരിശുദ്ധാത്മാവ്.

പരിശുദ്ധാത്മാവിന്റെ പ്രവൃത്തികൾ അവസാനമില്ലാത്തവ

യാണ്. അത് നിർവ്വിഘ്നം നടന്നുകൊണ്ടിരിക്കുകയാണ്. എത്ര യെത്ര രാജാക്കന്മാരും ഭരണാധികാരികളും പരിശുദ്ധാത്മാ വിന്റെ പ്രവൃത്തികളെ തടയാൻ ശ്രമിച്ചു! പക്ഷേ ചക്ര വർത്തികളുടെ കിരീടങ്ങൾ തെറിച്ചു പോയി. ഭരണാധികാരി ളുടെ പടവാളുകൾ ഒടിഞ്ഞുപോയി പരിശുദ്ധാത്മശക്തിയുടെ മുമ്പിൽ.

സുവിശേഷത്തിന്നും സുവിശേഷകന്മാർക്കും എതിരായി എത്രയെത്ര ഭരണാധികാരികൾ പീഡകൾ അഴിച്ചുവിട്ടു! എത്ര യെത്ര വിശ്വാസികൾ രക്തസാക്ഷികളായി. സുവിശേഷം ഇന്നും അജയ്യമായി നിലകൊള്ളുന്നു. കാരണം അത് പരി ശുദ്ധാത്മശക്തിയാണ്.

ബൈബിളിൽ ഒരേ പുസ്തകം മാത്രം അവസാനമില്ലാത്ത 8
പുസ്തകമാണ്. അത് അപ്പോസ്തലപ്രവൃത്തികളാണ്. അപ്പോ സ്തപ്രവൃത്തികളുടെ പുസ്തകത്തിന്റെ അവസാനവാക്യം നോക്കൂ:

> "പൂർണ്ണ പ്രാഗത്ഭ്യത്തോടെ വിഘ്നം കൂടാതെ ദൈവരാജ്യം പ്രസംഗിച്ചും കർത്താവായ യേശു ക്രിസിതുവിനെക്കുറിച്ചു ഉപേദശിച്ചും പോന്നു."
> 28 : 30

വിഘ്നം കൂടാതെ പ്രസംഗിച്ചു. ഇന്നും എതിർപ്പുകളും പോരാട്ടങ്ങളും ഉണ്ടെങ്കിലും സുവുശേഷം അനവരതം എല്ലാ യിടത്തും ഘോഷിച്ചുകൊണ്ടിരിക്കുന്നു. അതിനു കാരണം പൗലോസ് പറയുന്നുണ്ട്:

> "സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവന്നും ആദ്യം യഹൂദന്നും പിന്നെ യവനന്നും അതു രക്ഷയ്ക്കായി ദൈവശ

ക്തിയാകുന്നുവല്ലോ."

റോമർ. 1 : 16

സുവിശേഷം പരിശുദ്ധാത്മശക്തിയാണ്.

പൗലോസ് തന്റെ ഒടുവിലത്തെ ലേഖനത്തിൽ തീമൊഥെയൊസിനോടു പറയുന്നു.

"ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്."

2 തിമൊഥെയൊസ് 1 : 7

പരിശുദ്ധാത്മാവ് ശക്തിയുടെ ആത്മാവാണ്; സ്നേഹത്തിന്റെ ആത്മാവാണ്; സുബോധത്തിന്റെ ആത്മാവാണ്; ഭീരുത്വത്തിന്റെ ആത്മാവല്ല, ധൈര്യത്തിന്റെ ആത്മാവാണ്; പ്രാഗത്ഭ്യത്തിന്റെ ആത്മാവാണ്.

പരിശുദ്ധാത്മശക്തി ഉണ്ടായിരുന്നതു കൊണ്ടാണ് അപ്പോസ്തലനായ പൗലോസ് യൂറോപ്പിനെ സുവിശേഷം കൊണ്ട് ഇളക്കി മറിച്ചത്. പരിശുദ്ധാത്മശക്തി കൊണ്ടാണ് സെ.തോമസ് ഭാരതത്തിന്റെ മണ്ണിൽ സുവിശേഷത്തിന്റെ വിത്തുപാകിയത്. പരിശുദ്ധാത്മശക്തികൊണ്ടാണ് ഇരുണ്ട ഭൂഖണ്ഡമായ ആഫ്രിക്ക (Dark continent) ഉണരുന്ന ആഫ്രിക്കയായി മാറിയത്.

സുപ്രസിദ്ധ ചരിത്രകാരനായ H.G. Wells, "An outline history of the world" എന്ന ഗ്രന്ഥത്തിൽ എഴുതി.

"മാനവസംസ്ക്കാരം എവിടെയെല്ലാം വികസ്വരമായിട്ടുണ്ടോ, മനുഷ്യചേതന എവിടെയെല്ലാം ഉണർന്നിട്ടുണ്ടോ അവിടെയെല്ലാം യേശുക്രിസ്തുവിന്റെ സുവിശേഷത്തിന്റെ അത്ഭുത

കരമായ സ്വാധീനം നിഷ്പക്ഷബുദ്ധികൾക്ക് കാണുവാൻ കഴിയും."

"ഭീരുക്കൾ, ദൈവരാജ്യം അവകാശമാക്കുകയില്ല എന്ന് തിരുവചനം പറയുന്നുണ്ട്;"

> "ഭീരുക്കൾ, അവിശ്വാസികൾ, അറെയ്ക്കപ്പെട്ടവർ, കുലപാതകന്മാർ, ദുർന്നടുപ്പുകാർ, ക്ഷുദ്രക്കാർ, ബിംബാരാധികൾ എന്നിവർക്കും ഭോഷ്ക്കുപറയുന്ന ഏവർക്കും ഉള്ള ഓഹരി തീയും ഗന്ധവും കത്തുന്ന പൊയ്കായിലത്രേ; അതു രണ്ടാമത്തെ മരണം."
>
> വെളി. 21 : 8

9

യിസ്രായേൽ ജനത്തോടു മോശ കൽപിച്ചു:

> "യിസ്രായേലേ, കേൾക്കൂ; നിങ്ങൾ ഇന്നു ശത്രുക്കളോടു പടയേൽപ്പാൻ അടുക്കുന്നു; അധൈര്യപ്പെടരുത്, പേടിക്കരുത്, നടുങ്ങിപ്പോകരുത്; അവരെ കണ്ടു ഭ്രമിക്കയുമരുത്............ ആർക്കെങ്കിലും ഭയവും അധൈര്യവും ഉണ്ടെങ്കിൽ അവൻ തന്റെ ഹൃദയം പോലെ സഹോദരന്റെ ഹൃദയവും ധൈര്യം കെടുത്താതിരിക്കേണ്ടതിനു വീട്ടിലേക്കു മടങ്ങിപ്പോകട്ടെ."
>
> ആവർത്തന. 20 : 3–8

മിദ്യാന്യരോടു യുദ്ധം ചെയ്യുവാൻ ഗിദയോന്റെ അടുക്കൽ വന്നു ചേർന്നവർ മുപ്പത്തീരായിരം പേരായിരുന്നു. അപ്പോൾ ദൈവം കൽപിച്ചു.

> "ആർക്കെങ്കിലും ഭയവും ഭീരുതയുമുണ്ടെങ്കിൽ അവൻ ഗിലെയാദ് പർവ്വതത്തിൽ നിന്നു മടങ്ങി

പ്പൊയ്ക്കൊള്ളട്ടെ."

ന്യായാ. 7 : 3

അപ്പോൾ ജനത്തിൽ ഇരുപത്തീരായിരം പേർ മടങ്ങിപ്പോയി. ബാക്കി പതിനായിരം പേർ ശേഷിച്ചു. അവരിലും ഒരു പരീക്ഷയും പരിശോധനയും നടത്തിക്കഴിഞ്ഞപ്പോൾ കേവലം മുന്നൂറുപേർ മാത്രം ശേഷിച്ചു. അവരെയാണ് യുദ്ധത്തിന് കൊണ്ടുപോയത്. അവരെ ഉപയോഗിച്ചാണ് ഗിദയോൻ മിദ്യാന്യരെ തോൽപ്പിച്ചത്.

പ്രിയ സ്നേഹിതാ, നിന്നിൽ ഭീരുത്വത്തിന്റെ ആത്മാവിനിടം ഉണ്ടോ? എതിർപ്പുകൾ വരുമ്പോൾ നീ ഞെട്ടിപ്പിടയുന്നോ? ആക്ഷേപങ്ങളും പരിഹാസങ്ങളും ഏൽക്കുമ്പോൾ നീ ചൂളിപ്പോകുന്നോ? ക്രിസ്തുവിന്റെ നാമം നിമിത്തം പീഡയേൽക്കേണ്ടിവരുമ്പോൾ നീ പതറുകയും തളരുകയും ചെയ്യുന്നോ?

നിന്നിൽ ജന്മനാ ഉള്ളതായ ഭിരുത്വത്തെ മാറ്റാൻ ക്രിസ്തു ശക്തനാണ്. നിന്നിൽ ധൈര്യവും ശക്തിയും പകരാൻ ക്രിസ്തു മതിയായവനായി നിന്റെയരികിൽ നിൽക്കുന്നുണ്ട്. തക്കസമയത്തു ക്രിസ്തു നിനക്ക് ശക്തി തരും. അവന്റെ സ്നേഹമോലുന്ന കരങ്ങളിൽ അവൻ നിനക്കഭയം തരും. ഭീരുവായ നിന്നെ ധൈര്യശാലിയാക്കി അവൻ മാറ്റും.

അങ്ങനെ ഭീരുത്വം മാറി ധൈര്യം പ്രാപിച്ച അനേകരുടെ ചരിത്രം ബൈബിളിൽ നമുക്ക് കാണുവാൻ കഴിയും.

ഒന്നാമത്, നമ്മുടെ ശ്രദ്ധയിലേക്ക് വരുന്നത്, അബ്രഹാമിന്റെ പൗത്രനായ യാക്കോബാണ്. ഭയചികിതനായി പ്രാണരക്ഷാർത്ഥം സ്വന്ത ഭവനത്തിൽ നിന്ന് ഓടിപ്പോവുകയായിരുന്നു യാക്കോബ്. സഹോദരനായ ഏശാവ് തന്നെ കൊല്ലു

മെന്ന് ഭയന്ന് പിതൃഭവനം വിട്ട് ഹാരാനിൽ അമ്മാവനായ ലാബാന്റെ ഭവനത്തിലേക്ക് ഏകനായി ഓടിപ്പോവുകയായിരുന്നു യാക്കോബ്. യാക്കോബിന്റെ ഭയപ്പാടിന് കാരണമെന്തായിരുന്നു? അവനിൽ പാപമുണ്ടായിരുന്നു. പാപം വന്നാൽ ഭീരുത്വവും ഭയവും സ്വാഭാവിക്കമായും വിട്ടുമാറുകയില്ല. പാപം മനുഷ്യന്റെ ഉപബോധമനസ്സിനെപ്പോലും വേട്ടയാടിക്കൊണ്ടിരിക്കും.

സ്വന്തം പിതാവിന്റെ മുമ്പിൽ നുണ പറഞ്ഞു യാക്കോബ്. യിസ്ഹാക്ക് വൃദ്ധനായി അവന്റെ കണ്ണുകാണാൻ വഹിയാതവണ്ണം മങ്ങിപ്പോയിരുന്നു. സ്വന്തം അപ്പന്റെ മുമ്പിൽ യാക്കോബ് കളവു പറഞ്ഞ് അപ്പനെ കബളിപ്പിച്ചു. അവൻ
പറഞ്ഞു: 10

> "ഞാൻ നിന്റെ ആദ്യജാതൻ ഏശാവ്; എന്നോട് കൽപിച്ചത് ഞാൻ ചെയ്തിരിക്കുന്നു."
>
> ഉൽപത്തി 27 : 19

"മകനെ, അടുത്തുവരിക; നീ എന്റെ മകനായ ഏശാവു തന്നെയോ അല്ലയോ എന്നു ഞാൻ തപ്പി നോക്കട്ടെ." 27:21

യിസ്ഹാക്ക് തപ്പിനോക്കി. കോലാട്ടിൻ കുട്ടിയുടെ രോമം കൊണ്ട് കഴുത്തും കൈകളും പൊതിഞ്ഞിരുന്നതുകൊണ്ട് കണ്ണു മങ്ങിയവനായ യിസ്ഹാക്ക് തപ്പിനോക്കിയപ്പോൾ അവന് യാക്കോബിനെ തിരിച്ചറിയാൻ കഴിഞ്ഞില്ല. എങ്കിലും യിസ്ഹാക്ക് പറയുന്നുണ്ട്:

> "ശബ്ദം യാക്കോബിന്റെ ശബ്ദം; കൈകൾ ഏശാവിന്റെ കൈകൾ തന്നെ."
>
> ഉൽപ്പത്തി. 27 : 22

കാഴ്ച മങ്ങിയവനായ അപ്പനെ യാക്കോബ് കബളിപ്പിച്ചു.

അപ്പന്റെ അനുഗ്രഹം ലഭിച്ചു. പക്ഷേ ഭയവും ഭീരുത്വവും അവനെ ഗ്രസിച്ചു. അവൻ ജീവൻ രക്ഷിക്കാനായി ദൂരദേശത്തേക്ക് ഓടിപ്പോയി. പക്ഷേ ആ ഭീരുത്വം അവനെ വർഷങ്ങൾ വർഷങ്ങൾ പിൻപറ്റിക്കൊണ്ടിരുന്നു.

ഇരുപതിലേറെ വർഷങ്ങൾക്കുശേഷം യാക്കോബ് ഭാര്യമാരോടും മക്കളോടും ദാസീദാസന്മാരോടും ആടുമാടുകളോടും കൂടി മടങ്ങിവരുമ്പോൾ ഏശാവിനെ ഭയന്നാണ് വരുന്നത്. അവൻ ഏശാവിന്റെ അടുക്കൽ ദൂതന്മാരെ അയച്ചു.

> "എന്റെ യജമാനനായ ഏശാവിനോട് ഇങ്ങനെ പറവിൻ; നിന്റെ അടിയൻ യാക്കോബ് ഇപ്രകാരം പറയുന്നു:... "നിനക്ക് എന്നോട് കൃപ തോന്നേണ്ടതിന്നാകുന്നു യജമാനനെ അറിയിപ്പാൻ ആളയയ്ക്കുന്നത്."
>
> ഉൽപത്തി 32 : 4 – 5

> "ഏശാവ് നാനൂറു ആളുമായി യാക്കോബിനെ എതിരേൽപ്പാൻ വരുന്നു എന്നു കേട്ടപ്പോൾ യാക്കോബ് ഭയപരവശനായി. തന്നോടുകൂടെയുണ്ടിയിരുന്ന ജനത്തെയും ആടുകളെയും കന്നുകാലികളെയും ഒട്ടകങ്ങളെയും രണ്ടു കൂട്ടമായി വിഭാഗിച്ചു. ഏശാവ് ഒരു കൂട്ടത്തിന്റെ നേരെ വന്നു അതിനെ നശിപ്പിച്ചാൽ മറ്റേ കൂട്ടത്തിന് ഓടിപ്പോകാമല്ലൊ എന്ന് പറഞ്ഞു."
>
> ഉൽപത്തി 32 : 6 – 8

ഏശാവിനെ അനുനയിപ്പിക്കാൻ യാക്കോബ് ഏശാവിന് സമ്മാനങ്ങൾ കൊടുത്തയച്ചു.

> "ഏശാവിന് സമ്മാനമായി ഇരുന്നൂറ് കോലാടി

നെയും ഇരുപത് കോലാട്ടുകൊറ്റനെയും ഇരുന്നൂറ് ചെമ്മരിയാടിനെയും ഇരുപത് ചെമ്മരിയാട്ടകൊറ്റനെയും കറവുള്ള മുപ്പതു ഒട്ടകത്തെയും അവയുടെ കുട്ടികളെയും നാൽപതു പഴുവിനെയും പത്തു കാളയെയും ഇരുപത് പെൺകഴുതയെയും പത്തു കഴുതക്കുട്ടിയെയും വേർതിരിച്ചു."

ഉൽപത്തി 32 : 14 – 15

യാക്കോബിന്റെ ഭയത്തിന്റെയും ഭീരുത്വത്തിന്റെയും കാരണം യാക്കോബിന് ഒരിക്കൽ സംഭവിച്ച പാപമായിരുന്നു.

ആദാം ഏദൻ തോട്ടത്തിൽ ഒളിച്ചു. യഹോവയായ ദൈവത്തെ അഭിമുഖീകരിക്കാൻ പ്രാഗത്ഭ്യമില്ലാതെ ആദാം ഒളിച്ചു.

ദൈവം മനുഷ്യനെ വിളിച്ചു. "നീ എവിടെ?" "ഞാൻ ഭയപ്പെട്ടു ഒളിച്ചു." എന്നാണ് മനുഷ്യന്റെ മറുപടി. ആദാം ദൈവവചനം അനുസരിച്ചില്ല. വിലക്കപ്പെട്ട കനി തിന്നു.

എന്തെല്ലാമായിരുന്നു ആദാമിന്റെ പാപങ്ങൾ?

ഒന്ന്, ദൈവവചനം അനുസരിച്ചില്ല. തിന്നരുതെന്നു ദൈവം കൽപിച്ച വചനം അനുസരിച്ചില്ല.

രണ്ടാമതായി, വചനത്തെ അവിശ്വസിച്ചു. ദൈവവചനത്തെ വിശ്വസിച്ചിരുന്നെങ്കിൽ അനുസരിക്കുമായിരുന്നു.

മൂന്ന്, സ്വന്തം പാപത്തിന്റെ കാരണം മറ്റൊരാളിൽ ആരോപിച്ചു. ന്യായീകരണം. സ്ത്രീ തന്നു, ഞാൻ തിന്നു. സ്ത്രീ കാരണം എനിക്കി പാപം വന്നു എന്ന സ്വയന്യായീകരണം.

നാലാമതായി, മറ്റൊരാളെ വിധിക്കുന്നു. "സ്ത്രീ തന്നു" –

മറ്റൊരാളിൽ പാപം ആരോപിക്കുന്നു.

അഞ്ചാമതായി, "എന്നോടുകൂടെ ഇരിപ്പാൻ നീ തന്ന സ്ത്രീതന്നു. ഞാൻ തിന്നു."

എന്നോടുകൂടെയിരിപ്പാനാണല്ലോ നീ സ്ത്രീയെ തന്നത്. സ്ത്രീ തിന്നു. ഞാനും തിന്നില്ലെങ്കിൽ ഞങ്ങൾ ഒരുമിച്ച് വസിപ്പാൻ സാധിക്കുകയില്ലല്ലോ. അതുകൊണ്ടു നിന്റെ വചനം നിറവേറ്റുവാൻ ഞാൻ തിന്നേണ്ടത് ആവശ്യമായിരുന്നു. ഫലത്തിൽ ദൈവത്തെ തന്നെ പഴിചാരുകയാണ്.

ഇപ്രകാരം അനേകം പാപങ്ങൾക്ക് ആദാം അധീനനായിപ്പോയി, തന്മൂലം ഭയം ബാധിച്ചു.

പ്രിയസ്നേഹിതാ, നിന്നെ ഭയവും ഭീരുത്വവും വിട്ടുപോകാതെ പിന്തുടർന്നതിനു കാരണം നിന്റെ പാപമാണെന്ന് നീ തിരച്ചറിയുന്നുണ്ടോ? നിന്റെ പാപം ഭയമായി നിന്നെ വേട്ടയാടുകയാണ്. പാപം ക്ഷമിക്കപ്പെടുന്നതുവരെയും ഭീരുത്വവും ഭയവും നിന്നെ വേട്ടയാടിക്കൊണ്ടിരിക്കും.

യാക്കോബിന്റെ ഭയം മാറി. "നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല" എന്ന് ദൈവത്തോട് യാക്കോബ് നിർബ്ബന്ധമായി യാചിച്ചു. ഏശാവ് ആക്രമിച്ചാൽ ഓടി രക്ഷപ്പെടുവാൻ പോലും സാദ്ധ്യമല്ലെന്ന് യാക്കോബ് ഗ്രഹിച്ചു. തുടയുടെ തടം ഉളുക്കിപ്പോയി. എല്ലാവഴിയും വാതിലും അടഞ്ഞു. ദൈവം കരുണചെയ്താൽ മാത്രമേ ഇനി ജീവിതമുള്ളു എന്ന് യാക്കോബിന് മനസ്സിലായി. "നീ എന്നെ അനുഗ്രഹിച്ചല്ലാതെ ഞാൻ നിന്നെ വിടുകയില്ല." എന്ന് യാക്കോബ് ദൈവത്തെ വിടാതെ യാചിച്ചു.

അപ്പോഴാണ് ദൈവം ചോദിക്കുന്നത്: "നിന്റെ പേരെന്ത്?" വർഷങ്ങൾക്കു മുമ്പ് അപ്പന്റെ മുമ്പിൽ നിന്ന് "ഞാൻ നിന്റെ

ആദ്യജാതൻ ഏശാവ്" എന്നു പറഞ്ഞ അതേ നാവുകൊണ്ട് തിരുത്തിപ്പറഞ്ഞു: "ഞാൻ യാക്കോബ്." ദൈവത്തിനറിയാൻ പാടില്ലേ യാക്കോബിന്റെ പേര്? പക്ഷേ യാക്കോബ് കുറ്റ ബോധത്തോടെ, അനുതാപത്തോടെ തിരുത്തിപ്പറയണം. സ്വന്ത നാവുകൊണ്ട് തിരുത്തിപ്പറയണം. അനുഗ്രഹം വേണമെങ്കിൽ ഭയം മാറണമെങ്കിൽ, എങ്കിൽ അനുതപിച്ച് ഏറ്റു പറഞ്ഞ് പാപബന്ധനം അഴിഞ്ഞേ പറ്റുകയുള്ളു.

പാപബന്ധനം അഴിഞ്ഞു. ദൈവാനുഗ്രഹം ലഭിച്ചു. ധീര നായി; ഭയം മാറി; ഭീരുത്വം മാറി. സ്വന്തം സഹോദരനെ "യജമാനൻ" എന്നു വിളിച്ച് തന്നെത്തന്നെ "യജമാനന്റെ അടിയാൻ" എന്നു പറഞ്ഞ യാക്കോബ് മിസ്രയീമിന്റെ അധി
പതിയായ ഫറവോനെ അനുഗ്രഹിക്കുന്നു! എന്തൊരത്ഭുതം! 12

"യാക്കോബ് ഫറവോനെ അനുഗ്രഹിച്ചു." 47:8

പ്രിയ സഹോദരാ, മാന്യസഹോദരീ, നിന്റെ ഭീരുത്വമെല്ലാം മാറും; ഭയവും മാറും. പാപമോചനം നേടൂ. അനുതാപത്തോടെ ക്രൂശിതനായ ക്രിസ്തുവിന്റെ പാദത്തിൽ അണയൂ. മുട്ടി ന്മേൽ ഇഴഞ്ഞുവന്ന് ആ തൃപ്പാദം കെട്ടിപ്പിടിക്കൂ. പാപങ്ങൾ ഏറ്റുപറയൂ. മേലിൽ പാപം വരികയില്ലെന്ന് പ്രതിഷ്ഠിക്കൂ. പുതിയ സമർപ്പണങ്ങളും തീരുമാനങ്ങളും എടുക്കൂ. ശക്തി യുടെ ആത്മാവിനെ പ്രാപിക്കൂ. ദൈവം നിങ്ങളെ അനുഗ്ര ഹിക്കട്ടെ.

## രണ്ട്

"ഭീരിത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്ക് തന്നത്."

2 തിമൊ. 1 : 7

ഭീരുത്വത്തിന്റെ ആത്മാവിന്റെ പിടിയിൽ നിന്ന് മോചനം പ്രാപിച്ച് ശക്തിയുടെയും ധൈര്യത്തിന്റെയും ആത്മാവിനെ പ്രാപിച്ച ഭാഗ്യശാലിയാണ് യാക്കോബ്. ഭീരുവായ യാക്കോബ് ധീരനായ യിസ്രായേലായി മാറി. മരണഭീതിയോടെ പിതൃഭവനം വിട്ടോടിയ യാക്കോബ് വിജയശ്രീലാളിതനായി മനുക്കരുത്താർജ്ജിച്ച് യിസ്രായേലായിത്തീർന്നു.

മോശയുടെ ജീവിതത്തിലും ഇതുതന്നെ കാണാം. ഈജിപ്ഷ്യൻ കൊട്ടാരത്തിലാണ് വളർന്നതെങ്കിലും മോശ ഒരു ഭീരുവായിരുന്നു. പ്രാചീന സംസ്ക്കാരത്തിന്റെ കളിത്തൊട്ടിലായിരുന്ന ഈജിപ്റ്റിലെ ഫറവോ രാജാവിന്റെ കൊട്ടാരത്തിൽ വളരുക എന്നത് ഒരു നിസ്സാരകാര്യമല്ല. ഞാങ്ങണപ്പെട്ടിയിൽ അടച്ചുവെച്ച് നീലനദിയിലെ പെരുവെള്ളത്തിൽ മരണത്തിലേക്ക് തള്ളിവിട്ട ദയനീയസ്ഥിതിയിൽ നിന്ന് നിത്യ

നായ ദൈവം വലിച്ചെടുത്ത്, വളർത്തി ഉയർത്തിയ മോശ ഭീരുത്വത്തിന്റെ പ്രതീകമായിരുന്നു. മിസ്രയീമ്യജ്ഞാനം സമ്പാദിച്ച് വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്ന മോശയുടെ ഭീരുത്വത്തിന്റെ തനിനിറം വെളിപ്പെട്ടത് നാൽപതാമത്തെ വയസ്സിലാണ്.

അടിമവേലയിൽ വലഞ്ഞുകൊണ്ടിരുന്ന സ്വന്തം ആളുകളെ രക്ഷിക്കുക എന്ന നല്ല ഉദ്ദേശത്തോടെയായിരുന്നു മോശ കൊട്ടാരക്കെട്ടുകൾ വിട്ടിറങ്ങിയത്. തന്റെ സഹോദരന്മാരുടെ അടിമവേലനിമിത്തമുള്ള യാതനയും ദുരിതവും കണ്ട് സഹതാപത്തോടെ അവരുടെ ഭാരമുള്ള വേല നോക്കി. തന്റെ സഹോദരന്മാരിൽ ഒരു എബ്രായനെ ഒരു മിസ്രയീമ്യൻ അടിക്കുന്നതു കണ്ടു. മോശ അങ്ങോട്ടും ഇങ്ങോട്ടും നോക്കീട്ട് ആരും ഇല്ലെന്നു കണ്ടപ്പോൾ മിസ്രയീമ്യനെ അടിച്ചുകൊന്നു മണലിൽ മറവുചെയ്തു. (പുറപ്പാട് 2: 11–12) 13

അടുത്ത ദിവസം രണ്ട് എബ്രായ പുരുഷന്മാർ തമ്മിൽ ശണ്ഠയിടുന്നതുകണ്ട്, അന്യായം ചെയ്തവനോട്, നിന്റെ കൂട്ടുകാരനെ അടിക്കുന്നത് എന്ത് എന്ന് മോശ ചോദിച്ചു. അതിന് അവൻ: “നിന്നെ ഞങ്ങൾക്ക് പ്രഭുവും ന്യായാധിപതിയും ആക്കിയവൻ ആര്? മിസ്രയീമ്യനെ കൊന്നതുപോലെ എന്നെയും കൊല്ലുവാൻ ഭാവിക്കുന്നുവോ” എന്നു ചോദിച്ചു. അപ്പോൾ കാര്യം പ്രസിദ്ധമായിപ്പോയല്ലോ എന്ന് മോശ പറഞ്ഞ് പേടിച്ചു. ഫറവോൻ ഈ കാര്യം കേട്ടാറെ മോശയെ കൊല്ലുവാൻ അന്വേഷിച്ചു. മോശ ഫറവോന്റെ സന്നിധിയിൽ നിന്ന് ഓടിപ്പോയി. (പുറ. 2:13–15, അപ്പോ. പ്രവൃ. 7:23 –29)

പ്രാണന്ന് അപായം വരുമോ എന്നു ഭയന്ന് ഓടിപ്പോയി മോശ മിദ്യാനിൽ പാർത്തു. നിന്നെ ഞങ്ങൾക്ക് അധികാരിയും ന്യായകർത്താവും ആക്കിയതാര് എന്ന ചോദ്യത്തിന്റെ

മുമ്പിൽ മോശ ചൂളിപ്പോയി. പേടിച്ചരണ്ട് ദൂരെപ്പോയി താമസിച്ചു. ഭീരുത്വത്തിന്റെ പ്രതീകമായിരുന്നു മോശ.

എന്നാൽ മോശയെ ധൈര്യശാലിയാക്കുവാൻ സ്വർഗ്ഗീയ നാഥൻ തീരുമാനിച്ചു. നൈൽനദിയിലെ അലമാലകളിൽ നിന്ന് മോശയെ വലിച്ചെടുത്ത് ജീവിക്കാനായുസ്സുകൊടുത്ത ദൈവം മോശയെ തന്റെ കൈകളിൽ ഇണങ്ങുന്ന ഒരു പാത്രമാക്കാൻ അദ്ധ്വാനിച്ചു. അങ്ങനെ എൺപതാമത്തെ വയസ്സിൽ വീണ്ടും ദൈവം മോശയ്ക്ക് പ്രത്യക്ഷനായി. സീനായി മലയുടെ ചെരിവിൽ മോശ ആടുകളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ കത്തുന്ന മുൾപ്പടർപ്പിൽ ദൈവം മോശയെ സന്ദർശിച്ചു. മോശയെ വിളിച്ചു:

അമ്മായപ്പന്റെ ആടുകളെ നോക്കിക്കൊണ്ട് സീനായി മലയിലെ പുൽപ്പരപ്പിലും കാടുകളിലും കൂടെ നടക്കുമ്പോൾ മോശ ഇടയ്ക്കിടയ്ക്ക് നെടുവീർപ്പിട്ടുകൊണ്ട് മുകളിലേയ്ക്ക് നോക്കും. വിതുമ്പിക്കൊണ്ട് കർത്താവിനോട് ചോദിക്കും: ദൈവമേ, നീ ഇതിനോ എന്നെ പെരുവെള്ളത്തിൽ നിന്ന് വലിച്ചെടുത്തത്? അമ്മായപ്പന്റെ ഒരു ആടുനോട്ടക്കാരനായി ജീവിതം തീർക്കാനോ നീ എന്നെ വിളിച്ചത്?

മ്ലാനവേദനനായി, ജീവിതം എന്തിന് എന്നോർത്ത് ദുഃഖിതനായി നടന്ന മോശയെ ദൈവം സന്ദർശിച്ചു. ഭീരുവും പേടിത്തൊണ്ടനുമായ മോശെയെ ദൈവം പേർച്ചൊല്ലി വിളിച്ചു."മോശേ," "മോശെ" എന്ന വിളികേട്ട് മോശ മുൾപ്പടർപ്പിനോടടുത്തുചെന്നപ്പോൾ കേൾക്കാം ദൈവശബ്ദം!

> "മിസ്രയീമിലുള്ള എന്റെ ജനത്തിന്റെ കഷ്ടത ഞാൻ കണ്ടു കണ്ടു; ഊഴിയ വിചാരകന്മാർ നിമിത്തമുള്ള അവരുടെ നിലവിളിയും കേട്ടു;

ഞാൻ അവരുടെ സങ്കടങ്ങൾ അറിയുന്നു. അവരെ മിസ്രയീമ്യരുടെ കയ്യിൽ നിന്നു വിടുവിപ്പാനും ആ ദേശത്തു നിന്ന് നല്ലതും വിശാലവുമായ ദേശത്തേക്ക്, പാലും തേനും ഒഴുകുന്ന ദേശത്തേക്ക്... അവരെ കൊണ്ടുപോകുവാനും ഞാൻ ഇറങ്ങിവന്നിരിക്കുന്നു. ആകയാൽ വരിക; നീ എന്റെ ജനമായ യിസ്രായേൽമക്കളെ മിസ്രയീമിൽ നിന്ന് പുറപ്പെടുവിക്കേണ്ടതിന്നു ഞാൻ നിന്നെ ഫറവോന്റെ അടുക്കൽ അയക്കും.”

പുറ. 3: 7 – 10

അപ്പോഴാണ് മോശയുടെ ഭീരുത്വം എളിമയുടെ ഛായയിൽ
വെളിവാകുന്നത്. 14

“ഫറവോന്റെ അടുക്കൽ പോകുവാനും യിസ്രായേൽ മക്കളെ മിസ്രയീമിൽ നിന്ന് പുറപ്പെടുവാനും ഞാൻ എന്തുമാത്രമുള്ളു.”

പുറ. 3 : 11

ഇവിടെ മോശ പിറകോട്ടു വലിയുകയാണ്. “ഞാൻ എന്തു മാത്രമുള്ളു.” എന്ന ചോദ്യത്തിൽ “എനിക്കതിന് കഴിവില്ല” എന്നത്രേ മോശ പറയുന്നത്.

ഒന്ന്, “I have no ability." എനിക്കതിന് കഴിവില്ല”

രണ്ടാമതായി, മോശയുടെ ഭീരുത്വമാണ് വെളിവാക്കുന്നത്. “I have no message." എന്ന ചിന്താഗതിയാണ്. മോശ ദൈവത്തോട് ചോദിക്കുകയാണ്.

“അവന്റെ നാമം എന്തെന്നു അവർ എന്നോടു ചോദിച്ചാൽ ഞാൻ അവരോടു എന്തു പറയേണം?”

പുറ. 3 : 13

"I have no message" എനിക്കു ഒരു സന്ദേശവുമില്ല എന്നാണ് മോശയുടെ ഉള്ളിരിപ്പ്.

മൂന്നാമതായി. മോശയിൽ കാണുന്നത് "I have no power, I have no authority" എന്ന ചിന്തയാണ്. മോശ പറയുകയാണ്:

> "അവർ എന്നെ വിശ്വസിക്കാതെയും എന്റെ വാക്കു കേൾക്കാതെയും: യഹോവ നിനക്കു പ്രത്യക്ഷനായിട്ടില്ല എന്നു പറയും എന്നുത്തരം പറഞ്ഞു."

എനിക്ക് ശക്തിയില്ല; എനിക്ക് അധികാരമില്ല എന്ന ചിന്താ ഗതിയാണ് ഇവിടെ മോശയിൽ കാണുന്നത്.

നാലാമതായി, "I have no courage." എനിക്ക് ധൈര്യമില്ല എന്ന ഭാവം.

"മോശയുടെ കൈയിലെ വടി നിലത്തിട്ടു. അത് ഒരു സർപ്പമായിത്തീർന്നു. മോശ അതിനെ കണ്ട് ഓടിപ്പോയി."

എനിക്ക് ധൈര്യമില്ല; എനിക്ക് പേടിയാകുന്നു എന്ന ധാരണയാണ് ഇവിടെ കാണുന്നത്.

അഞ്ചാമതായി, മോശയുടെ ഭീരുത്വം വെളിവാക്കുന്ന ഭാവമാണ് "I have no efficiency" എനിക്ക് സാമർത്ഥ്യില്ല എന്നത്.

> "കർത്താവേ, മുമ്പെ തന്നെയും നീ അടിയനോടു സംസാരിച്ചശേഷവും ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല; ഞാൻ വിക്കനും തടിച്ച നാവുള്ളവനുമാകുന്നു.
>
> പുറ. 4 : 10

ഈ അഞ്ചുപ്രാവിശ്യവും മോശ പിറകോട്ട് മാറിയിട്ടും ദൈവം പിന്നെയും വാദിച്ചുകൊണ്ടു നിൽക്കുകയാണ്.

ദൈവം മോശയോടു ചേദിച്ചു.

> “മനുഷ്യന്നു വായ് കൊടുത്തത് ആർ? അല്ല, ഊമനെയും ചെകിടനെയും കാഴ്ചയുള്ളവനെയും കുരുടനെയും ഉണ്ടാക്കിയത് ആർ? യഹോവ യായ ഞാൻ അല്ലയോ? ആകയാൽ നീ ചെല്ലു ക...........ഞാൻ നിന്റെ വായോടുകൂടെ ഇരുന്നു നീ സംസാരിക്കേണ്ടത് നിനക്ക് ഉപദേശിച്ചു തരും.”
>
> 4 : 11 – 12

അപ്പോഴത്തെ മോശയുടെ വാക്ക് "I have no interest" 15
എന്നതാണ്. എനിക്ക് താൽപര്യമില്ല എന്ന മനേഭാവം.

ഈ ഒഴിവുകൾ ആറും മോശയുടെ ഭീരുത്വത്തിന്റെ നിദർശ നങ്ങളത്രേ. എന്നാൽ മോശയെ ദൈവം വിട്ടില്ല. അറുന്നൂറാ യിരങ്ങളെ ഫറവോന്റെ അടിമത്തത്തിൽ നിന്ന് വിടുവിക്കു വാൻ മോശയെത്തന്നെ ദൈവം ഉപയേഗിക്കുകയാണ്. മോശയെ ധൈര്യം ധരിപ്പിക്കുകയാണ്. മോശയെ ദൈവം ബലശാലിയാക്കുകയാണ്. ഭീരുത്വത്തിന്റെ ആത്മാവിനെ മാറ്റി ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തി ന്റെയും ആത്മാവിനെ പകരുകയാണ്.

പ്രാണരക്ഷാർത്ഥം ഫറവോന്റെ മുമ്പിൽ നിന്ന് ഒരിക്കൽ ഓടിപ്പോയ മോശ വർഷങ്ങൾക്കുശേഷം തിരികെ വന്ന് ഫറ വോന്റെ മുമ്പിൽ നിന്നു പറയുകയാണ്:

> “എന്നെ ആരാധിപ്പാൻ എന്റെ ജനത്തെ വിട്ട യക്കേണം എന്നിപ്രകാരം യിസ്രായേലിന്റെ ദൈവ

മായ യഹോവ കൽപിക്കുന്നു."

പുറ. 5:1, 8:1, 8:20, 9:1, 9:13

ഭീരുവായിരുന്ന മോശയെക്കുറിച്ചുള്ള പൊതുജനത്തിന്റെ അഭിപ്രായം നോക്കൂ.

"വിശേഷാൽ മോശെ എന്ന പുരുഷനെ മിസ്രയീംഗദേശത്തു ഫറവോന്റെ ഭൃത്യന്മാരും പ്രജകളും മഹാശ്രേഷ്ഠനായി വിചാരിച്ചു."

പുറ. 11 : 3

മുമ്പിൽ ചെങ്കടൽ, പിമ്പിൽ വമ്പട. ജനം പതറി നിന്നപ്പോൾ മോശ പറഞ്ഞ വാക്കുകൾ ജനത്തെ ധൈര്യപ്പെടുത്തുന്നവയായിരുന്നു.

"ഭയപ്പെടേണ്ടാ; ഉറച്ചുനിൽപ്പിൻ; യഹോവ ഇന്നു നിങ്ങൾക്കു ചെയ്‌വാനിരിക്കുന്ന രക്ഷ കണ്ടുകൊൾവിൻ; നിങ്ങൾ ഇന്നു കണ്ടിട്ടുള്ള മിസ്രയീമ്യരെ ഇനി ഒരു നാളും കാണുകയില്ല, യഹോവ നിങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യും; നിങ്ങൾ മിണ്ടാതിരപ്പിൻ എന്നു പറഞ്ഞു."

പുറ. 14 : 13 – 14

മോശയുടെ ഭീരുത്വം മാറാൻ കാരണമെന്ത്? എല്ലാ അനുഗ്രഹങ്ങൾക്കും ദൈവത്തിന് മഹത്ത്വം കൊടുത്തു. ജനത്തെ പുറപ്പെടുവിച്ചതും ജനത്തെ നടത്തുന്നതിനും ജനത്തെ എത്തേണ്ടിടത്ത് എത്തിക്കുന്നതും എല്ലാം ദൈവമാണെന്ന് മോശ നല്ലവണ്ണം അറിഞ്ഞിരിക്കുന്നു. മോശയുടെ കഴിവില്ലായ്മയെയും നിസ്സാരതയെയും കുറിച്ച് മോശയ്ക്ക് നല്ല ബോദ്ധ്യം ഉണ്ടായിരുന്നു. അതുകൊണ്ട് സർവ്വമഹത്ത്വവും ദൈവത്തിനർപ്പിച്ചുകൊണ്ട് മോശ എളിമയോടെ നിന്നു.

ചെങ്കടൽ പിളർന്ന് ജനം അക്കരെ കടക്കുകയും പെരു വെള്ളത്തിൽ ശത്രുസൈന്യം മുങ്ങിനശിക്കുകയും ചെയ്തപ്പോൾ മോശ പാടിയ ഗീതത്തിൽ ഇക്കാര്യം വ്യക്തമായി കാണാം.

> "ഞാൻ യാഹോവെക്കു പാട്ടുപാടാം, അവൻ മഹോന്നതൻ: കുതിരയെയും അതിന്മേൽ ഇരുന്നവനെയും അവൻ കടലിൽ തള്ളിയിട്ടിരിക്കുന്നു. എന്റെ ബലവും എന്റെ ഗീതവും യഹോവയത്രേ; അവൻ എനിക്ക് രക്ഷയായിത്തീർന്നു. അവൻ എന്റെ ദൈവം; ഞാൻ അവനെ സ്തുതിക്കും."
>
> പുറ. 15 : 1 – 2

യിസ്രായേൽ ജനത്തിൽ ന്നേതൃസ്ഥാനത്ത് നിന്നിരുന്ന കോര 16
ഹ്, ദാഥാൻ, അബീറാം എന്നിവർ മത്സരിച്ചപ്പോൾ മോശ പറയുകയാണ് :

> "ഈ സകലപ്രവൃത്തികളും ചെയ്യേണ്ടതിന്നു യഹോവ എന്നെ അയച്ചു; ഞാൻ സ്വമേധയായി ഒന്നും ചെയ്തിട്ടില്ല എന്ന് നിങ്ങൾ ഇതാനാൽ അറിയും."
>
> സംഖ്യാ. 16 : 28

മോശയെക്കുറിച്ച് ആവർത്തനപ്പുസ്തകം അവസാന അദ്ധ്യായത്തിൽ പരിശുദ്ധാത്മാവ് നൽകുന്ന സാക്ഷ്യം മോശെയുടെ ജീവിതവിജയത്തിന്റെ ഉത്തമ ദൃഷ്ടാന്തമാണ് :

> "എന്നാൽ മിസ്രയീം ദേശത്തു ഫറവോനോടും അവന്റെ സകല ഭൃത്യന്മാരോടും അവന്റെ സർവ്വ ദേശത്തോടും ചെയ്‌വാൻ യഹോവ മോശയെ നിയോഗിച്ചയച്ച സകല അത്ഭുതങ്ങളും ഭുജവീ

> ഭൃത്യവും എല്ലാ യിസ്രായേലും കാൺകെ മോശെ പ്രവർത്തിച്ച ഭയങ്കര കാര്യമൊക്കെയും വിചാരിച്ചാൽ യഹോവ അഭിമുഖമായി അറിഞ്ഞ മോശെയെപ്പോലെ ഒരു പ്രവാചകൻ യിസ്രയേലിൽ പിന്നെ ഉണ്ടായിട്ടില്ല."
>
> ആവ. 34 : 10 – 12

വടി സർപ്പമായിത്തീർന്നതുകണ്ട് പാമ്പിനെ പേടിച്ചോടിയവൻ, അനേകായിരം പേരെ അപകടത്തിൽപെടുത്താൻ കടിച്ചുകൊണ്ടു യിസ്രായേൽ പാളയങ്ങളിലൂടെ ഓടിനടന്ന അഗ്നി സർപ്പങ്ങളെ ഭയപ്പെടാതെ, രക്ഷപ്പെടാൻ ദൈവം നിർദ്ദേശിച്ച വചനം അനുസരിച്ച് പിച്ചളസർപ്പത്തെ നാട്ടി ജനത്തെ മുഴുവൻ അപകട ഭീഷണിയിൽ നിന്നു വിടുവിച്ചു. ഭീരുത്വത്തിന്റെ ആത്മാവിനെ ദൈവം മാറ്റി ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ നൽകി.

കനാൻ ഒറ്റുനോക്കാൻ പന്ത്രണ്ടു യിസ്രായേൽ പ്രഭുക്കളെ മോശെ അയച്ചു. അവർ നാൽപതു ദിവസം കൊണ്ട് ദേശം ഒറ്റുനോക്കികഴിഞ്ഞു മടങ്ങി വന്നു. അവരിൽ പത്തുപേർ വന്നു പറഞ്ഞു:

> "ആ ജനത്തിന്റെ നേരെ ചെല്ലുവാൻ നമുക്കു കഴികയില്ല. അവർ നമ്മിലും ബലവാന്മാർ ആകുന്നു..... ഞങ്ങൾ സഞ്ചരിച്ചു ഒറ്റുനോക്കിയ ദേശം നിവാസികളെ തിന്നു കളയുന്ന ദേശം ആകുന്നു. ഞങ്ങൾ അവിടെ കണ്ട ജനം ഒക്കെയും അതികായന്മാർ; അവിടെ ഞങ്ങൾ മല്ലന്മാരുടെ സന്തതികളായ അനാക്യമല്ലന്മാരെയും കണ്ടു. ഞങ്ങൾക്കു തന്നേ ഞങ്ങൾ വെട്ടുക്കിളി

കളെപ്പോലെ തേന്നി."

സംഖ്യാ. 13 : 31 – 33

അവർ പത്തുപേരും ഭീരുക്കളായിരുന്നു. അവർ പറഞ്ഞ ഭീതിയുടെയും പരിഭ്രാന്തിയുടെയയും വാക്കുകൾ നിമിത്തം ജനമെല്ലാം നിരാശയിലും ആധിയിലുമായി. അവർ പറഞ്ഞു:

"വാളാൽ വീഴേണ്ടതിന്നു യഹോവ ഞങ്ങളെ ആ ദേശത്തിലേക്ക് കൊണ്ടുപോകുന്നതു എന്തിന്? ഞങ്ങളുടെ ഭാര്യമാരും മക്കളും കൊള്ളയായ്പോകുമല്ലോ; മിസ്രയീമിലേക്കു മടങ്ങിപ്പോകയല്ലയോ ഞങ്ങൾക്കു നല്ലത്............. നാം ഒരു തലവനെ നിശ്ച യിച്ചു മിസ്രയീമിലേക്കു മടങ്ങിപ്പോവുക."

17

സംഖ്യാ. 14 : 3 – 4

ജനമെല്ലാം കലക്കത്തിലായി. ഭീരുക്കളായ പത്തുപേർ പറഞ്ഞ വാക്ക് നിമിത്തം സഭയെല്ലാം പേടിച്ചു കരഞ്ഞു. അപ്പോൾ ഒറ്റുനോക്കാൻ പോയവരിൽ ബാക്കിയുണ്ടായിരുന്ന യോശുവയും കാലേബും ധീരതയോടെ പറയുകയാണ്.

"ഞങ്ങൾ സഞ്ചരിച്ചു ഒറ്റുനോക്കിയദേശം എത്രയും നല്ല ദേശം ആകുന്നു. യഹോവ നമ്മിൽ പ്രസാദിക്കുന്നു എങ്കിൽ അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തേക്കു കൊണ്ടു ചെന്നു നമുക്കു അതു തരും. യഹോവയോടു നിങ്ങൾ മത്സരിക്ക മാത്രം അരുത്; ആ ദേശത്തിലെ ജനത്തെ ഭയപ്പെടരുത്; അവർ നമുക്ക് ഇരയാകുന്നു; അവരുടെ ശരണം പൊയ്പ്പോയിരിക്കുന്നു; നമ്മോടുകൂടെ യഹോവ ഉള്ളതുകൊണ്ട്

അവരെ ഭയപ്പെടരുത്.”

സംഖ്യാ. 14: 7–9

തുടർന്ന് ഒരു മഹാബാധയുണ്ടായി. ഭീരുത്വത്തോടെ സംസാരിക്കുകയും ദുർവ്വർത്തമാനം പറഞ്ഞ് ജനത്തെ അങ്കലാപ്പിലാക്കുകയും ചെയ്തവർ ബാധയാൽ മരിച്ചു. യോശുവയും കാലേബും മരിച്ചില്ലെന്നു മാത്രമല്ല, അവർ അനുഗ്രഹീതവാഗ്ദത്തങ്ങളും വാഴ്വുകളും പ്രാപിച്ചു. മിസ്രയീമിൽ നിന്ന് ആറു ലക്ഷം പേർ പുറപ്പെട്ടതിൽ യോശുവയും കാലേബും മാത്രമേ വാഗ്ദത്തദേശത്ത് കാൽകുത്തുകയുള്ളു എന്ന് ദൈവം അരുളിചെയ്തു. സംഖ്യാ. 14 : 27–37 വായിക്കുക.

പ്രിയ സ്നേഹിതാ, മാന്യസഹോദരീ, ഭീരുത്വത്തിന്റെ ആത്മാവിനെ നീ ഉപേക്ഷിക്കുമോ? ക്രിസ്തു നിന്നോടുകൂടി ഇരിക്കുമെങ്കിൽ നീ ഭാഗ്യശാലിയാകും. ക്രിസ്തുകൂടെ ഇരിക്കണമെങ്കിൽ നീ നിന്റെ പാപങ്ങളെയെല്ലാം ഉപേക്ഷിക്കണം. ഇന്നു മുതൽ ഒരു വിശുദ്ധജീവിതം തുടങ്ങണം.

എങ്കിൽ നിന്റെ ഭീരുത്വവും ഭയവുമെല്ലാം ദൂരെ പോകും. ധൈര്യവും ശക്തിയും നിന്റെ കൈമുതലാകും. ദൈവം നിന്നോടു കൂടെ ഇരിക്കും.

## മൂന്ന്

> "ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയു 18
> ടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും
> ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്."
>
> 2 തിമൊഥെയോസ് 1: 7

ഭീരുവായ യാക്കോബിനെ ദൈവം രൂപാന്തരപ്പെടുത്തി. ധീരനും ഭക്തനുമാക്കി മാറ്റി. വിക്കനും കഴിവില്ലാത്തവനുമായ മോശയെ ദൈവം രൂപാന്തരപ്പെടുത്തി ധൈര്യശാലിയും പ്രഗത്ഭനുമാക്കി മാറ്റി.

ന്യായാധിപന്മാരുടെ പുസ്തകത്തിലെ ഗിദയോന്റെ ചരിത്രം കോരിത്തരിപ്പിക്കുന്നതാണ്. മിദ്യാന്യർ യിസ്രായേൽ ജനത്തെ പീഡിപ്പിക്കുന്ന കാലം. മിദ്യാന്യരെ ഭയന്ന് യിസ്രായേൽ മക്കൾ പർവ്വതങ്ങളിലെ ഗുഹകളിൽ ഒളിച്ചുപാർക്കുകയായിരുന്നു. യിസ്രായേൽക്കാരുടെ ആടുമാടുകളെയും കഴുതകളെയും മിദ്യാന്യർ വന്ന് അപഹരിച്ചുകൊണ്ടു പോകുമായിരുന്നു. അവരുടെ ആഹാരസാധനങ്ങൾ അവർ കവർച്ച ചെയ്തുകൊണ്ടുപോകുമായിരുന്നു. യിസ്രയേൽക്കാർ ഗോതമ്പു വിത

യ്ക്കുകയും അതിൽ നല്ല അദ്ധ്വാനം ചെയ്ത് നല്ല വിളവുണ്ടാക്കുകയും ചെയ്തു കഴിയുമ്പോൾ മിദ്യാന്യർ വന്ന് വിളവുകൾ കൊയ്തുകൊണ്ടു പോകുമായിരുന്നു. കൊണ്ടുപോകാൻ പറ്റാത്ത വിളവു അവർ നശിപ്പിക്കുകയും ചെയ്യുമായിരുന്നു.

യിസ്രയേൽക്കാർ ഏറ്റവും വലഞ്ഞു. അവർ സങ്കടപ്പെട്ട് ദൈവത്തോട് നിലവിളിച്ചു. ശരിയല്ലേ? ദുരിതവും യാതനയും വരുമ്പോൾ നാം ദൈവത്തോട് നിലവിളിക്കുകയല്ലാതെ നമുക്കെന്തു സാധിക്കും.? പ്രശ്നങ്ങളെ എതിരിടുവാൻ നമുക്ക് കഴിവില്ലല്ലോ. കരുത്തരായ എതിരാളികൾ അസൂയയും വൈരാഗ്യവും മുഴുത്ത് നമ്മെ ഉപദ്രവിക്കുമ്പോൾ കർത്താവിനോട് പ്രാർത്ഥിക്കാനല്ലാതെ നമുക്കൊന്നും സാദ്ധ്യമല്ലല്ലൊ.

എപ്പോഴും ചീത്ത വിളിക്കുന്ന അയൽക്കാർ; എന്നും ഇല്ലാത്തതുപറഞ്ഞു, അപവാദം പരത്തി, തേജോവധം ചെയ്യുന്ന അസൂയാലുക്കൾ; കൂടെ നടന്ന് സ്നേഹം ഭാവിക്കുകയും തരം കിട്ടുമ്പോൾ കുതികാൽ ചവിട്ടുകയും പിന്നിൽ നിന്നു കുത്തുകയും ചെയ്യുന്ന ചാർച്ചക്കാർ; ഇങ്ങനെ എത്രയെത്ര പ്രതിസന്ധികളെയാണ് നാമോരോ ദിവസവും നേരിടുന്നത്! അപ്പോഴെല്ലാം കർത്താവിന്റെ ഭാവത്തോടെ നിന്നുകൊണ്ടു കർത്താവിനോട് കരുണയ്ക്കായി യാചിക്കാനല്ലേ നമുക്കു കഴിയൂ.

ഒരു കാര്യം തീർച്ചയാണ്. പ്രാർത്ഥന കേൾക്കുന്ന ദൈവം ജീവിക്കുന്നുണ്ട്. കണ്ണുനീര് കാണുന്ന ദൈവം പ്രവൃത്തിക്കുന്നുണ്ട്. ഏങ്ങലടികൾ ശ്രദ്ധയോടെ കേൾക്കുന്ന ദൈവം ജീവിക്കുന്നുണ്ട്. പ്രിയദൈവപൈതലേ, നിന്റെ വിങ്ങലുകളും വിതുമ്പലുകളും കാതോർത്തുനിൽക്കുന്ന ഒരു സ്നേഹനിധിയായ കാർത്താവ് എല്ലാം കാണുന്നുണ്ട്; കേൾക്കുന്നുണ്ട്.

പരിഹാരമൊരുക്കുന്നുണ്ട്; നീക്കുപോക്കുകളും പോക്കുവഴി കളും ക്രമീകരിക്കുന്നുണ്ട്.

അങ്ങനെയാണ് ദൈവം ഗിദയോനെ സന്ദർശിച്ചത്. ഗിദ യോൻ അപ്പോൾ ഗോതമ്പ് മിദ്യാന്യരുടെ കൈയിൽ അകപ്പെ ടാതിരിപ്പാൻ മുന്തിരിച്ചക്കിന്നരികെവെച്ച് ഗോതമ്പ് മെതിക്ക യായിരുന്നു.

അത് മുന്തിരിങ്ങാ പറിക്കുന്ന കാലമല്ലായിരുന്നു. അപ്പോൾ മുന്തിരിച്ചക്കിന്നരികെ ആരും ഉണ്ടാകാനിടയില്ലല്ലൊ. മുന്തിരി ച്ചക്കിന്നരികെ വെച്ച് ഗോതമ്പ് മെതിച്ചാൽ സ്വന്തം കളപ്പുര യിൽ ഗോതമ്പ് എത്തിക്കാമല്ലൊ എന്നാണ് ഗിദയോൻ ചിന്തി ച്ചത്.യ അതുകൊണ്ടാണ് ഗോതമ്പ് കളത്തിൽ വെച്ച് മെതി ക്കാതെ ഒളിച്ചുകൊണ്ടുപോയി മെതിച്ചത്. അത്രയ്ക്കു ഭീരുവും ബലഹീനനുമായിരുന്നു ഗിദയോൻ. 19

ദൈവദൂതൻ പ്രത്യക്ഷപ്പെട്ട് ഗിദയോനോടു പറഞ്ഞു:

> “അല്ലയോ പരാക്രമശാലിയേ, യഹോവ നിന്നോടുകൂടെയുണ്ട്.”
>
> ന്യായാ. 6 : 12

ഭീരുവും പേടിത്തൊണ്ടനുമായവനെ ദൈവം വിളിക്കു ന്നത് പരാക്രമശാലിയെന്നാണ്. അതാണ് ദൈവിക തെര ഞ്ഞെടുപ്പിന്റെ പ്രത്യേകത. ദൈവം കാണുന്നത് ഭാവികാല സാദ്ധ്യതകളാണ്. ദൈവം കാണുന്നത് ഭാവികാല പ്രതീക്ഷക ളാണ്. ദൈവം കാണുന്നത് ഭാവികാല വാഗ്ദാനങ്ങളാണ്.– future possibilities, fututre expectations, future promise and future potentialities.

സ്നേഹിതാ, ദൈവം നിന്നെ ഇപ്പോൾ കാണുന്നു എന്ന് നീ വിശ്വസിക്കുന്നുവോ? നിന്റെ ഭീരുത്വം കണ്ട് നിന്നെ വിട്ടു

പോകാതെ നിന്നിലെ ഭാവികാല സാദ്ധ്യതകളെ കണ്ട് കർത്താവ് നിന്റെ അരികത്ത് വന്ന് സൗമ്യനായി നിൽക്കുന്നു എന്നു നീ വിശ്വസിക്കുമോ? അതേ, ദൈവപൈതലേ, അതു സത്യമാണ്.

നിന്റെ ഇന്നത്തെ ഇല്ലായ്മകളും വല്ലായ്മകളും പോരായ്മകളും കണ്ട് നിന്നെ തഴഞ്ഞ് കടന്നുപോകുന്നവനല്ല ക്രിസ്തു. നിന്നെ നാളെ ഉപയോഗിക്കാനുള്ള സാദ്ധ്യതകൾ കണ്ട് നിന്നെ ആശയോടെ വിളിക്കുന്നവനാണ് ദൈവം.

ഒന്ന്, ദൈവം ഗിദയോനെ സന്ദർശിച്ചു. (Divine visit.)

രണ്ട്, ദൈവം ഗിദയോനെ വിളിച്ചു. (Divine call)

മൂന്ന്, ദൈവം ഗിദയോനെ തെരഞ്ഞെടുത്തു. (Divine selection)

> "സഹോദരന്മാരേ, നിങ്ങളുടെ വിളിയെ നോക്കുവിൻ: ലോകാഭിപ്രായപ്രകാരം ജ്ഞാനികൾ ഏറെയില്ല. ബലവാന്മാർ ഏറെയില്ല, കലീന്മാരും ഏറെയില്ല, ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ഭോഷത്വമായതു തിരഞ്ഞെടുത്തു. ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു. ഉള്ളതിനെ ഇല്ലായ്മയാക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും നികൃഷ്ടവുമായതും ഏതിമില്ലാത്തതും തിരഞ്ഞെടുത്തു."
>
> 1 കോരി. 1: 26–28

നാലാമതായി, ദൈവം ഗിദയോനെ നിയോഗിച്ചു – നിയമിച്ചു. (Divine appointment.)

"നിന്റെ ഈ ബലത്തോടെ പോക." ഞാനല്ലയോ നിന്നെ

അയയ്ക്കുന്നത്.?"                                   ന്യായാ. 6: 14

ദൈവം നിന്നെ മഹത്ത്വമുള്ള വേലയ്ക്കായി നിയമിക്കുകയാണ്.

അഞ്ചാമതായി, ദൈവം ഗിദയോന് വാഗ്ദത്തം കൊടുത്തു. (Divine promise.)

> "നീ യിസ്രായേലിനെ മിദ്യാന്യരുടെ കൈയിൽ നിന്ന് രക്ഷിക്കും." 6: 14

ഗിദയോനിൽ കൂടെ നടക്കാൻ പോകുന്ന മഹാകാര്യങ്ങളെക്കുറിച്ചുള്ള വാഗ്ദത്തം ഗിദയോന് നൽകുകയാണ്.

ഇപ്പോഴാണ് ഗിദയോന്റെ ഭീരുത്വം വെളിവാകുന്നത്. ഗിദ 20
യോന്റെ മറുപടി കേൾക്കുമ്പോൾ അത് വിനയല്ലേ എന്നു തോന്നാം. ആ വിനയത്തിന്റെ പിന്നിൽ ഭീരുത്വമാണ് ഒളിഞ്ഞു നിൽക്കുന്നത്.

> "അയ്യോ, കർത്താവേ, ഞാൻ യിസ്രായേലിനെ എങ്ങനെ രക്ഷിക്കും? മനശ്ശെയിൽ എന്റെ കുലം എളിയതും എന്റെ കുടുംബത്തിൽ വെച്ച് ഞാൻ ചെറിയവനും അല്ലോ." 6: 15

നമ്മുടെ കഴിവില്ലായ്മ നാം അറിയണം. നമ്മുടെ ബലഹീനതയെക്കുറിച്ച് ബോധവാന്മാരായിരിക്കണം. നമ്മുടെ നിസ്സാരതയെക്കുറിച്ച് ശരിയായ ബോദ്ധ്യമുണ്ടായിരിക്കണം. പക്ഷേ അത് ഭീരുത്വത്തിന് ഒരു മറയാകരുത്.

ദാവീദ് പാടിയതുപോലെ നമുക്കും പറയാൻ സാധിക്കണം.

> "നീ എന്റെ ദീപത്തെ കത്തിക്കും. എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ

പ്രകാശമാക്കും. നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും. എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടിക്കടക്കും."

"എന്റെ ദൈവത്താൽ ഞാൻ മതിൽ ചാടി കടക്കും; നിന്നാൽ ഞാൻ പടക്കൂട്ടത്തിന്റെ നേരെ പാഞ്ഞുചെല്ലും; എന്റെ ദൈവമായ യഹോവ എന്റെ അന്ധകാരത്തെ പ്രകാശമാക്കും., നീ എന്റെ ദീപത്തെ കത്തിക്കും."

സങ്കീ. 18: 28–29

അപ്പോസ്തലനായ പൗലോസ് പറഞ്ഞത് ഓർമ്മയുണ്ടോ?

"ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കു അറിയാം; തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബിദ്ധിമുട്ട് അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു."

ഫിലി. 4: 11–13

അതേ, ഞാൻ ഭീരുവാണ്. പക്ഷേ എന്നെ ശക്തനാക്കുന്നവനുണ്ട്. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരമാണ് ഞാൻ എന്തെങ്കിലും ചെയ്യുന്നത്.

സ്നേഹിതാ, നിന്റെ കഴിവുകേടുകളും പേറി ശക്തനാക്കുന്നവന്റെ കുരിശിൻ ചുവട്ടിൽ ഒന്നു വരാമോ? ഞാൻ പൂജ്യമാണ് കർത്താവേ! എന്ന് വിളിച്ചുകൊണ്ട് ആ തൃപ്പാദത്തിലൊന്നു വീഴാമോ? മകനേ, അവൻ നിന്നെ ശക്തി ധരിപ്പിക്കും. അവൻ നിന്നെ ബലശാലിയാക്കും. അവൻ നിന്നെ

പാരക്രമശാലിയാക്കും.

അവന്റെ വാഗ്ദത്തം അവൻ ആവർത്തിക്കുന്നു:

"ഞാൻ നിന്നോടുകൂടെ ഇരിക്കും; നീ മിദ്യാന്യരെ ഒരൊറ്റ മനുഷ്യനെപ്പോലെ തോൽപിക്കും."

ന്യായാ. 6 : 16

ദൈവം വാഗാദാനങ്ങൾ മറന്നു കളയുന്നവനല്ല. അബ്രഹാം ഓർത്തു, ദൈവം വാഗ്ദാനം മറന്നുപോയി എന്ന്. എഴുപത്തഞ്ചാമത്തെ വയസ്സിൽ വാഗ്ദാനം ലഭിച്ചതാണ് ഒരു സന്തതിയെ ലഭിക്കും എന്ന്. വയസ്സ് എൺപത്തഞ്ചായി, വാഗാദാനം ദൈവം മറന്നുപോയോ? അബ്രഹാമിന് സംശയം. അപ്പോഴാണ് ഭാര്യയുടെ ബുദ്ധിക്ക് ചെവിചായിച്ചത്. അങ്ങനെ യിശ്മായേൽ ജനിച്ചു-ജഡത്തിന്റെ സന്തതി ജനിച്ചു. 21

അബ്രഹാം തീർച്ചയാക്കി, ദൈവം വാക്ക് മറന്നു. ഇല്ല, ദൈവം വാഗ്ദത്തം മറക്കുകയില്ല. എൺപത്താറാമത്തെ വയസ്സിൽ യിശ്മായേൽ ജനിച്ചതുമുതൽ തൊണ്ണൂറ്റൊൻപതാമത്തെ വയസ്സുവരെ ദൈവസാന്നിദ്ധ്യമില്ല; ദൈവിക പ്രത്യക്ഷതയില്ല.

ദൈവം കാത്തുനിൽക്കുകയാണ്. അബ്രാഹാമിന്റെ ജഡം മരിക്കാൻ. സാറായുടെ ഗർഭപാത്രം നിർജ്ജീവമാക്കാൻ. ഒരു മകൻ പിറക്കും എന്ന ജഡത്തിന്റെ പ്രതീക്ഷികൾ തകരാൻ ദൈവം കാത്തുനിൽക്കുകയാണ്.

തൊണ്ണൂറ്റൊൻപതാമത്തെ വയസ്സിൽ ദൈവം അബ്രഹാമിന്ന് പ്രത്യക്ഷനായി, ദൈവം തന്റെ നിയമം ഓർമ്മിപ്പിക്കുകയാണ്.

"ഞാൻ സർവ്വശക്തിയുള്ള ദൈവം ആകുന്നു; നീ എന്റെ മുമ്പാകെ നടന്ന് നിഷ്ക്കളങ്കനായിരി

ക്ക. എനിക്കും നിനക്കും മദ്ധ്യേ ഞാൻ എന്റെ നിയമം സ്ഥാപിക്കും; നിന്നെ അധികമധികമായി വർദ്ധിപ്പിക്കും........... എനിക്ക് നിന്നോട് ഒരു നിയമമുണ്ട്; നീ ബഹുജാതികൾക്കു പിതാവാകും........... ഞാൻ നിന്നെ അധികമധികമായി വർദ്ധിപ്പിച്ച് അനേകജാതികളാക്കും. നിന്നിൽ നിന്ന് രാജാക്കാന്മാരും ഉത്ഭവിക്കും. ഞാൻ നിനക്കും നിന്റെ ശേഷം നിന്റെ സന്തതിക്കും ദൈവമായിരിക്കേണ്ടതിന്നു ഞാൻ എനിക്കും നിനക്കും നിന്റെ ശേഷം തലമുറതലമുറയായി നിന്റെ സന്തതിക്കും മദ്ധ്യേ എന്റെ നിയമത്തെ നിത്യനിയമമായി സ്ഥാപിക്കും."

ഉൽപത്തി 17: 1–7

സ്നേഹിതാ, ദൈവം തന്ന വാഗ്ദാനങ്ങൾ നിറവേറുവാൻ നീ ക്ഷമയോടെ കാത്തിരിക്കുമോ? നമ്മുടെ ദൈവം വാക്കു മാറാത്തവൻ എന്നു നീ വിശ്വസിക്കുമോ?

ശത്രുഭീതിയിൽ അവശനായിപ്പോയ ഗിദയോൻ ദൈവവചനം ഉൾക്കൊണ്ട് ശക്തിപ്രാപിച്ചു.

ബാലിന്റെ ബലിപീഠം അവൻ ഇടിച്ചുകളഞ്ഞു. അവിടെ ദൈവത്തിന് യാഗപീഠം പണിതു. അശേരപ്രതിഷ്ഠയുടെ വിറകുകൊണ്ട് അപ്പന്റെ രണ്ടാമത്തെ കാളയെ ഹോമയാഗം കഴിച്ചു.

പട്ടണക്കാർ രാവിലെ എഴുന്നേറ്റപ്പോൾ ബാലിന്റെ ബലിപീഠം ഇടിഞ്ഞു കിടക്കുന്നതും അശേരപ്രതിഷ്ഠ വെട്ടിക്കളഞ്ഞതും കണ്ടപ്പോൾ അമർഷം പൂണ്ട് ഗിദയോനോട് പ്രതികാരം ചെയ്‌വാൻ വന്നു. അപ്പോൾ ഗിദയോന്റെ അപ്പനായ യോവാശ് ധൈര്യത്തോടെ പറഞ്ഞു.

"അവൻ (ബാൽ) ഒരു ദൈവം എങ്കിൽ തന്റെ ബലിപീഠം ഒരുത്തൻ ഇടിച്ചുകളഞ്ഞതുകൊണ്ട് താൻ തന്നേ തന്റെ കാര്യം വ്യവഹരിക്കട്ടെ. ഇവൻ അവന്റെ ബലിപീഠം ഇടിച്ചുകളഞ്ഞതിനാൽ ബാൽ ഇവന്റെ നേരെ വ്യവഹരിക്കട്ടെ."

ന്യായാ. 6 : 31–32

ഗിദയോൻ ധീരനായി, ഗിദയോന്റെ അപ്പനും ധീരനായി. ജനവും ധൈര്യം പ്രാപിച്ചു. മുപ്പത്തീരായിരം പേർ മിദ്യാന്യരോടു യുദ്ധം ചെയ്‌വാനായി വന്നപ്പോൾ ദൈവത്തിന്റെ അരുളപ്പാട് ഗിദയോൻ അവരെ അറിയിച്ചു.

"ആർക്കെങ്കിലും ഭയവും ഭീരുത്വവുമുണ്ടെങ്കിൽ 22
അവൻ ഗിലയാദ് പർവ്വതത്തിൽ നിന്ന് മടങ്ങിപ്പൊയ്ക്കൊള്ളട്ടെ."

ന്യായാ. 7: 3

ഇരുപത്തീരായിരം പേർ പിൻതിരിഞ്ഞുപോയി. ബാക്കിയുള്ളവരിലും ഒരു തെരഞ്ഞെടുപ്പ് നടത്തി. അങ്ങനെ മുന്നൂറുപേർ മാത്രം ശേഷിച്ചു. ആ മുന്നൂറുപേരെ കൂട്ടികൊണ്ട് ഗിദയോൻ മിദ്യാന്യസൈന്യം പാളയമിറങ്ങിയിരിക്കുന്നിടത്തേക്ക് സുധീരം കടന്നുചെന്നു.

കുടം ഉടച്ച് പന്തം കത്തിച്ച് "യഹോവയ്ക്കും ഗിദയോനും വേണ്ടിവാൾ" എന്നാർത്തു കൊണ്ട് നീങ്ങിയ ആ മുന്നൂറു പേരുടെ മുമ്പിൽ നിന്ന് മിദ്യാന്യസൈന്യം പാലായനം ചെയ്തു.

ഭീരുവായിരുന്ന ഗിദയോൻ അങ്ങനെ ധീരനായി, യുദ്ധത്തിൽ വിജയിച്ചു; യിസ്രായേൽ ജനത്തെ അവരുടെ കഷ്ടതയിൽ നിന്നു വിടുവിച്ചു.

മാന്യദൈവപൈതലേ, നിനക്ക് ദൈവത്തോടും ദൈവജന ത്തോടും കൂടെ നിൽക്കുവാൻ ലജ്ജയാണോ? “മാനുഷഭയം ഒരു കാണിയാകുന്നു” എന്ന് നീ അറിയുന്നവോ? ക്രിസ്തു വിന്റെ സാക്ഷിയായി ദൈവജനത്തോടു ചേർന്നു നിന്നാൽ നിന്റെ സ്ഥാനവും മാനവും പേരും പ്രതാപവും മനുഷ്യരുടെ മുമ്പിലുള്ള വിലയും നിലയും പോകുമെന്നാണോ നീ ഭയ പ്പെടുന്നത്? നിന്റെ പേരും വിലയും നിലയും പോവുകയും മനുഷ്യർ നിന്നെ ആക്ഷേപിക്കുകയും നിന്നെ വില കുറച്ചുകാ ണുകയും നിന്നെ ഒറ്റപ്പെടുത്തുകയും ചെയ്യും എന്ന ഭീതി യാണോ നിന്നെ പിറകോട്ടു വലിക്കുന്നത്? സ്നേഹിതാ, ഒന്നു ധരിക്കൂ. ഭീരുക്കൾ ദൈവരാജ്യം അവകാശമാക്കുകയില്ല.

പ്രിയനേ, നിന്റെ ഭീരുത്വം മാറ്റി നിന്നെ ധൈര്യശാലിയാ ക്കാനാണ് കർത്താവ് അതിയായി ആഗ്രഹിക്കുന്നത്.

നിന്റെ ഭീരുത്വപ്രകൃതിമാറ്റാൻ ക്രിസ്തു ശക്തനാണെന്ന് നീ വിശ്വസിക്കൂ. നിന്റെ ഭയമകറ്റാൻ ക്രിസ്തുവിന് കഴിയു മെന്ന് നീ വിശ്വസിക്കൂ. നിന്നെ ശക്തിധരിപ്പിച്ച് ബലശാലി യാക്കാൻ ക്രിസ്തു നിന്റെ അരികിൽ വന്നിട്ടുണ്ടെന്ന് നീ വിശ്വസിക്കൂ. ഈ വാക്കുകളെ നീ ശ്രദ്ധിച്ചുകൊണ്ടിരിക്കു മ്പോൾ ഇപ്പോൾത്തന്നേ നീ ഉള്ളത്തിൽ നിന്ന് പറയൂ:

നാഥാ, ഞാൻ ചഞ്ചലഹൃദയനും ഭീരുവും ആകുന്നു. കർത്താവേ, എന്റെ മേൽ നിന്റെ ശക്തി പകരണമേ. എന്റെ മേൽ നിന്റെ ശക്തി പകരണമേ. എനിക്ക് ധൈര്യവും മനക്ക രുത്തും നൽകേണമേ. എന്റെ രക്തത്തിൽ അലിഞ്ഞു കിട ക്കുന്ന പാപങ്ങളെല്ലാം മാറ്റി, നിന്നെ ആരാധിപ്പാനും നിന്നെ സാക്ഷിപ്പാനും എനിക്ക് ശക്തി നൽകേണമേ. നാഥാ, ഇന്നു മുതൽ ക്രിസ്തുവിൽ ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കുമെന്ന് ഞാനിതാ പ്രതിജ്ഞചെയ്യുന്നു.

## നാല്



"ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്."

2 തിമൊഥെയോസ് 1: 7

ഭീരുവായ യാക്കോബിന് ശക്തിയുടെ ആത്മാവിനെ നൽകി, യാക്കോബിനെ യിസ്രായേലാക്കി. പേടിയും വെപ്രളവും കൈമുതലായിരുന്ന മോശയെ ദൈവം രൂപാന്തരപ്പെടുത്തി ഏറ്റവും ശ്രേഷ്ഠ പ്രവാചകനാക്കി. ഭീരുവും പേടിത്തൊണ്ടനുമായ ഗിദയോന്റെ മേൽ ശക്തിയുടെ ആത്മാവിനെ പകർന്ന് ഭീകരന്മാരായ മിദ്യാന്യരെ തേൽപ്പിക്കാനുള്ള ശക്തി നൽകി ധൈര്യശാലിയാക്കി.

ഭീരുവായ ഏലിയാവിനെ ദൈവം രൂപാന്തരപ്പെടുത്തി ധീര പോരാളിയാക്കി ഉയർത്തി.

തിശ്ബി എന്ന കുഗ്രാമത്തിലെ ഒരു സാധു യുവാവായി

രുന്നു ഏലിയാവ്. തിശ്ബിയിൽ ഒരു പ്രവാചകസ്കൂൾ ഉണ്ടായിരുന്നു. ശമുവേൽ പ്രവാചകൻ ശീലോവിലും ബേഥേ ലിലും യരീഹോവിലും ഗിൽഗാലിലും യോർദ്ദാനിലും എല്ലാം പ്രാർത്ഥനായോഗങ്ങൾ നടത്തിത്തുടങ്ങിയ കാലത്ത് തിശ്ബി യിലും ഒരു ചെറിയ കൂട്ടായ്മ ആരംഭിച്ചു. ആ പ്രവാചക സ്കൂളിലെ ഒരു പ്രവാചകനായിരുന്നു ഏലിയാവ്.

ശമുവേൽ പ്രവാചകന്റെ കാലം വരെ കുറേയെറെ കാലം ആത്മീയമായ വരൾച്ചയിലും ക്ഷാമത്തിലുമായിരുന്നു ദൈവ ജനം. യോശുവായ്ക്കുശേഷം തന്നെ ആത്മീയാധഃപനത്തി ലേക്ക് ആളുകൾ താണുപോയിരുന്നു. ന്യായാധിപന്മാരുടെ കാലം, അപ്പഴപ്പോൾ ജനം വശംകെട്ട് നിലവിളിക്കുമ്പോൾ ദൈവം ന്യായാധിപന്മാരെ നിയമിച്ചാക്കി. ആ ന്യായാധിപ ന്മാർ ശത്രുഭീതിമാറ്റി, ഭയപ്പാടകറ്റി, ജനത്തെ ഭരിച്ചിരുന്ന കാലം ആയിരുന്നു.

ന്യായാധിപന്മാർക്കുശേഷം വലിയ വരൾച്ചയും ഇരുളും ജനത്തെ ബാധിച്ചു. അന്ന് പ്രവാചകന്മാരും പുരോഹിത ന്മാരും ജനത്തെ ആത്മീയമായി നയിക്കുന്ന ദൈവദാസ ന്മാരും ഇല്ലായിരുന്നു. ആത്മവീര്യമുള്ള, പരിശുദ്ധാത്മശ ക്തിയുള്ള ദൈവദാസന്മാർ ഇല്ലാതായതോടെ വചനം ദുർല്ലഭമായിത്തീർന്നു; ദർശനം ഏറെ ഇല്ലാതെയായി.

“വെളിപ്പാട് ഇല്ലാത്തേടത്ത് ജനം മര്യാദവിട്ട് നടക്കുന്നു” എന്ന് തിരുവചനം സൂചിപ്പിക്കുന്ന പ്രകാരം നേതാവില്ലാ തെ, ഭരണകർത്താവില്ലാതെ, ജനം താന്താങ്ങൾക്ക് ബോധി ച്ചതുപോലെ നടന്നു. ആ ദയനീയസ്ഥിതിയിൽ മനസ്സ ലിഞ്ഞ് ദൈവം എഴുന്നേൽപ്പിച്ച പ്രവാചകനാണ് ശമു വേൽ.

ശമുവേൽ ആരംഭിച്ച് നടത്തിക്കൊണ്ടിരുന്ന തിശ്ബിയിലെ

പ്രാർത്ഥനാഗ്രൂപ്പിൽ നിന്ന് ഉയർന്നുവന്ന ഒരു താപസശ്രേഷ്ഠനാണ് ഏലിയാവ്. വലിയ വിദ്യാഭ്യാസമെന്നും ഇല്ല; വലിയ പാരമ്പര്യം ഒന്നും പറയാനില്ല. വലിയ പരിഷ്ക്കാരമോ സംസ്ക്കാരമോ ഇല്ല. നിസ്സാരതയിൽ കഴിഞ്ഞുവന്ന ഒരു ഗ്രാമീണ യുവാവായിരുന്നു ഏലിയാവ്.

ധീരതയോടെ ദൈവത്തോടുകൂടെ നിൽക്കുകയും ദൈവജനത്തെ ദൈവബോധത്തിൽ നിലനിറുത്താൻ പാടുപെടുകയും ചെയ്ത പ്രവാചകനാണ് ഏലിയാവ്: വിഗ്രഹാരാധന കൊടികുത്തിവാഴുന്ന കാലമായിരുന്നു അത്. ആഹാബുരാജാവും ഭാര്യയായ ഈസബെല്ലും ബാൽ വിഗ്രഹാരാധന രാജകീയമതമാക്കിത്തീർത്തു. ബാലിന്റെ പ്രാവാചകന്മാരും ആശേരാപ്രതിഷ്ഠകളും നാട്ടിൽ പെരുകി. ഏലിയാവ് സത്യ 24
ദൈവവിശ്വാസത്തിലേക്കും സത്യദൈവാരാധനയിലേക്കും ജനത്തെ നയിപ്പാൻ അക്ഷീണം യത്നിച്ചു.

ദൈവത്തിന്റെ വചനം അണു വിടാതെ അനുസരിച്ചിരുന്ന ഏലിയാവ് കർമ്മേലിന്റെ മുകളിൽ സ്വർഗ്ഗീയാഗ്നി ഇറക്കുവാൻ ദൈവകരങ്ങളിൽ ഉപയോഗപ്പെട്ടു. ബാലിന്റെ പ്രവാചകന്മാർ ലജ്ജിച്ചു. ബാൽ ദൈവമെങ്കിൽ യാഗത്തിൽ തീ ഇറക്കി യാഗം ദഹിപ്പിക്കട്ടെ എന്ന് ഏലിയാവ് വെല്ലുവിളിച്ചു. അവർക്കതു സാധിച്ചില്ല. ഏലിയാവിന്റെ ദൈവം തീ കൊണ്ട് ഉത്തരം അരുളുകയും ചെയ്തു. രാജാവും രാജ്ഞിയും മറ്റുവിഗ്രഹാരാധികളും പാരജയപ്പെട്ടു.

അത്രത്തോളം ഏലിയാവ് ധീരതയോടെ നിന്നു. എന്നാൽ തുടർന്ന് രാജ്ഞിയായ ഈസബെൽ ഏലിയാവിനെ വെല്ലുവിളിച്ചുകൊണ്ട് ഭീഷണിപ്പെടുത്തി. നേരത്തോടുനേരം എത്തുന്നതിനു മുമ്പ് ഏലായാവിനെ വധിക്കും എന്നായിരുന്നു രാജ്ഞിയുടെ ഭീഷണി. അതിന്റെ മുമ്പിൽ ഏലിയാവ് ഭയ

പ്പെട്ടു. ധീരനായ ദൈവപുരുഷൻ ഭീരുവായിപ്പോയി.

> ''അവൻ ഭയപ്പെട്ടു എഴുന്നേറ്റു ജീവരക്ഷയ്ക്കായി പുറപ്പെട്ടു.''
>
> 1 രാജാ. 19: 3

മരുഭൂമിയിൽ ഒരു ചൂരച്ചെടിയുടെ തണലിൽ ഇരുന്ന്, മരിപ്പാൻ ഇച്ഛിച്ചുകൊണ്ടു പറയുകയാണ്:

> "ഇപ്പോൾ മതി, യഹോവേ, എന്റെ പ്രാണനെ എടുത്തു കൊള്ളേണമേ. ഞാൻ എന്റെ പിതാക്കന്മാരേക്കാൾ നല്ലവനല്ലല്ലോ."
>
> 1 രാജാ. 19: 4

"ഏലിയാല് നമുക്കു സമസ്വഭാവമുള്ള മനുഷ്യൻ ആയിരുന്നു." എന്ന് യാക്കോബ് പറയുന്നുണ്ട്. 5:17. ഒരു സമയം വരെ ധൈര്യശാലിയായി നിന്ന ദൈവപുരുഷൻ ഭീരുമായി മാറിപ്പോയി. കർമ്മേലിൽ തീ ഇറക്കിയവൻ ഒരു ദുഷ്ടസ്ത്രീയുടെ ഭീഷണിയുടെ മുമ്പിൽ ചൂളിപ്പോയി. അത്യുന്നതനായ ദൈവത്തിന്റെ കരങ്ങളിൽ ഉപയോഗപ്പെട്ടവൻ ഒരു ഹീനസ്ത്രീയുടെ നിന്ദനത്തിന്റെ മുന്നിൽ പതറിപ്പോയി.

പിശാചു ഭീകരനാണ്. ദൈവമക്കളിൽ എന്തെങ്കിലും പഴുത് കിട്ടുമോ എന്ന് നിരന്തരം നോക്കികൊണ്ട് ചുറ്റിത്തിരിഞ്ഞു നടക്കുന്നവനത്രേ സാത്താൻ. പ്രകടമായ മദ്യപാനം, വേശ്യവൃത്തി, കൊലപാതകം, മോഷണം, കവർച്ച മുതലായ എണ്ണപ്പെട്ട പാപങ്ങൾ ചെയ്യിച്ചായിരിക്കില്ല ദൈവമക്കളേ പിശാച് വീഴിക്കുന്നത്.

"മതി. എന്നെക്കൊണ്ട് വലിയ പ്രയോജനമൊന്നുമുണ്ടാകുന്നില്ല. എന്റെ ശുശ്രൂഷ ആരും അംഗീകരിക്കുന്നില്ല.

ഞാൻ സഹിക്കുന്ന ത്യാഗം കാണാൻ ആരുമില്ല. എനിക്ക് ഒരു പ്രോത്സാഹനം തരാൻ ആരുമില്ലെന്നതോ പോകട്ടെ, ഒരു കാര്യവുമില്ലാതെ എന്നെക്കുറിച്ച് അപവാദം പറയുന്നു. എന്നെ അകാരണമായി എതിർക്കുന്നു. സകലരും എന്നെ വെറുക്കുന്നു" എന്നീ ചിന്തകൾ പാപമാണെന്നറിയാതെ പിശാചിനിടം കൊടുക്കുന്നു.

സ്വയം സഹതാപവും (self-pity) നിരാശയും മടുപ്പും പാപമാണ്. ഏലിയാവിന് വന്നത് ആ പാപമാണ്. ഈസബെൽ കടുത്ത വൈരാഗ്യത്തോടുകൂടി കൊല്ലുവാൻ നോക്കുന്നതുകൊണ്ട് മരണഭീതിയും ഏലിയാവിനെ പിടികൂടി.



ഏലിയാവ് ചൂരച്ചെടിയുടെ തണലിൽ തളർന്നു കിടന്നു. അവിടെ കിടന്നുറങ്ങിപ്പോയി. മരണഭയവും ഭീരുത്വവും പിടിച്ച് തളർന്നു പോയ ദൈവപൈതൽ.

പ്രിയസ്നേഹിതാ, നീ ഇന്ന് തളർന്നിരിക്കുകയാണോ? നിന്നെക്കൊണ്ട് ആർക്കും ഒരു പ്രയോജനവുമില്ലെന്നുള്ള ചിന്ത നിന്നെ ഭരിക്കുകയാണോ? ജീവിച്ചിരിക്കുന്നതിനെക്കാൾ മരിക്കുകയാണ് ഭേദം എന്ന് നീ ചിന്തിക്കുകയാണോ? ജീവിതം നിനക്ക് വിരസവും മടുപ്പാർന്നതും ആയോ? ശത്രുഭയവും മരണഭീതിയും നിന്നെ വേട്ടയാടുന്നുവോ? നാളെയെക്കുറിച്ചുള്ള ആകുലചിന്തകളും ആശങ്കകളും നിന്നെ അലട്ടുകയാണോ?

എങ്കിൽ കേൾക്കൂ, ഏലിയാവിന്റെ ദൈവം ജീവിക്കുന്നു. തന്റെ ദാസന്റെ ശ്രേയസ്സിൽ പ്രിയം വയ്ക്കുന്ന നമ്മുടെ ദൈവം ജീവിക്കുന്നു. ദൈവം ഏലിയാവിന് ഭക്ഷണവും വെള്ളവുമായി തന്റെ ദൂതനെ അയച്ചു. "എഴുന്നേറ്റുതിന്നുക" എന്നു പറഞ്ഞു. അവൻ തിന്നു, കുടിച്ചു പിന്നെയും കിടന്നുറങ്ങി.

പ്രിയദൈവപൈതലേ, നീ ഒന്ന ഉണർന്നെങ്കിലും പിന്നെയും ഉറങ്ങുകയാണോ? നീ വീര്യം കെട്ട് ബലം ക്ഷയിച്ച് പിന്നെയും മയങ്ങുകയാണോ?

യഹോവയുടെ ദൂതൻ രണ്ടാം പ്രവിശ്യവും ഏലിയാവിന്റെ വിലാപ്പുറത്ത് തട്ടി, ഉണർത്തി.

"എഴുന്നേറ്റു തിന്നുക; നിനക്ക് ദൂരയാത്ര ചെയ്‌വാനുണ്ടല്ലോ."

അപ്പോൾ ഏലിയാവ് എഴുന്നേറ്റ് തിന്നു കുടിച്ചു. ആ ആഹാരത്തിന്റെ ബലം കൊണ്ട് പിന്നീട് നടന്നു. പൂർണ്ണ ഉപവാസത്തോടെ നിൽക്കാൻ ഏലിയാവ് തീരുമാനിച്ചു.

ഭീരുവും സാധാരണക്കാരനുമായിരുന്ന ഏലിയാവ് ആഹാബിന്റെ നേരെ ചങ്കുറപ്പോടെ നിന്നു. അതിനുകാരണം ജീവനുള്ള ദൈവം ഏലിയാവിന്റെ മേൽ പകർന്ന ശക്തിയുടെ ആത്മാവ് തന്റെ ദാസനെ ധൈര്യപ്പെടുത്തി എന്നതാണ്.

കർമ്മേൽ പർവ്വതത്തിന്റെ മുകളിൽ ബാലിന്റെ പ്രവാചകന്മാരെ വെല്ലുവിളിച്ചുകൊണ്ട് നിൽക്കാൻ ഏലിയാവിനെ ബലപ്പെടുത്തിയത് ശക്തിയുടെ ആത്മാവായിരുന്നു. ഏലിയാവിനെ കണ്ടപ്പോൾ ആഹാബ് അമർഷത്തോടും പരിഹാസത്തോടും കൂടി ചോദിച്ചു:

> "ആർ ഇത്? യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നവനോ?"
>
> 1 രാജാ. 18: 17

അപ്പോൾ ഏലിയാവിന്റെ മറുപടി ധൈര്യത്തിന്റെയും ശക്തിയുടെയും ആത്മാവിലായിരുന്നു:

> “യിസ്രായേലിനെ കഷ്ടപ്പെടുത്തുന്നത് ഞാന ല്ല. നീയും നിന്റെ പിതൃഭവനവുമത്രേ. നിങ്ങൾ യഹോവയുടെ കൽപനകളെ ഉപേക്ഷിക്കുകയും നീ ബാൽവിഗ്രഹങ്ങളെചെന്ന് സേവിക്കുകയും ചെയ്യുന്നതുകൊണ്ടുതന്നേ.” 18: 18

ബാലിന്റെ പ്രവാചകന്മാരും അശേരാപ്രവാചകന്മാരും വിഗ്ര ഹാരാധികളായ ബഹുജനവും കർമ്മേലിൽ വന്നു കൂടിയ പ്പോൾ ഏലിയാവിന്റെ മേലുണ്ടായിരുന്ന ശക്തിയുടെ ആത്മാവ് വെല്ലുവിളിക്കുകയാണ്:

> “നിങ്ങൾ എത്രത്തോളം രണ്ടു തോണിയിൽ
> കാൽവെക്കും? യഹോവ ദൈവം എങ്കിൽ അവനെ 26
> അനുഗമിപ്പിൻ; ബാൽ എങ്കിലോ അവനെ അനു
> ഗമിപ്പിൻ.” 18: 21

“തീ കൊണ്ട് ഉത്തരം അരുളുന്ന ദൈവം തന്നേ ദൈവ മെന്നു ഇരിക്കട്ടെ.” എന്ന് ഏലിയാവ് പ്രഖ്യാപിച്ചു. അതുവരെ മിണ്ടാതിരുന്ന ജനം ഇപ്പോൾ പറയുകയാണ്. “അതു നല്ല വാക്ക്.”

ബാലിന്റെ പ്രവാചകന്മാർ യാഗപീഠം ഒരുക്കി, അവർക്കു കൊടുത്തിരുന്ന കാളയെ ഒരുക്കി തീ ഇറങ്ങുവാൻ ബാലിനെ വിളിച്ച് പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഉച്ചകഴിയുന്നതുവരെ അവർ അപേക്ഷിച്ചിട്ടും ഒരു ശബ്ദമോ ഉത്തമോ ഉണ്ടായില്ല. അപ്പോൾ ഏലിയാവ് പറയുന്നവാക്കുകൾ ശക്തിയുടെയും ധൈര്യത്തിന്റെയും ആത്മാവിലായിരുന്നു.

“എന്റെ അടുക്കൽ വരുവിൻ.”

ജനം വന്നു കൂടിയപ്പോൾ ഏലിയാവ് പ്രാർത്ഥിച്ചു:

> "അബ്രഹാമിന്റെയും യിസ്ഹാക്കിന്റെയും യിസ്രായേലിന്റെയും ദൈവമായ യഹോവേ, യിസ്രായേലിൽ നീ ദൈവമെന്നും ഞാൻ നിന്റെ ദാസൻ എന്നും ഈ കാര്യങ്ങളൊക്കെയും ഞാൻ നിന്റെ കൽപന പ്രകാരം ചെയ്തു എന്നും ഇന്നു വെളിപ്പെട്ടു വരട്ടെ. യഹോവേ, എനിക്കു ഉത്തര മരുളേണമേ; നീ ദൈവം തന്നേ യഹോവേ; നീ തങ്ങളുടെ ഹൃദയം വീണ്ടും തിരിച്ചു എന്നു ഈ ജനം അറിയേണ്ടതിന് എനിക്ക് ഉത്തരം അരുളേ ണമേ." 18: 36–37

ഏലിയാവിന്റെ പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരം അരുളി. സ്വർഗ്ഗത്തിൽനിന്ന് തീ ഇറങ്ങി ഹോമയാഗവും വിറകും മണ്ണും ദഹിപ്പിച്ചു. തോട്ടിലെ വെള്ളവും വറ്റിച്ചുകളഞ്ഞു.

ദൈവനാമം മഹത്ത്വപ്പെട്ടു. "യഹോവ തന്നേ ദൈവം", "യഹോവ തന്നേ ദൈവം" എന്ന് ജനം ആർപ്പിട്ടുകൊണ്ട് കവിണ്ണുവീണു. ദൈവത്തെ സ്തുതിച്ചു. ബാലിന്റെയും അശേ രയുടെയും പ്രവാചകന്മാർ ലജ്ജിച്ചു.

ഇതിനു കാരണമെന്ത്? "ഏലിയാവിന്റെ മേൽ ഉണ്ടായി രുന്ന ശക്തിയുടെ ആത്മാവ്, ധൈര്യത്തിന്റെ ആത്മാവ്."

മൂന്നരവർഷം മഴ പെയ്യാതിരുന്ന ദേശത്ത് വന്മഴ പെയ്തു. യഹോവയുടെ കൈ ഏലിയാവിന്മേൽ വന്നു. അവൻ അര മുറുക്കിയും കൊണ്ട് യിസ്രായേലിൽ ഏത്തും വരെ ആഹാ ബിന്റെ രഥത്തിനു മുമ്പായി ഓടി. ശക്തിയുടെ ആത്മാ വിന്റെ അത്ഭുത വ്യപാരം ഒന്നുകൊണ്ടു മാത്രം ഏലിയാ വിന് ഇതെല്ലാം സാധിച്ചു.

മാന്യദൈവപൈതലേ, ദൈവാത്മാവിന്റെ ശക്തി നിന്റമേൽ

ആവസിക്കണമെന്ന് നീ ആഗ്രഹിക്കുന്നുവോ? പരിശുദ്ധാത്മാശക്തി നിന്റെ മേൽ പകർന്നാൽ വൻകാര്യങ്ങൾ നിന്നിൽകൂടെ ഈ ഭൂമിയിൽ ദൈവം നടത്തും. “അത്ഭുതങ്ങളാലും അടയാളങ്ങളാലും വിവിധ വീര്യപ്രവൃത്തികളാലും പരിശുദ്ധാത്മാവിനെ നൽകികൊണ്ടും സാക്ഷിനിന്ന വലിയ രക്ഷ” നമുക്കും നമ്മിൽ കൂടി അനേകർക്കും അനുഭനമാകാൻ ദൈവം പ്രവർത്തിക്കും. ഏബ്രായർ 2: 2–4

മഹാനായ അലക്സാണ്ടർ ചക്രവർത്തിക്ക് ഒരു ഉദാത്ത വീക്ഷണമുണ്ടായിരുന്നു. അന്ന് അദ്ദേഹം ലോകത്തെ കീഴടക്കി. അതു നഷ്ടപ്പെട്ടപ്പോൾ ഒരു മദ്യകുപ്പിയെ കീഴടക്കാൻ അദ്ദേഹത്തിന് കഴിയാതെ പോയി.

ദാവീദ് രാജാവിന് ഒരു സമുന്നത ദർശനമുണ്ടായിരുന്നു. അന്ന് അദ്ദേഹം മല്ലനായ ഗോല്യാത്തിനെ നിലം പൊത്തിച്ചു. അത് നഷ്ടപ്പെട്ടപ്പോൾ സ്വന്തം ജഡമോഹത്തെ കീഴടക്കാൻ സാധിക്കാതെ പോയി. 27

ശിംശോൻ എന്ന വ്രതസ്ഥന്, ദൈവീകശക്തിയുടെ ഉജ്ജ്വലതേജസ്സിനാൽ ആയിരങ്ങളെ ഒരൊറ്റ അസ്ഥികൊണ്ട് വീഴ്ത്താൻ കഴിഞ്ഞു. ആ ആത്മീയ ശക്തി നഷ്ടപ്പെട്ടപ്പോൾ ദെലീല എന്ന ഒരു വേശ്യാസ്ത്രീയുടെ ചടുലോക്തികളെ കീഴടക്കാനായില്ല.

പരിശുദ്ധാത്മാശക്തി ഒരു ഭാഗ്യമാണ്. പരിശുദ്ധാത്മശക്തി ചോർന്നു പോകാതെ നോക്കേണ്ടതാണ്. ദാവീദിന്റെമേൽ നിന്ന് ആ ശക്തിചോർന്നു പോയത് ബെത്ശേബ എന്ന സുന്ദരിയെ മോഹത്തോടെ നോക്കിയപ്പോഴാണ്.

ശിംശോൻ വ്രതസ്ഥനായിരുന്നു. നാസീർ വ്രതസ്ഥൻ. മാതാവിന്റെ ഗർഭം മുതൽക്കേ ദൈവത്തിനുവേണ്ടി വേർതി

രിക്കപ്പെട്ടവനായിരുന്നു. ദെലീലയുടെ മേലുണ്ടായ മോഹത്തിലാണ് ദൈവപുരുഷന്റെ ശക്തി ചോർന്നു പോകുന്നത്.

Self, Sex, Silver എന്നീ വസ്തുക്കളിലാണ് മനുഷ്യന്റെ ആത്മശക്തി ചോർന്നു പോകുന്നത്. സ്വയം – ഈഗോ – എന്ന ഭീകരന്റെ ആക്രമണത്തിൽ ശക്തി ചോർന്നു പോയ എത്രയോ വീരന്മാരുണ്ട് ആത്മീയഗോളത്തിൽ.

ശൗൽ രാജാവിന്റെ മേൽ നിന്ന് യഹോവയുടെ ശക്തി വിട്ടുപോകാൻ കാരണം ശൗലിന്റെ സ്വയമായിരുന്നു. സ്വന്തം ചിലശരികളും സ്വന്തമായ ചില കാഴ്ചപ്പാടുകളും – അവയിൽ ശൗൽ ഉറച്ചു നിന്നതാണ് ശൗലിന്റെ വീഴ്ചയ്ക്കു ഹേതു.

സ്നേഹിതാ, സ്വന്തമായ ഒരു നീതിയും സ്വന്തമായ ചില ശരികളും സ്വന്തമായ ഒരു ആത്മീയതയും സ്വന്തമായ ഒരു ശുശ്രൂഷയും എല്ലാമുള്ള ആത്മീയപ്രവർത്തകർ, ശത്രു സ്വയത്തിലൂടെ അകത്തു കടന്ന് തുരങ്കം വെയ്ക്കുകയാണെന്നറിയുന്നില്ല.

Sex - ന്റെ വഴിപിഴച്ച മോഹാവേശം എത്രയെത്ര ആത്മീയ മല്ലന്മാരെ നിലം പരിചാക്കി! ആത്മശക്തിനഷ്ടപ്പെട്ടവരായി ദൈവനാമം ദുഷിക്കുന്നതിന് കാരണമായി വീണുപോയ എത്രയെത്ര ദൈവമനുഷ്യരുണ്ട്!

Silver - ദ്രവ്യാഗ്രഹത്തെ കുറിക്കുന്നു. പണത്തോടുള്ള ആസക്തിമൂലം എത്രയോ കൂട്ടായ്മകൾ തകർന്നു പോയിട്ടുണ്ട്! എത്രയെത്ര വീരന്മാർ പെട്ടുപോയിട്ടുണ്ട്! ആത്മീയ മണ്ഡലങ്ങളിലെ മോഹനപ്രതീക്ഷകളായ എത്രയോ ശ്രേഷ്ഠരായ ദൈവമക്കൾ ശക്തിക്ഷയിച്ചവരായിത്തീർന്നിട്ടുണ്ട്!

ദൈവപൈതലേ, ആത്മശക്തി നീ തിരികെ പ്രാപിക്കുക.

ഭീരുത്വത്തിന്റെ ആത്മാവിനെ കൈവെടിയുക. ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ സ്വീകരിക്കുക. ദൈവപുരുഷനായി നിൽക്കുക. വിശുദ്ധനായൊരു ദൈവപുരുഷൻ. അതെന്തു ഭാഗ്യമാണ്! അതെത്ര ശ്രേഷ്ഠമാണ്! അതെത്ര അനുഗ്രഹമാണ്.

28

## അഞ്ച്

"ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്."

2 തിമൊ. 1 : 7

മരണഭീതിയോടെ ചൂരച്ചെടിയുടെ തണലിൽ കിടന്നുറങ്ങിയ ഏലിയാവിനെ ധീരനാക്കി, ശക്തി ധരിപ്പിച്ച്, പുതിയ ശുശ്രൂഷകൾ ഭാരമേൽപിച്ചു. ഭീരുത്വത്തിന്റെ ആത്മാവിനെ ഭർത്സിച്ചകറ്റുന്ന ദൈവം. ശക്തിയുടെ ആത്മാവിനെ പകരുന്ന ദൈവം. ജീവനുള്ള ദൈവം നമ്മെയും രൂപാന്തരപ്പെടുത്തും.

ഭീരുവായി, ക്രിസ്തുവിനെ തള്ളിപ്പറഞ്ഞ പത്രോസിനെ ധീരനായ രക്തസാക്ഷിയാക്കി മാറ്റി ദൈവം. പ്രകൃത്യാ, ധൃതഗതിക്കാരനും ചഞ്ചലഹൃദയനും ഭീരുവുമായിരുന്ന പത്രോസ്. സഹോദരനായ അന്ത്രയോസാണ് പത്രോസിനെ യേശുവിങ്കലേക്കാനയിച്ചത്.

“ഇതാ ലോകത്തിന്റെ പാപം ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്” എന്നു സ്നാപകയോഹന്നാൻ പറഞ്ഞ വാക്കുകൾ കേട്ട് യേശുവിനെ അനുഗമിച്ചു. അന്ത്രയോസ് അന്ന് യേശുവിനോടു കൂടെ രാപാർത്തു. അന്ത്രയോസ് പോയി തന്റെ സഹോദരനായ ശീമോനെ ക്രിസ്തുവിന്റെ അരികിൽ കൊണ്ടുവന്നു.

സഹോദരനെ, അത്രയേറെ വശീകരിച്ച് ഒരത്ഭുതപുരുഷൻ എന്ന നിലയിൽ ശിമോൻ യേശുവിന്റെ അരികിൽ വന്നു നിന്നു. ശീമോൻ ഒന്നും പറഞ്ഞില്ല. പക്ഷേ യേശു പറഞ്ഞു: “നീ ശീമോൻ ആകുന്നു, നീ പത്രോസ് ആകും.”

> നീ യോഹന്നാന്റെ പുത്രനായ ശിമോൻ 29
> ആകുന്നു; നിനക്കു കേഫാ എന്ന പേരാകും
> എന്നു പറഞ്ഞു. അതു പത്രോസ് എന്നാകുന്നു.”
>
> യോഹ. 1: 42

അതൊരു ഭാവികാല വാഗ്ദാനമായിരുന്നു.

ഒന്ന്, Promise.

ഇന്ന് നീ യോഹന്നാന്റെ മകനായ ശിമോൻ ആകുന്നു. ഇന്ന് നിന്റെ അപ്പന്റെ രക്തത്തിൽ നിന്ന് പകർന്നുവന്ന ബലഹീനതയുള്ള ശിമോൻ ആകുന്നു. അപ്പന്റെ കോപവും എടുത്തു ചാടുന്ന പ്രകൃതിയും ആലോചനയില്ലാതെ ധൃതഗതിയിൽ പ്രതികരിക്കുന്ന സ്വഭാവും ഉള്ള ശിമോൻ ആകുന്നു.

എന്നാൽ നിന്റെ പ്രകൃതി മാറും. ഞാൻ നിന്നെ രൂപാന്തരപ്പെടുത്തും. നീ നിന്റെ പ്രകൃതി മാറുന്നതു കണ്ടു അതി

ശയിക്കു. നിന്റെ ഭീരുത്വവും ചഞ്ചല സ്വഭാവവും മാറും. നീ പാറപോലെ ഉറപ്പുള്ളവൻ ആകും.

കേഫാ എന്ന അറമയ്ക്ക് (Aramaic) പദത്തിന്റെയും പത്രോസ് (Peter) എന്ന ഗ്രീക്കുപദത്തിന്റെയും അർത്ഥം പാറ എന്നാകുന്നു.

രണ്ടാമതായി, ശിമോനെ നാം കാണുന്നത് ഗലീലാക്കടൽപ്പുറത്താണ്. ശിമോൻ പടക് കരയ്ക്ക് കെട്ടിയിട്ട്, പടകിൽ താടിയ്ക്ക് കൈയും കൊടുത്തിരുന്ന് വളരെ നിരാശയോടും ഭാരത്തോടും കൂടെ ചിന്തിക്കുകയാണ്. മ്ലാനത തളം കെട്ടിയിരിക്കുന്ന മുഖം. മനസ്സു പുകയുന്നു. ഇടയ്ക്ക് ചുടുനെടുവീർപ്പുകൾ മാത്രം. ഒന്നും മിണ്ടുന്നില്ല.

അന്ന് ഒരു മീൻപോലും കിട്ടിയില്ല. രാത്രി മുഴുവൻ അദ്ധ്വാനിച്ചിട്ടും അന്നത്തെ തൊഴിൽ നിഷ്ഫലം. ഇന്ന് വീട്ടിൽ പട്ടിണിയാണല്ലൊ. അടുപ്പത്തു തിളച്ചുകിടക്കുന്ന വെള്ളത്തിൽ ഇടാൻ ഒരുപിടിഅരി ഇല്ലാതെയാണല്ലോ ഇന്ന് വീട്ടിലേയ്ക്കു ചെല്ലുന്നത്. തളർന്നവശനായി ശിമോൻ പടകിൽ ഇരിയ്ക്കുകയാണ്.

രണ്ടാമതായി, Worried.

അപ്പോഴാണ് യേശു കടലോരത്തുകൂടി നടന്ന് അവിടെ വരുന്നത്. കുറെ നേരം കർത്താവ് ശിമോന്റെ മുഖത്തേക്ക് നോക്കി നിന്നു. ശിമോൻ ആകുല മനസ്കനായി തല താഴ്ത്തി ഇരിക്കുന്നതുകൊണ്ട് യേശു വന്നുനിൽക്കുന്നതൊന്നും കണ്ടില്ല.

യേശു വെള്ളത്തേലേക്കിറങ്ങി. പടകിൽ കയറി. പെട്ടെന്നു പടക് ഒന്നു ചാഞ്ചാടി. ശിമോൻ ഞെട്ടി ഒന്നു തലയുർത്തി

നോക്കി. അപ്പോൾ യേശു അവനോടു ചോദിച്ചു:

"ഈ പടക് കരയിൽ നിന്ന് അൽപം ഒന്ന് നീക്കാമോ?" മുമ്പൊരിക്കൽ അന്ത്രയോസ് യേശുവിന്റെ അരികിൽ കൊണ്ടു പോയത് ശിമോൻ ഓർക്കുന്നുണ്ട്. ആ യേശു ഇതാ തന്റെ പടകിൽ കയറി നിൽക്കുന്നു. Visited,

മൂന്നാമത് ക്രിസ്തുവിന്റെ സന്ദർശനം, Visited,

ആകുലത്തിലിരിക്കുന്നവരെ സന്ദർശിക്കുന്ന ക്രിസ്തു. മന സ്സുവാടിയിരിക്കുന്നവരെ ആശ്വസിപ്പിക്കുന്ന ക്രിസ്തു. നിരാശയിലാണ്ടുപോയവരെ പ്രത്യാശയിലേക്കു നയിക്കുന്ന ക്രിസ്തു. അതേ, സ്നേഹിതാ, പ്രശ്നപരിഹാരകൻ ജീവി ക്കുന്നുണ്ട്. അവൻ നിന്നെ സന്ദർശിക്കുകയാണ്. 30

നാലാമതായി, ക്രിസ്തു ഉപയോഗിച്ചു – Utilized.

ശിമോന്റെ പടകിൽ നിന്നുകൊണ്ട് ക്രിസ്തു കരയിലുള്ള ജനത്തോടു സംസാരിച്ചു. മകനേ, നീ ഭാരപ്പെട്ട് വലയു ന്നവനാണെങ്കിലും ക്രിസ്തുവിന് നിന്നെ ഉപയോഗിപ്പാൻ കഴിയും. നീ ഭാവി ഇരുളടഞ്ഞ് നിരാശനായി തളർന്നിരി ക്കുന്നവനാണെങ്കിലും നിന്നെ ഉപയോഗിപ്പാൻ ക്രിസ്തുവിനു കഴിയും.

സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ശിമോനും ശ്രദ്ധിച്ചു. ഏതോ ഒരു സുഖം ഹൃദയത്തിലേക്ക് വരുന്നു. ഏതോ ഒരു മധുരം ഉള്ളത്തിലേക്ക് കിനിഞ്ഞിറങ്ങുന്നു. കരയിലുള്ള ജനം കണ്ണിമയ്ക്കാതെ യേശുവിന്റെ തിരുമുഖത്തേയ്ക്ക് നോക്കി നിൽക്കുകയാണ്. യേശു പറയുന്നതെല്ലാം ഒരക്ഷരം വിടാതെ ആർത്തിയോടെ ഉൾക്കൊള്ളുകയാണ്. ഏതോ ഒരു സ്നേഹ മോ, സുബോധമോ, വെളിവോ, മാധുര്യമോ, ശാന്തിയോ,

എന്തോ ഒരവാച്യാനുഭൂതി ഉള്ളിലേക്കു വരുന്നു.

അതങ്ങനെയാണ്. വചനം കേൾക്കുമ്പോൾ നിരാശ മാറും. ആത്മാവിന്റെ ശബ്ദം കേൾക്കുമ്പോൾ ആകുലങ്ങൾ അകലും. ദൈവശബ്ദം കേൾക്കുമ്പോൾ നീറുന്ന ഹൃദയം ആറിത്തണുക്കും. ഇപ്പോൾത്തന്നേ, സ്നേഹിതാ, നിനക്കും അതനുഭവിക്കാം. അത് വചനത്തിന്റെ ശക്തിയാണ്; വചനത്തിന്റെ കൃപയാണ്; വചനം തരുന്ന ശാന്തിയാണ്.

സംസാരിച്ചു കഴിഞ്ഞപ്പോൾ യേശു ശിമോനോടു പറഞ്ഞു: "ആഴത്തിലേക്ക് നീക്കി മിൻപിടത്തത്തിന് വല ഇറക്കുവിൻ." ലൂക്കോസ് 5: 4

ശിമോൻ പറഞ്ഞു:

"നാഥാ, ഞങ്ങൾ രാത്രിമുഴുവൻ അദ്ധ്വാനിച്ചിട്ടും ഒന്നും കിട്ടിയില്ല. എങ്കിലും നിന്റെ വാക്കിന്ന് ഞാൻ വല ഇറക്കാം.

അഞ്ച്, Obeyed.

ക്രിസ്തുവിന്റെ വചനം അനുസരിച്ചാൽ നിന്റെ ആകുലം മാറും. നിനക്ക് മുമ്പോട്ട് ഗതികിട്ടും. അടഞ്ഞ വാതിലുകൾ തുറക്കും.

> "അവർ അങ്ങനെ ചെയ്തപ്പോൾ പെരുത്തു മീൻകൂട്ടം അകപ്പെട്ടു വല കീറാറായി."
>
> ലൂക്കോസ് 5: 6

അവർ പടകു രണ്ടും മുങ്ങുമാറാകുവോളം നിറച്ചു. 5: 7

ആറാമതായി, Plenty - ധാരാളമായ അനുഗ്രഹം; സമൃദ്ധിയായിട്ടുണ്ടാകും. വചനം അനുസരിച്ചാൽ ധാരാളമായ കൃപ

കൾ ലഭിക്കും. ക്രിസ്തുവിന്റെ വാക്കിനെ മാനിച്ചാൽ അവൻ നമ്മുടെ ആവശ്യത്തെ മാനിക്കും.

അതുകൊണ്ടല്ലേ, സങ്കീർത്തനക്കാരൻ പറഞ്ഞത്:

> "യഹോവയിൽ ആശ്രയിച്ച് നന്മ ചെയ്ക; ദേശത്തു പാർത്തു വിശ്വസ്തത ആചരിക്ക; യഹോവയിൽ തന്നേ രസിച്ചു കൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും; നിന്റെ വഴി യഹോവയെ ഭാരമേൽപിക്ക; അവനിൽ തന്നേ ആശ്രയിക്ക; അവൻ അതു നിർവ്വഹിക്കും."
>
> സങ്കീ. 37 : 3–5



ഈ അനുഭവം നന്ദിയായി ഉള്ളിൽ നീറിപ്പിടിച്ച് നിന്നതു കൊണ്ടല്ലേ, ശീമോൻ പിൽക്കാലത്ത് ലേഖനത്തിൽ എഴുതിയത്:

> "അവൻ നിങ്ങൾക്കായി കരുതുന്നതാകായാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ."
>
> 1 പത്രോസ് 5: 7

അനുഗ്രഹം സമൃദ്ധിയായി ലഭിച്ചപ്പോൾ, അഗാധമായ പാപബോധം ശീമോനുണ്ടായി. ഇത്രയും വലിയ അത്ഭുതം എന്റെ ജീവിതത്തിൽ നീ ചെയ്തല്ലോ എന്ന നന്ദിയിൽ വേരോടി നിൽക്കുന്ന പാപബോധം.

ഏഴാമതായി പാപബോധം – Conviction.

ക്രിസ്തുവിന്റെ സാന്നിദ്ധ്യത്തിൽ നമുക്കു ലഭിക്കുന്നത് പാപബോധമാണ്. ഒരു മനുഷ്യന് ലഭിക്കാവുന്ന ഏറ്റവും

വലിയ അനുഗ്രഹത്തിന്റെ നിദാനം പാപബോധമാണ്.

> "കർത്താവേ, ഞാൻ പാപിയായ മനുഷ്യൻ ആകകൊണ്ടു എന്നെ വിട്ടു പോകേണമേ."
>
> ലൂക്കോസ് 5: 8

"എനിക്കു തിരുസന്നിധിയിൽ നിൽപ്പാൻ യോഗ്യതയില്ല ല്ലോ. അവിടന്ന് എത്രയോ മഹത്ത്വപൂർണ്ണൻ. ഞാനോ നിസ്സാ രനും പാപിയും. എന്നോട് മനസ്സലിയണമേ. അവിടത്തെ ഈ സമൃദ്ധിയായ അനുഗ്രഹങ്ങൾ സ്വീകരിപ്പാൻ എനിക്ക് അർഹതയില്ലല്ലോ." എന്ന ചിന്ത.

ദൈവത്തിന്റെ പരമശ്രേഷ്ഠ വിശുദ്ധിയും, അത്യുദാത്ത സ്നേഹവും, എന്റെ ഒന്നുമില്ലായ്മയും, അൽപത്വവും, അശു ദ്ധിയും, ലോകമയത്വവും – ഒന്ന്, ദൈവത്തെ തിരിച്ചറിയുന്നു. രണ്ട്, അവനവനെ തിരിച്ചറിയുന്നു. ഈ വെളിപ്പാടുകൾ (revelations) രണ്ടുമാണ് ഏതു മനുഷ്യനും ലഭിക്കേണ്ടത്. ശിമോന് അത് ലഭിച്ചു.

അതു കഴിഞ്ഞപ്പോഴാണ് കർത്താവ് അരുളിച്ചെയ്യുന്നത്:

> "ഭയപ്പെടേണ്ട; ഇന്നു മുതൽ നീ മനുഷ്യരെ പിടിക്കുന്നവൻ ആകും."
>
> ലൂക്കോസ് 5: 10

എട്ടാമതായി, ഭയപ്പാടകറ്റുന്നു.

കുറ്റബോധം മൂലം വന്ന പരിഭ്രാന്തിയും അങ്കലാപ്പും അക റ്റുന്നു. Encouraged

കർത്താവ് എപ്പോഴും ധൈര്യപ്പെടുത്തുന്നവനാണ്; ഭയ പ്പാട് മാറ്റുന്നവനാണ്.

ആദ്യത്തെ സുവിശേഷസന്ദേശം തുടങ്ങുന്നതുതന്നെ “ഭയപ്പെടേണ്ട” എന്നു പറഞ്ഞുകൊണ്ടല്ലേ?

“ഭയപ്പെടേണ്ട; സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.”

ലൂക്കോസ് 2: 10–11

ഒൻപത്, നിയമിക്കപ്പെട്ടു – appointed.

ജീവനുള്ള മത്സ്യത്തെപ്പിടിച്ച് കൊല്ലുന്നവൻ മരിച്ച മനുഷ്യരെ പിടിച്ചു ജീവിക്കുന്നവരാക്കുവാനുള്ള നിയമനം. 32

“ഇന്നു മുതൽ ഞാൻ നിന്നെ മനുഷ്യരെ പിടിക്കുന്നവനാക്കും.”

ഭീരുവും ചഞ്ചലഹൃദയനുമായ ശിമോനെ രൂപാന്തരപ്പെടുത്തി മനുഷ്യരെ പിടിച്ച് രക്ഷിക്കുന്ന ധീരനും ബലശാലിയും രക്തസാക്ഷിയുമാക്കുമെന്ന് വാഗ്ദത്തം നൽകിയ ക്രിസ്തു ഇന്നും ജീവിക്കുന്നു.

പ്രിയസ്നേഹിതാ, നിന്റെ ഭയവും ഭീരുത്വവും മാറ്റാൻ ക്രിസ്തു ശക്തനാണെന്ന് നീ വിശ്വസിക്കുന്നവോ? നിന്നിൽ ശക്തിയുടെ ആത്മാവിനെ പകരാൻ ക്രിസ്തുവിന് മനസ്സാണെന്ന് നീ വിശ്വസിക്കുന്നുവോ? നിരന്തരം ഭീരുത്വം കൊണ്ടും തോൽവികൊണ്ടും നിരാശപ്പെട്ടുകൊണ്ടിരിക്കുന്ന നിന്റെ ജീവിതത്തിൽ ധൈര്യവും സ്ഥൈര്യവും പ്രത്യാശയും പകർന്നു തരാൻ ക്രിസ്തു നിന്റെ സമീപത്തുവന്ന് നിൽക്കുന്നു എന്ന് നീ വിശ്വസിക്കുന്നവോ?

ഏറെ കാലം നിരാശയും ഭീരുത്വവും തളർച്ചയുമായി കഴിഞ്ഞിരുന്ന ഒരാളാണ് എന്റെ രണ്ടാമത്തെ മകൻ ജോസഫ് ജോൺ. പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ നിന്നു M.Sc. ബിരുദം കോളേജ് റാങ്കോടെ നേടിയതിനുശേഷം ഇപ്പോൾ ബോംബയിൽ സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്കിൽ സീനിയർ മാനേജരായി ജോലി ചെയ്യുകയാണ് ജോസഫ്. ജോസഫിന്റെ ജീവിതത്തിൽ ക്രിസ്തു ഐശ്വര്യവും ശക്തിയും പകർന്നു കൊടുത്തതെങ്ങനെ എന്ന് നമുക്ക് ചോദിച്ചറിയാം.

ജോസഫിന്റെ ആദ്യകാല ജീവിതാനുഭവങ്ങൾ ഒന്ന് വിവരിക്കാമോ?

ബാല്ല്യത്തിലേതന്നെ ക്രിസ്തുവിനെ സ്വന്തം കർത്താവും രക്ഷിതാവുമായി സ്വീകരിക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു. എന്റെ ജനനകാലത്തുതന്നെ വീട്ടിൽ ഒരു പ്രാർത്ഥനയുടെ അന്തരീക്ഷമായിരുന്നതിനാൽ ആ ഒരു പശ്ചാത്തലത്തിലാണ് ഞാൻ വളർന്നു വന്നത്.

ബാല്ല്യകാലത്തുതന്നെ മാനസാന്തരപ്പെട്ടിരുന്നതുകൊണ്ട് പ്രകടമായ അശുദ്ധിയിലേക്കും അഴുക്കുകളിലേക്കും ചീത്ത കൂട്ടുകെട്ടുകളിലേക്കും ഞാൻ പോയില്ല. പക്ഷേ, എന്റെ കോപം, വാശി, ദുശ്ശാഠ്യം, മലിനചിന്തകൾ മുതലായ പാപങ്ങൾ എന്നിൽ ഉണ്ടായിരുന്നു. യൗവനകാലംവരെ വിടുതൽ ഗ്രൂപ്പിന്റെ സ്വാധീനത്തിലായിരുന്നു, ഞങ്ങളുടെ ഭവനവും ഈ നാട്ടിലെ അനേക ആളുകളും. വിടുതൽ ഗ്രൂപ്പിന്റെ പല കാര്യങ്ങളോടും എനിക്ക് ചേർച്ചയില്ലായിരുന്നു എങ്കിലും ചാച്ചനും മമ്മിയും അതിൽ ചേർന്നു നിൽക്കുന്നു എന്നതുകൊണ്ട് ഞാനും പരസ്യമായി എതിർക്കാതെ അതിലെ യോഗങ്ങളിൽ സംബന്ധിച്ചുപോന്നു. ഒരു സ്ത്രീയെ കർത്താവ്

എന്ന് വിളിക്കുന്നതു ശരിയല്ലെന്നു പറഞ്ഞ് ചാച്ചൻ പരസ്യ മായി ആ ഗ്രൂപ്പിനെ ഞങ്ങളുടെ നാട്ടിലും വീട്ടിലും വരു ന്നത് വിലക്കുകയും, 1987 ൽ വിടുതൽ ഗ്രൂപ്പിൽ നിന്ന് മാറു കയും ചെയ്തപ്പോൾ വലിയൊരു സമാധാനവും ആശ്വ സവും എനിക്കുണ്ടായി.

യൗവനകാലത്തെ ആത്മീയ ജീവിതമെങ്ങനെയായിരന്നു?

പ്രകടമായ പാപപ്രവൃത്തികളില്ലെങ്കിലും ചിന്തയിലും മനോ ഭാവത്തിലും എന്നിൽ രഹസ്യപാപങ്ങളുണ്ടായിരുന്നു. അവ യുടെ മേൽ ജയം പ്രപിക്കണമെന്ന് എനിക്കാഗ്രഹമുണ്ടായി രുന്നു എങ്കിലും എനിക്കത് സാധിച്ചിരുന്നില്ല. ഒരു ജയജീ വിതം കിട്ടുവാൻ ഞാൻ കഠിനോപാവാസം എടുത്തുനോ ക്കി. B.Sc. യ്ക്കും M.Sc. യ്ക്കും പഠിച്ചുകൊണ്ടിരുന്ന പ്പോൾ മിക്കവാറും ഉച്ചവരെ ഉപവാസമായിരുന്നു. ഒരവസ രത്തിൽ മൂന്നു ദിവസത്തിലൊരിക്കൽ മാത്രം ആഹാരം കഴി ച്ചുകൊണ്ട് മൂന്നു മാസത്തിലേറെ ഞാൻ വളരെ കഠിനമായ ഉപവാസം എടുത്തു. ഹൃദയത്തിലെ നല്ല ആഗ്രഹങ്ങളെ കാണുന്ന ദൈവം എനിക്കതു സാധിപ്പിച്ചുതന്നു. 33

B.Sc. നല്ല മാർക്കോടെ പാസ്സായെങ്കിലും ഉപരിപഠന ത്തിന് **admission** കിട്ടാതെ ഞാൻ നിരാശപ്പെട്ടുപോയ ഒരു സന്ദർഭവുമുണ്ടായി. എന്റെ ഭാവി തകർന്നുവോ എന്ന് ഞാൻ തളർന്നു വിഷമിച്ചുപോയ ഒരു സന്ദർഭമായിരുന്നു. പഠിച്ചു പാസ്സായി ഒരു ജോലിയും കിട്ടിയില്ലെങ്കിലും സാരമില്ല, ക്രിസ്തുവിനോടു ചേർന്നു ജീവിക്കുന്നത് കണ്ടാൽ മതി യെന്ന് ചാച്ചൻ പറയുന്നത് കേട്ടെങ്കിലും, എന്റെ ജീവിതം അടിയ്ക്കടി തളർന്നുകൊണ്ടിരുന്നു,

പിന്നെ, ആ നിരാശയും തളർച്ചയും മാറിയതെങ്ങനെയാണ്?

ഞാൻ വളരെ വ്യക്തമായ ഒരു സമർപ്പണമെടുത്തു. രഹസ്യങ്ങൾ കാണുന്ന ദൈവം പ്രസാദിക്കത്തക്കവണ്ണം ഞാൻ മേലിൽ ജീവിക്കുമെന്ന് വ്യക്തമായ ഒരു ദൃഢനിശ്ചയം ഞാനെടുത്തു. അതിനെ തുടർന്ന് എനിക്ക് M.Sc യ്ക്ക് അഡ്മിഷൻ കിട്ടി. ബാങ്ക് ടെസ്റ്റ് എഴുതിയതെല്ലാം പാസ്സായി. S.B.T യിൽ നിയമനം ലഭിച്ചാതാണ്. M.Sc തീർന്നിട്ടേ ജോലി സ്വീകരിക്കൂ എന്ന് നിശ്ചയിച്ചു. M.Sc. രണ്ടാം വർഷം ഡിസംബറിൽ United Bank of India യുടെ Probationary Officer ആയി കൽക്കട്ടയിൽ നിയമനം ലഭിച്ചു. വലിയൊരു ദൈവകൃപ അക്കാര്യത്തിലുണ്ടായിരുന്നു. M.Sc കഴിഞ്ഞതിനുശേഷം Join ചെയ്യാം എന്ന് ഞാനറിയിച്ചു. ആ ജോലി നഷ്ടപ്പെട്ടു എന്നു വിചാരിച്ച് എട്ടുമാസം പിന്നിട്ടപ്പോൾ അടുത്ത ആഗസ്റ്റിൽ M.Sc പരീക്ഷയുടെ Viva കഴിഞ്ഞ് തിരികെ വീട്ടിലെത്തിയ ദിവസം വീണ്ടും നിയമന ഓർഡർ. ഉടൻ Join ചെയ്യുക എന്ന്. പിന്നീട് ഞാനറിഞ്ഞു, ആ ബാങ്കിന്റെ ചരിത്രത്തിൽ ഇതാദ്യത്തെ സംഭവമാണ് എന്ന്. അങ്ങനെ ഭൗതിക വിഷയത്തിലും ദൈവം എന്റെ ജീവിതത്തിൽ അത്ഭുതം ചെയ്തു.

ഇന്നത്തെ സ്ഥിതി എന്താണ്?

ഇന്ന് സ്റ്റാൻഡേർഡ് ചാർട്ടേഡ് ബാങ്കിൽ വളരെ ഉയർന്ന സ്ഥാനത്ത് ജോലിചെയ്യുന്നു. ഞങ്ങൾ കുടുംബമായി ബോംബെയിൽ താമസിക്കുന്നു. ആത്മീയമായി വളരെ സമാധാനമായി കഴിയുന്നു. ഒരു പാപവും മനസ്സറിഞ്ഞുവരാതെ നിൽക്കണം എന്ന നിഷ്ഠ കർത്താവ് കൃപയാൽ തന്നിട്ടുണ്ട്. ചാച്ചൻ അനുഭവിച്ച്, ആരാധിച്ച്, സാക്ഷിക്കുന്ന ക്രിസ്തുവിനെ സ്നേഹിച്ച് അവിടത്തെ രണ്ടാമത്തെ വരവിനുവേണ്ടി നോക്കിപ്പാർത്തിരിക്കണം എന്നേ എനിക്കാശയുള്ളൂ.

ജോസഫിന് ആത്മീയമായ കാഴ്ചപ്പാടും ഭക്തിജീവിതവും നൽകിയ ക്രിസ്തുവിനെ ഞാൻ സ്തുതിക്കുകയാണ്. ജോസഫിന്റെ ജീവിതത്തിലെ നിരാശയും മടുപ്പും മാറ്റി ജീവിതത്തിൽ പ്രത്യശയും ശാന്തിയും നൽകിയ ക്രിസ്തു ഏവർക്കും സമാധാനം നൽകാൻ ശക്തനാണ്.

പ്രിയ ദൈവപൈതലേ, യേശുനൽകുന്ന ശാന്തിനേടുവാൻ നിന്നെത്തന്നെ ക്രിസ്തുവിന്റെ ക്രൂശിൻ ചുവട്ടിൽ നീ അർപ്പിക്കു. ക്രിസ്തു പ്രസാദിക്കുന്ന ഒരു പുതിയ ജീവിതം ഇന്ന് തുടങ്ങൂ. ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരം നിന്നെ ഐശ്വര്യമായി നടത്തട്ടെ.

# ആറ്

“ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്.”

2 തിമൊ. 1 : 7

പത്രോസ് ഭീരുവും ചഞ്ചലഹൃദയനുമായിരുന്നു. എന്നാൽ പത്രോസിന്റെ മേൽ ശക്തിയുടെ ആത്മാവിനെ പകർന്ന് ആത്ഭുതകരമായ രൂപാന്തരം നൽകിയ ക്രിസ്തു ഇന്നും ജീവിക്കുന്നു.

ഇന്നു മുതൽ ഞാൻ നിന്നെ മനുഷ്യരെ പിടിക്കുന്നവനാക്കും എന്ന അരുളപ്പാട് ശിമോനെ ആകെ മാറ്റിമറിച്ചു. ഗലീലാക്കടലിലെ അത്ഭുതകരമായ മീൻ പിടുത്തത്തെത്തുടർന്ന് ശിമോൻ ക്രിസ്തുവിനെ അനുഗമിച്ചു.

ഒന്ന്, **followed -** അനുഗമിച്ചു.

പിറകേ പോകാൻ യോഗ്യനാണ് കർത്താവായ യേശു

ക്രിസ്തു. വിശ്വസിക്കാൻ കൊള്ളാവുന്നവനാണ് കർത്താവായ യേശുക്രിസ്തു. ആരാധിക്കാൻ യോഗ്യനാണ് കർത്താവായ യേശുക്രിസ്തു. ശുശ്രൂഷിക്കാൻ അർഹനാനാണ് കർത്താവായ യേശുക്രിസ്തു.

ശിമോൻ കർത്താവിനെ അനുഗമിച്ചു. ശിമോൻ ക്രിസ്തുവിന്റെ ശിഷ്യനായിത്തീർന്നു.

ശിമോനെ പിന്നീട് നാം കാണുന്നത് ഗലീലാക്കടലിൽ കൊടുങ്കാറ്റിൽ ആടി ഉലയുന്ന പടകിൽ ഇരിക്കുന്നതായിട്ടാണ്. കടൽ അലറുകയാണ്. അലകൾ ആർത്തടിക്കുകയാണ്. കാറ്റ് ചീറി ഊതുകയാണ്. പടക് മുങ്ങാറാവുകയാണ്. ശിഷ്യന്മാർ മരണഭീതിയോടെ വാവിട്ട് നിലവിളിക്കുകയാണ്.



ഉദ്വേഗപൂർണ്ണമായ ആ സമയത്ത് യേശു കടലിൽ തെറുത്തുയരുന്ന തിരമാലകളെ ചവിട്ടി മെതിച്ചുകൊണ്ട് പടകിനോടു അടുത്തു. പെരുവെള്ളത്തിന്മീതെ നടക്കുന്ന ക്രിസ്തുവിനെ കണ്ടപ്പോൾ 'ഭൂതം' എന്നു പറഞ്ഞ് ശിഷ്യന്മാർ നിലവിളിച്ചു. പടകോ മുങ്ങാറായിരിക്കുന്നു. അപ്പോൾ ഇതാ ഒരു ഭൂതം വെള്ളത്തിന്മീതെ നടന്നടുക്കുന്നു! കൂനിന്മേൽ കുരു എന്ന പഴഞ്ചൊൽ പറയുന്നില്ലേ? അതുപോലെയായി.

സഹായിക്കാൻ വന്ന ക്രിസ്തുവിനെ ഭൂതം എന്ന് അവർ കരുതി. രക്ഷിക്കാൻ വന്ന ക്രിസ്തുവിനെ നശിപ്പിക്കുന്നവൻ എന്ന് അവർ ചിന്തിച്ചു. ഭയമകറ്റാൻ വന്ന ക്രിസ്തുവിനെ കണ്ട് അവർ ഭയന്നു.

ഇന്നും അങ്ങനെയല്ലേ? സത്യ സുവിശേഷം പ്രഖ്യാപിക്കുന്നവരെ തെറ്റിദ്ധരിക്കുകയല്ലേ? സമാധാനം സുവിശേഷിക്കുന്നവരെ സംശയിക്കുകയല്ലേ? സാക്ഷാൽ ദൈവപുത്രനെ പിശാചുക്കളുടെ തലവൻ – ബെയത്സബുബ്– എന്ന് വിളിച്ച

ലോകം ഇന്നും ക്രിസ്തുവിന്റെ വചനത്തെയും ക്രിസ്തുവിന്റെ ശുശ്രൂഷകരെയും നിഷേധിക്കുകയല്ലേ?

യേശുവിനെ 'ഭൂതം' എന്ന് ശിഷ്യന്മാർ കരുതി, പേടിച്ച്. നിലവിളിച്ചു. ക്രിസ്തു പറഞ്ഞു:

"ധൈര്യപ്പെടുവിൻ; ഞാൻ ആകുന്നു; പേടിക്കണ്ട."

അപ്പോൾ ശിമോൻ പറഞ്ഞു:

> "കർത്താവേ, നീ ആകുന്നു എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കെ വരേണ്ടതിന്നു കൽപ്പിക്കേണം."
>
> മത്തായി. 14: 28

"വരിക" എന്ന് യേശു പറഞ്ഞു. പത്രോസ് പടകിൽ നിന്ന് വെള്ളത്തിലേക്ക് കാൽ എടുത്തു വെച്ചു. വെള്ളത്തിന്മീതെ നടന്നു. വലിയോരത്ഭുതം! യേശു നടന്നതുപോലെ യേശുവിന്റെ ശിഷ്യനും നടക്കുന്നു.

> "അവനിൽ വസിക്കുന്നു എന്നു പറയുന്നവൻ അവൻ നടന്നതുപോലെ നടക്കേണ്ടതാകുന്നു."
>
> 1 യോഹ. 2: 6

എന്ന് തിരുവചനം പറയുന്നു.

ക്രിസ്തു സ്നേഹത്തിൽ നടന്നു. ക്രിസ്തു വിശുദ്ധിയിൽ നടന്നു. ക്രിസ്തു സമാധാനത്തിൽ നടന്നു. ക്രിസ്തു നടന്നതുപോലെ നാം നടക്കണം. അതേ സ്നേഹത്തിൽ, അതേ വിശുദ്ധിയിൽ, അതേ ഭാവത്തിൽ നാം നടക്കണം.

പത്രോസ് കർത്താവ് നടന്നതുപോലെ നടന്നുതുടങ്ങി. പക്ഷേ പെട്ടെന്ന് ഒരു തിരമാല ആഞ്ഞടിച്ചു വന്ന് തലയ്ക്കു

മീതെ കടന്നുപോയി. കാറ്റ് ചീറിയടിച്ചു. ഒരു നിമിഷനേരം പത്രോസ് ആ ഓളത്തിലേക്കൊന്നു നോക്കിപ്പോയി. ഒരു നിമിഷം യേശുവിങ്കൽ നിന്ന് കണ്ണുമാറിപ്പോയി.

പത്രോസ് പേടിച്ചു മുങ്ങിത്തുടങ്ങി. നിമിഷങ്ങൾക്കുള്ളിൽ കഴുത്തറ്റം വെള്ളത്തിലായി. പത്രോസ് ഇരുകരവും ഉയർത്തി നിലവിളിച്ചു:

"കർത്താവേ, എന്നെ രക്ഷിക്കേണമേ."

"യേശു ഉടനെ കൈ നീട്ടി അവനെ പിടിച്ചു;

രണ്ട്, Seized. പിടിക്കപ്പെട്ടു.

"അൽപ വിശ്വസിയായ നീ എന്തിന്നു സംശയിച്ചു." 36
എന്ന് യേശു ചോദിച്ചു.

ശിമോന്റെ കൈയിൽ പിടിച്ച് പടകിലേയ്ക്ക് കയറ്റി. അതോടെ കാറ്റ് ശാന്തമായി. അവർ എത്തേണ്ടിടത്ത് എത്തുകയും ചെയ്തു.

യേശുവിനെ അനുഗമിച്ചു. യേശുവിനാൽ പിടിക്കപ്പെട്ടു. followed, seized.

പിന്നീട് നാം ശിമോനെ കാണുന്നത് കൈസര്യയുടെ പ്രദേശത്തു വെച്ചാണ്. ക്രിസ്തുവിനെക്കുറിച്ച് ജനങ്ങൾ യോഹന്നാൻ സ്നാപകൻ എന്നും ഏലിയാവ് എന്നും യിരമ്യാവ് എന്നും മറ്റു പ്രവാചകന്മാരിൽ ഒരുത്തൻ എന്നും പല രീതിയിൽ പറയുന്നതായി കേട്ടപ്പോൾ യേശു ചോദിച്ചു:

"നിങ്ങളോ എന്നെ ആര് എന്നു പറയുന്നു.

ഉടനെ ശിമോൻ ചാടിപ്പറഞ്ഞു:

"നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തു."

മത്തായി 16: 16

അപ്പോൾ യേശു പറഞ്ഞു:

"ബാർയോനാശിമോനേ, നീ ഭാഗ്യവാൻ; ജഡ രക്തങ്ങൾ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവത്രേ നിനക്കു ഇതു വെളിപ്പെടുത്തിയതു. നീ പത്രോസ് ആകുന്നു; ഈ പാറമേൽ ഞാൻ എന്റെ സഭയെ പണിയും; പാതാള ഗോപുരങ്ങൾ അതിനെ ജയിക്കില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ ഞാൻ നിനക്കു തരുന്നു; നീ ഭൂമിയിൽ കെട്ടുന്നതു ഒക്കെയും സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതൊക്കെയും സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും."

മത്തായി 16: 17–19

"നീ ശിമോൻ ആകുന്നു. നീ പത്രോസ് ആകും." എന്നു പറഞ്ഞ യേശു സാഹചര്യങ്ങളിൽക്കൂടെ ശിമോനെ രൂപാന്തരപ്പെടുത്തി എടുത്തു. "നീ പത്രോസ് ആകുന്നു." എന്നു പറയുന്ന ശ്രേഷ്ഠമായ അനുഭവം പത്രോസ് പ്രാപിച്ചു.

മൂന്ന് – Blessed. അനുഗ്രഹിക്കപ്പെട്ടു.

അതു കഴിഞ്ഞ ഉടനെ യേശുവിന് വരാൻ പോകുന്ന കഷ്ടങ്ങളെക്കുറിച്ചും ക്രൂശികരണത്തെക്കുറിച്ചും കർത്താവ് ശിഷ്യന്മാരോടു പറഞ്ഞു. അപ്പോൾ പത്രോസ് കർത്താവിനെ വേറിട്ടു കൂട്ടികൊണ്ടുപോയി പറഞ്ഞു: "കർത്താവേ, അതു അരുതേ, നിനക്കു അങ്ങനെ ഭവിക്കരുതേ." മത്തായി 16: 22

പത്രോസിന് ശിക്ഷണം ലഭിച്ചു.

നാല് - disciplined.

ക്രിസ്തീയ ജീവിതം ശാസനത്തിന്റെയും ശിക്ഷണത്തിന്റെയും അനുഭവം സന്തോഷത്തോടെ ഏറ്റുവാങ്ങുന്ന ജീവിതമാണ്. ക്രൂശികരണമില്ലെങ്കിൽ മഹത്വീകരണമില്ലെന്ന് പത്രോസിനെ പഠിപ്പിക്കണമായിരുന്നു. Cross കഴിഞ്ഞാണ് Crown എന്ന പാഠം പത്രോസ് ഗ്രഹിക്കണമായിരുന്നു അതിന് ശാസനവും ശിക്ഷണവും അത്യന്താപേക്ഷിതമായിരുന്നു.

എന്നാൽ ആ ശാസനം പത്രോസിന് മറുതലിപ്പുളവാക്കിയില്ല. മത്സരമുണ്ടായില്ല. ശാസനത്തിന്റെയും തർജ്ജനത്തിന്റെയും മുന്നിൽ പത്രോസ് എളിമപ്പെട്ടു. 37

അതുകൊണ്ട് ആറു ദിവസം കഴിഞ്ഞപ്പോൾ കർത്താവ് പത്രോസിനെ യഥാസ്ഥാനപ്പെടുത്തി. ശിഷ്യന്മാരിൽ മൂന്നു പേരെ തെരഞ്ഞെടുത്തതിൽ പത്രോസിനെയും ഉൾപ്പെടുത്തി മറുരൂപമലയിലേക്കു കൊണ്ടുപോയി. ക്രിസ്തുവിന്റെ തേജസ്സ് പത്രോസ് കണ്ടു. മത്തായി 17: 1-8 വായിക്കുക.

പത്രോസ് യഥാസ്ഥാനപ്പെട്ടു.

അഞ്ച് - reinstated.

ശിക്ഷണവും ശാസനയും താൽക്കാലികമായി വേദനയുളവാക്കുന്നതാണ്. എബ്രായലേഖനകർത്താവ് പറയുന്നു;

> "മകനേ, കർത്താവിന്റെ ശിക്ഷ നിരസിക്കരുത്; അവൻ ശാസിക്കുമ്പോൾ മുഷികയുമരുത്. കർത്താവ് താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു; താൻ കൈക്കൊള്ളുന്ന ഏതു മകനെയും തല്ലുന്നു എന്നിങ്ങനെ മക്കളോടു എന്നപോലെ

> നിങ്ങളോടു സംവാദിക്കുന്ന പ്രബോധനം നിങ്ങൾ മറന്നു കളഞ്ഞുവോ? നിങ്ങൾ ബാലശിക്ഷ സഹിച്ചാൽ ദൈവം മക്കളോടു എന്നപോലെ നിങ്ങളോടു പെരുമാറുന്നു; അപ്പൻ ശിക്ഷിക്കാത്ത മകൻ എവിടെയുള്ളു? എല്ലാവരും പ്രാപിക്കുന്ന ബാലശിക്ഷ കൂടാതിരിക്കുന്നു എങ്കിൽ നിങ്ങൾ മക്കളല്ല കൗലടേയന്മാരത്രേ. നമ്മുടെ ജഡസംബന്ധമായ പിതാക്കാന്മാർ നമ്മെ ശിക്ഷിച്ചപ്പോൾ നാം അവരെ വണങ്ങിപ്പോന്നവല്ലോ; ആത്മാക്കളുടെ പിതാവിന്നു ഏറ്റവും അധികമായി കീഴടങ്ങി ജീവിക്കേണ്ടതല്ലയോ? അവർ ശിക്ഷിച്ചതു കുറെക്കാലവും തങ്ങൾക്കു ബോധിച്ച പ്രകാരവുമത്രേ; അവനോ, നാം അവന്റെ വിശുദ്ധിപ്രാപിക്കേണ്ടതിന്നു നമ്മുടെ ഗുണത്തിനായി തന്നേ ശിക്ഷിക്കുന്നത്. ഏതു ശിക്ഷയും തൽക്കാലം സന്തോഷകരമല്ല ദുഃഖകരമത്രേ എന്നു തോന്നും; പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്കു നീതി എന്ന സമാധാനഫലം ലഭിക്കും."
>
> എബ്രാ. 12: 5–11

ശാസന സദ്ഫലം ഉളവാക്കി. പത്രോസ് യഥാസ്ഥാനപ്പെട്ടു. ക്രിസ്തുവിന്റെ തേജസ്സും സ്വർഗ്ഗീയ സദസ്സും കാണാൻ താബോറിലേക്ക് നയിക്കപ്പെട്ടു.

ക്രിസ്തു ക്രൂശിക്കപ്പെടുന്നതിനുമുമ്പ് വരാൻ പോകുന്ന അപകടത്തെക്കുറിച്ച് ശിമോന് താക്കീത് നൽകിയിരുന്നു.

> "ശിമോനേ, ശിമോനേ, സാത്താൻ നിങ്ങളെ കോതമ്പുപോലെ പാറ്റേണ്ടതിന്നു കൽപന ചോദിച്ചു. ഞാനോ നിന്റെ വിശ്വാസം പോയ്പ്പോകാതി

> രിപ്പാൻ നിനക്കുവേണ്ടി അപേക്ഷിച്ചു....... പത്രോസേ, നീ എന്നെ അറിയുന്നില്ല എന്നു മൂന്നുവട്ടം തള്ളിപ്പറയും മുമ്പെ ഇന്നു കോഴി കൂകുകയില്ല എന്നു ഞാൻ നിന്നോടു പറയുന്നു."
>
> ലൂക്കോസ് 22: 31–34

ആറ്, Warned. താക്കീത് ലഭിച്ചിരുന്നു. മുന്നറിയിപ്പ് ലഭിച്ചിരുന്നു.

എന്നാൽ പരീക്ഷയിൽ ശിമോൻ തോറ്റു പോയി. യേശുവിനെ വിസ്തരിക്കുമ്പോൾ യേശുവിനെ ദൂരവെ അനുഗമിച്ച (അകലം വിട്ട് പിൻ ചെന്ന) പത്രോസ് മൂന്നുപ്രാവിശ്യം കർത്താവിനെ തള്ളിപ്പറഞ്ഞു. 38

ഒരു ബാല്യക്കാരത്തി പറഞ്ഞു: ഇവനും അവനോടുകൂടെ ആയിരുന്നു. "സ്ത്രീയേ ഞാൻ അവനെ അറിയുന്നില്ല" എന്ന് തള്ളിപ്പറഞ്ഞു.

മറ്റൊരുവൻ പറഞ്ഞു: നീയും അവരുടെ കൂട്ടത്തിലുള്ളവൻ. "മനുഷ്യാ ഞാൻ അല്ല" എന്ന് പിന്നെയും തള്ളിപ്പറഞ്ഞു.

വേറൊരുവൻ, ഇവനും അവനോടുകൂടെ ആയിരുന്നു, സത്യം. ഇവൻ ഗലീലക്കാരനല്ലോ എന്ന് നഷ്ക്കർഷിച്ചു പറഞ്ഞു.

> "നിങ്ങൾ പറയുന്ന മനുഷ്യനെ ഞാൻ അറിയുന്നില്ലാ" എന്നു പ്രകുവാനും ആണയിടാനും തുടങ്ങി."
>
> മാർക്കോസ് 14 : 66 – 72
>
> ലൂക്കോസ് 22 : 54 – 62
>
> മത്തായി 26 : 69 – 75

പത്രോസിന്റെ ഭീരുത്വം കൊണ്ടാണല്ലോ കർത്താവിനെ

തള്ളിപ്പറഞ്ഞത്. ക്രിസ്തുവിന് ഏറ്റതുപോലെയുള്ള യാതനയും ആക്ഷേപവും നേരിടേണ്ടി വരുമോ എന്ന ഭീതി പത്രോസിനെ അലട്ടി. ഏങ്കിലും തെറ്റുപറ്റിക്കഴിഞ്ഞപ്പോൾ പത്രോസ് പുറത്തുപോയി അതിദുഃഖത്തോടെ കരഞ്ഞു.

ഏഴ്, Repented - അനുതപിച്ചു.

ഭീരുത്വവും ചാഞ്ചാട്ട പ്രകൃതിയുള്ളവനും മനുഷ്യമാനവും ലോകപ്രീതിയും ആഗ്രഹിച്ചവനുമായ ശിമോൻ പത്രോസിനെപ്പോലെയുള്ളവരല്ലേ നാമും? പത്രോസ് അനുതപിച്ചതുപോലെ അതിദുഃഖത്തോടെ നമ്മിലേക്ക് നോക്കിക്കരയാൻ നമുക്കു കഴിഞ്ഞാൽ പത്രോസിന് രൂപാന്തരം വരുത്തിയ ക്രിസ്തു നമുക്കും രൂപാന്തരം വരുത്തും.

രൂപാന്തരത്തിന്റെ ഭാഗ്യം ലഭിച്ച ഒരു ദൈവപൈതലാണ് രാമമംഗലം അടുത്ത് ഊരമനയിലുള്ള അനിൽ. അലൂമിനിയം ഫാബ്രിക്കേഷൻ ബിസിനസ്സ് നടത്തുന്ന അനിലിന്റെ ജീവിതത്തിൽ രൂപാന്തരം വന്നതെങ്ങനെയെന്ന് നമുക്കു ചോദിച്ചറിയാം.

അനിലിന്റെ ബാല്യകാല ജീവിതം എങ്ങനെയായിരുന്നു.?

ഞാൻ ഊരമന ഗലീലാക്കുന്നു യാക്കോബായ പള്ളി ഇടവകാംഗമാണ്. ബാല്യവും മുതൽ വലിയ നിരാശയായിരുന്നു എനിക്ക്. എന്റെ വീട്ടുകാരിലും നാട്ടുകാരിലുമെല്ലാം ഞാൻ കഴിവില്ലാത്തവനാണ് എന്ന ചിന്ത എനിക്കുണ്ടായിരുന്നു. ആളുകൾ കൂടുന്നിടത്ത് ഞാൻ ചെല്ലുവാൻ മടിച്ചിരുന്നു. പള്ളിയിൽ പോവുകയും സണ്ടെസ്കൂൾ പഠിക്കുകയും പിന്നീട് സണ്ടെസ്കൂൾ പഠിപ്പിക്കുകയും ചെയ്തിരുന്നെങ്കിലും ഈ വലിയ നിരാശ എന്നെ തളർത്തിക്കൊണ്ടിരുന്നു.

ബാല്യത്തിൽ വലിയ പ്രകടമായ പാപങ്ങളൊന്നും ഞാൻ

ചെയ്തിരുന്നില്ല. പക്ഷേ, കോളേജ് വിദ്യാഭ്യാസ കാലത്ത് ഞാൻ നല്ലതുപോലെ ഒഴപ്പി, കൂട്ടുകാര് കൂടി മദ്യപാനം, സിനിമ, മ്ലേഛമോഹങ്ങൾ, ആരോടും ധിക്കാരം പറയുന്ന സ്വഭാവം എല്ലാം എന്റെ ജീവിതത്തിലുണ്ടായി.

എങ്ങനെയാണ് ഒരു മാനസാന്തരം ഉണ്ടായത്?

ചില കൂട്ടുകാരും ചേട്ടന്മാരും എന്നെ നിർബ്ബന്ധിച്ചതുകൊണ്ട് ഞാൻ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ ഒരു കൺവെൻഷനിൽ സംബന്ധിച്ചു. ജീവിതം ക്രിസ്തുവിന് സമർപ്പിക്കുവാൻ സാറ് വചനത്തിൽകൂടി ആഹ്വാനം ചെയ്തപ്പോൾ എനിക്കും സമർപ്പിക്കണമെന്ന് തോന്നി. എങ്കിലും എന്റെ യൗവനം, കൂട്ടകെട്ട് മുതലായവ ഓർത്തപ്പോൾ പിന്നെ മതി എന്ന് ഞാൻ ചിന്തിച്ചു. അപ്പോഴാണ് സാർ ആ കൺവെൻഷനിൽ ഒരാളെ എഴുന്നേൽപിച്ചു നിറുത്തിയത്. അദ്ദേഹം ഒരാളെ കൊല്ലുവാൻ കഠാരയും പിടിച്ചുകൊണ്ട് അയാളുടെ പിറകെ ഓടിയതാണെന്നും ഇന്ന് സമാധാനമുള്ള ജീവിതം നയിക്കുന്നു എന്നും സാറ് പറഞ്ഞപ്പോൾ എന്റെ ഹൃദയം തകർന്നുപോയി. അപ്പോൾ ഒരു പുതപ്പ് എന്നെ മൂടുന്നതുപോലെ എനിക്ക് തോന്നി. അതുവരെ അനുഭവിക്കാത്ത ദൈവസ്നേഹം എന്നെ വന്ന് പൊതിഞ്ഞു. ഞാൻ പൊട്ടിപൊട്ടിക്കരഞ്ഞുകൊണ്ട് അവിടെയിരുന്ന് എന്നെത്തന്നെ കർത്താവിന്റെ കൈകളിലേക്ക് സമർപ്പിച്ചു. അത് ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റിയേഴ് ഏപ്രിൽ പതിനൊന്നാം തീയതിയായിരുന്നു.

അതിനെ തുടർന്നുള്ള അനുഭവങ്ങളെന്തെല്ലാമായിരുന്നു?

എന്റ നിരാശമാറി, പാപം മാറി, അശുദ്ധിമാറി, ചീത്ത കൂട്ടകെട്ടുകൾ മാറി, ഞാനൊരു പുതിയ മനുഷ്യനായി. സ്തുതു കേൾക്കുന്നതു അലർജി ആയിരുന്ന എനിക്ക് സ്തുതി ആന

ന്ദമായി മാറി. തെറിപ്പാട്ടും അശുദ്ധിയും മാത്രം സംസാരിച്ചിരുന്ന നാവിൽ സ്തുതി ലഭിച്ചു.

വീട്ടിൽ പ്രാർത്ഥന ആരംഭിച്ചു. ഞാനും എന്റെ സഹോദരനും സണ്ടെസ്കൂൾ അദ്ധ്യാപകരായിരുന്നെങ്കിലും അതുവരെ വീട്ടിൽ പ്രാർത്ഥന ഉണ്ടായിരുന്നില്ല. കുടുംബപ്രാർത്ഥന തുടങ്ങി. വീടിന്റെ അന്തരീക്ഷം ആകെമാറി.

ഏറ്റവും ചീത്തയായിരുന്ന എന്നെ കർത്താവ് ഉയർത്തി. ഇന്ന് ഞാൻ എന്റെ ബന്ധുമിത്രാദികളുടെ ഇടയിൽ ഒരത്ഭുതമാണ്. മാനസാന്തരപ്പെട്ടതിനു ശേഷം എന്റേതല്ലാത്ത അനേകം സാധനങ്ങൾ തിരികെ കൊണ്ടുപോയി കൊടുത്ത് മാപ്പു ചോദിച്ചു. എന്റെ അദ്ധ്യാപകരോട് ക്ഷമ പറഞ്ഞു.

ഇപ്പോൾ ഭൗതികമായും സാമ്പത്തികമായും ക്ഷേമവും ഐശ്വര്യവും കർത്താവ് തന്നു. കർത്താവിന്റെ ഒരു വിശുദ്ധപൈതലായി അന്ത്യത്തോളം നിൽക്കണമെന്ന് ആശിച്ച് ഞാനീ കൂട്ടായ്മയുടെ ആത്മീയ പ്രവർത്തനങ്ങളിൽ പങ്കാളിയായി കഴിയുന്നു.

മാന്യസ്നേഹിതാ, ഈ യൗവ്വനക്കാരന്റെ സ്ഥിതി മാറ്റിയ ദൈവം നിന്റെയും ജീവിതത്തിൽ അത്ഭുതം പ്രവർത്തിപ്പാൻ ശക്തനാണ്. നിന്റെ നിരാശയും ഭീരുത്വവും തളർച്ചയും കർത്താവ് മാറ്റിത്തരും. നിനക്കും ശോഭനമായ കാലങ്ങൾ തരും. ക്രിസ്തുവിന്റെ ആണിപ്പാടുള്ള കരങ്ങളിലേക്ക് നിന്റെ ജീവിതം നീ സമർപ്പിക്കുക. ഒരു വിശുദ്ധ ദൈവപൈതലായി ഇനിമേൽ ജീവിക്കുമെന്ന് തീരുമാനിക്കുക. ക്രിസ്തു നിന്റെ തീരുമാനത്തിന്മേൽ മുദ്രയിടട്ടെ, നിന്നെ നശിപ്പിച്ചുകൊണ്ടിരിക്കുന്ന പാപത്തെയും ശാപത്തെയും ക്രൂശിൽ ചൊരിഞ്ഞ രക്തത്തിൽ മാറ്റട്ടെ. നിനക്ക് ഒരു ഭാഗ്യകരമായ പുതുജീവികം നൽകട്ടെ.

## ഏഴ്

"ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്." 40

2 തിമൊ. 1 : 7

അവർ പത്രോസിന്റെയും യോഹന്നാന്റെയും ധൈര്യം കാൺകയാലും ഇവർ പഠിപ്പില്ലാത്തവരും സാമാന്യരുമായ മനുഷ്യർ എന്നു ഗ്രഹിക്കുയാലും ആശ്ചര്യപ്പെട്ടു.

അപ്പോ. പ്രവൃ. 4 : 13

കർത്താവായ യേശുക്രിസ്തു രൂപാന്തരം വരുത്തുന്നവനാണ്. ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഭീരുക്കളെ ധൈര്യശാലികളാക്കുന്നവനാണ്. ജീവനുള്ള ദൈവത്തിന്റെ ആത്മാവ് ചഞ്ചലഹൃദയരെ സ്ഥിപമാനസരാക്കുന്നവനാണ്.

പത്രോസ് ഭീരുവായിരുന്നു. അതുകൊണ്ടാണ് യേശുക്രിസ്തുവിനെ തള്ളിപ്പറഞ്ഞത്. "ഇവനെ ഞാൻ അറിയു

ന്നില്ല” എന്ന് പറഞ്ഞത്. യേശുവിനു സംഭവിച്ചതുപോലെ അതേ നിന്ദയും പീഢയും തനിക്കും ഏൽക്കേണ്ടിവരുമല്ലോ എന്ന ഭയം കൊണ്ടാണ്, ആ അപമാനത്തെയും ഉപദ്രവങ്ങളെയും ഒഴിവാക്കുന്നതിനുവേണ്ടി, കർത്താവിനെ തള്ളിപ്പറഞ്ഞത്.

മുന്നറിയിപ്പു കിട്ടിയിട്ടും പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞു. പത്രോസ് നല്ല ധൈര്യത്തോടെ കർത്താവിനോടു പറഞ്ഞതാണ്.

> “കർത്താവേ, ഞാൻ നിന്നോടുകൂടെ തടവിലാകുവാനും മരിപ്പാനും ഒരുങ്ങിയിരിക്കുന്നു.”
>
> ലൂക്കോസ് 22: 33

ഈ പറഞ്ഞത് കപടമായിട്ടല്ല. നല്ല ബോദ്ധ്യത്തോടു കൂടിയാണ് ഇങ്ങനെ പറഞ്ഞത്. എന്നാൽ ഉപബോധമനസ്സിൽ ഭീരുത്വം നിൽക്കുന്നു. ബോധമനസ്സിൽ അങ്ങനെ ഒരു ധാരണയില്ല താനും. അതുകൊണ്ടാണ് നല്ല് ദൃഢതയോടെ പത്രോസ് ഇങ്ങനെ പറഞ്ഞത്.

അനേകം വിശ്വാസികളും ഇങ്ങനെയാണ്. ബോധമനസ്സലില്ലാത്തതുകൊണ്ട് അങ്ങനെയൊരു പാപസ്വഭാവം എന്നിലില്ല എന്നാണ് ചിന്തിക്കുന്നത്. എന്നാൽ ഉപബോധമനസ്സിൽ അടിഞ്ഞുകൂടിക്കിടക്കുന്ന പലമനോഭാവങ്ങളും പ്രകൃതികളും പ്രവണതകളും ഉള്ളിലുള്ളതായി തോന്നുന്നില്ല.

അത് നല്ലതുപോലെ അറിഞ്ഞതുകൊണ്ടാണ് ദാവീദ് പ്രാർത്ഥിക്കുന്നത്:

> “മറഞ്ഞിരിക്കുന്ന തെറ്റുകളെ പോക്കി എന്നെ മോചിക്കേണമേ. സ്വമേധാപാപങ്ങളെ അകറ്റി അട

യനെ കാക്കേണമേ; അവ എന്റെ മേൽ വാഴ
രുതേ; എന്നാൽ ഞാൻ നിഷ്ക്കളങ്കനും മഹാപാ
തര രഹിതനും ആയിരിക്കും."

സങ്കീ. 19: 12–13

"ദൈവമേ, എന്നെ ശോധന ചെ.യ്ത് എന്റെ
ഹൃദയത്തെ അറിയേണമേ; എന്നെ പരിക്ഷിച്ചു
എന്റെ നിനവുകളെ അറിയേണമേ. വ്യസനത്തി
നുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്നു നോക്കി,
ശാശ്വത മാർഗ്ഗത്തിൽ എന്നെ നടത്തേണമേ."

സങ്കീ. 139: 23–24

ഒന്ന്, denial - തള്ളിപ്പറഞ്ഞു. 41

ഒരിക്കലും സംഭവിക്കരുതായിരുന്നു. ഏറ്റവും നിർണായക മായ സന്ദർഭത്തിൽ തള്ളിപ്പറഞ്ഞു. മർമ്മഭേദകമാണിത്. ഭീരുത്വത്തിന്റെ ആത്മാവ് പത്രോസിൽ അപ്പോൾ വാഴുകയായിരുന്നു. അതുകൊണ്ടാണ് തള്ളിപ്പറഞ്ഞത്.

പ്രിയസ്നേഹിതാ, നീ ഭീരുവായിപ്പോയിട്ടുണ്ടോ? ദൈവത്തോടും ദൈവജനത്തോടും ചേർന്നു നിൽക്കുന്നതിന് നീ ലജ്ജിച്ചിട്ടുണ്ടോ? ദൈവജനത്തിന്റെ കൂട്ടായ്മയിൽ പോകുന്നതിൽ നിനക്കു നാണമുണ്ടോ?

മനുഷ്യരുടെ ഇടയിൽ ഞാൻ ഒറ്റപ്പെട്ടു പോകുകയില്ലേ? ആളുകൾ എന്നെ കളിയാക്കുകയില്ലേ? സകലരും എന്നെ പുച്ഛിക്കുകയില്ലേ? എന്റെ നിലയും വിലയും പോകുകയില്ലേ? എന്റെ സ്ഥാനവും മാനവും നഷ്ടപ്പെടുകയില്ലേ? ഇതു പോലെ നീ ചിന്തിച്ചിട്ടുണ്ടോ?

തിരുവചനം പറയുന്നു:

"മനുഷ്യരുടെ മുമ്പിൽ എന്നെ ഏറ്റുപറയുന്ന ഏവനെയും സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ മുമ്പിൽ ഞാനും ഏറ്റു പറയും. മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറയുന്നവ നെയോ എന്റെ പിതാവിൻ മുമ്പിൽ ഞാനും തള്ളിപ്പറയും." മത്തായി. 10: 32–33

> "ആരെങ്കിലും എന്നെയും എന്റെ വചനങ്ങ ളെയും കുറിച്ചു നാണിച്ചാൽ അവനെക്കുറിച്ചു മനുഷ്യപുത്രനും തന്റെ പിതാവിന്റെ തേജസ്സിൽ വിശുദ്ധ ദൂതന്മാരുമായി വരുമ്പോൾ നാണി ക്കക്കും."
>
> മാർക്കോസ് 8: 38, ലൂക്കോസ് 9: 26

ഭീരുത്വത്തിന്റെ ആത്മാവ് ഉള്ളത്തിൽ വസിക്കു ന്നതുകൊണ്ടാണ് അനേകരും ക്രിസ്തുവിനെ സാക്ഷിക്കാ ത്തതും ക്രിസ്തുവിനെ ഏറ്റുപറയുവാൻ ലജ്ജിക്കുന്നതും.

രണ്ട് – Repentance - അനുതപിച്ചു.

പക്ഷേ, പത്രോസ് കർത്താവിനെ തള്ളിപ്പറഞ്ഞതിനുശേഷം അനുതപിച്ചു.

> "അപ്പോൾ കർത്താവ് തിരിഞ്ഞു പത്രോസിനെ ഒന്നു നോക്കി; ഇന്നു കോഴികൂകും മുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു കർത്താവ് തന്നോടു പറഞ്ഞവാക്കു പത്രോസ് ഓർത്തു പുറ ത്തിറങ്ങി അതിദുഃഖത്തോടെ കരഞ്ഞു."
>
> ലൂക്കോസ് 22: 61, മത്തായി 26: 75

വിസ്താരരംഗത്ത് നിൽക്കുമ്പോൾ കർത്താവ് പരിഹസി ക്കപ്പെട്ടു. മുഖത്ത് മുഷ്ടി ചുരുട്ടി കുത്തി, കന്നത്തടിച്ചു.

ശിരസ്സിൽ മുൾമുടി വെച്ചു. പടയാളികൾ ചാട്ടവാറുകൊണ്ട് അടിച്ചു, പുറം ഉഴവുചാലുകൾ പോലെ കീറി. കണ്ണു മൂടുക്കെട്ടി തല്ലിയിട്ട്, നിന്നെ തല്ലിയതാര് എന്നു പറക എന്നു പറഞ്ഞ് ആക്ഷേപിച്ചു. എല്ലാം വേദനാകരംതന്നെ.

പക്ഷേ, അതിലെല്ലാറ്റിലും കർത്താവിന് തീവ്രമായ വേദന നൽകിയത് പ്രിയശിഷ്യനായ ശിമോൻ പത്രോസ് തള്ളിപ്പറഞ്ഞതാണ്. മൂന്നരവർഷം തന്റെകൂടെ നടന്ന് അനേകം അത്ഭുതങ്ങളും അടയാളങ്ങളും അനുഭവിച്ച പത്രോസ് പറഞ്ഞത്, ഇവനെ ഞാൻ അറിയുന്നില്ല, എനിക്കവനെ പരിചയമില്ല എന്നത്രേ. അസഹനീയമായ വാക്കുകൾ.

മാന്യ ദൈവപൈതലേ, നീ ദൈവപുത്രന് ഇതുപോലെ വേദന കൊടുത്തിട്ടുണ്ടോ? എനിക്കൊരു പരിചയവുമില്ല എന്നു പറയുന്നതുപോലെ ക്രിസ്തുവിനെപ്പറ്റി നീ അന്യനെപ്പോലെയും ഒരു അപരിചിതനെപ്പോലെയും മറ്റുള്ളവരുടെ മുമ്പിൽ ഭാവിച്ചിട്ടുണ്ടോ? 42

എങ്കിൽ പ്രിയസ്നേഹിതാ, ക്രിസ്തു നിന്നെ തിരിഞ്ഞു നോക്കുകയാണ്. ആ വേദനയൂറുന്ന നോട്ടം നീ ഒന്നു കാണുമോ? ആ ആർദ്രതയേറിയ നോട്ടം നീ ഒന്നു കാണുമോ? ആ വാത്സല്യമോലുന്ന കണ്ണുകളിലേക്കൊന്ന് നീ നോക്കുമോ? എന്നാൽ നീ തീർച്ചയായും അനുതപിക്കും. നീ വിതുമ്പി, വിതുമ്പിക്കരയും. നിന്റെ ഉള്ളം വിങ്ങിപ്പൊട്ടും.

പത്രോസ് അനുതപിച്ചു കരഞ്ഞു. ഉയർത്തെഴുന്നേറ്റദിവസം ക്രിസ്തുവിന്റെ കല്ലറയുടെ ഉള്ളിൽ സ്വർഗ്ഗീയ ശബ്ദം മുഴങ്ങുമ്പോൾ പത്രോസിന്റെ കാര്യം പ്രത്യേകം എടുത്തുപറയുന്നുണ്ട്:

ഭ്രമിക്കേണ്ട; ക്രൂശിക്കപ്പെട്ട നസറായനായ

> യേശുവിനെ നിങ്ങൾ അന്വേഷിക്കുന്നു; അവൻ ഉയിർത്തെഴുന്നേറ്റു; അവൻ ഇവിടെ ഇല്ല; അവനെ വെച്ചസ്ഥലം ഇതാ, നിങ്ങൾ പോയി അവന്റെ ശിഷ്യന്മാരോടും പത്രോസിനോടും: അവൻ നിങ്ങൾക്കു മുമ്പെ ഗലീലെക്കു പോകുന്നു എന്നു പറവിൻ; അവൻ നിങ്ങളോടു പറഞ്ഞതുപോലെ അവിടെ അവനെ കാണും എന്നു പറവിൻ എന്നു പറഞ്ഞു."
>
> മാർക്കോസ് 16: 6–7

പത്രോസിന്റെ കാര്യം പ്രത്യേകം നിർദ്ദേശിക്കുകയാണ്. തള്ളിപ്പറഞ്ഞുപോയല്ലോ എന്ന്. നിരാശനായി, ക്ഷീണിച്ച്, അവശനായി ഇരിക്കുന്ന പത്രോസിനെ ധൈര്യപ്പെടുത്തുവാനും പ്രോത്സാഹിപ്പിക്കുവാനും ദൈവം അദ്ധ്വാനിക്കുകയാണ്.

മൂന്ന് – Encouragement.

പത്രോസിന് പ്രോത്സാഹനം ലഭിച്ചു. നിരാശമാറുവാൻ അത് സഹായകമായി.

പക്ഷേ, പിന്നെയും പത്രോസ് പിന്മാറിപ്പോയി. പഴയ പടകും പഴയ വലയും എടുത്ത് പഴയ തൊഴിലിനായി പഴയ കടലിലേക്ക് പത്രോസ് പോവുകയാണ്. വേറെ ആറുപേരെ ക്കൂടി പത്രോസ് കൊണ്ടുപോകുന്നു.

നാല്, Back Sliding. പിന്മാറ്റം.

> "ഞാൻ മീൻ പിടിപ്പാൻ പോകുന്നു എന്ന് പത്രോസ് പറഞ്ഞു. ഞങ്ങളും പോരുന്നു" എന്ന് അവർ ആറു പേരും പറഞ്ഞു. ആ രാത്രിയിൽ ഒന്നും പിടിച്ചില്ല."
>
> യോഹ. 21 :3

“പടകിന്റെ വലത്തുഭാഗത്തു വല വീശുവിൻ; എന്നാൽ നിങ്ങൾക്കു കിട്ടും.” പെരുത്ത് മീൻ കൂട്ടവുമായി അവർ കരയ്ക്കു വരുമ്പോൾ അവർക്കു പ്രാതൽ ഒരുക്കി ക്രിസ്തു അവർക്കായി കടലോരത്ത് കാത്തിരിക്കുന്നു!

“വന്നു പ്രാതൽ കഴിച്ചുകൊൾവിൻ” എന്നു പറഞ്ഞു ക്രിസ്തു അവരെ സ്നേഹത്തോടെ വിളിച്ചടുപ്പിച്ച് ക്ഷീണം മാറ്റുന്നു.”

പ്രഭാതഭക്ഷണം കഴിഞ്ഞ് അവർ തളർച്ച മാറിയിരിക്കുമ്പോൾ യേശു പത്രോസിനെ വിളിക്കുകയാണ്.

“യോഹന്നാന്റെ മകനായ ശിമോനേ, നീ ഇവരിൽ അധികമായി എന്നെ സ്നേഹിക്കുന്നവോ?” യോഹ. 21: 15 43

ശിമോൻ പറഞ്ഞു:

“ഉവ്വു, കർത്താവേ, എനിക്കു നിന്നോടു പ്രിയമുണ്ട് എന്നു നീ അറിയുന്നുവല്ലോ.”

“എന്റെ കുഞ്ഞാടുകളെ മേയ്ക്ക. എന്ന് അവൻ അവനോടു പറഞ്ഞു”

“രണ്ടാമതും അവനോടു: യോഹന്നാന്റെ മകനായ ശിമോനേ, നീ എന്നെ സ്നേഹിക്കുന്നുവോ?”

“അതിന് അവൻ ഉവ്വു, കർത്താവേ, എനിക്കു നിന്നോടു പ്രയമുണ്ടു എന്നു നീ അറിയുന്നുവല്ലോ എന്നു പറഞ്ഞു.”

“എന്റെ ആടുകളെ പാലിക്ക” എന്ന് അവൻ അവനോടു പറഞ്ഞു.

മൂന്നാമതും അവനോടു: “യോഹന്നാന്റെ മകനായ ശിമോ

നേ, നിനക്കു എന്നോടു പ്രിയമുണ്ടോ” എന്നു ചോദിച്ചു. എന്നോടു പ്രിയമുണ്ടോ എന്നു മൂന്നാമതും ചോദിക്കയാൽ പത്രോസ് ദുഃഖിച്ചു:

കർത്താവേ, നീ സകലവും അറിയുന്നു; എനിക്കു നിന്നോടു പ്രിയമുണ്ടു എന്നും നീ അറിയുന്നു എന്നു അവ നോടു പറഞ്ഞു.

യേശു അവനോടു: “എന്റെ ആടുകളെ മേയ്ക്ക.” എന്നു പറഞ്ഞു.

അഞ്ച് – Regaining.

കർത്താവ് പത്രോസിനെ വീണ്ടും നേടുകയാണ്. മൂന്നു പ്രാവിശ്യം തള്ളിപ്പറഞ്ഞ അതേ നാവുകൊണ്ട് ഞാൻ നിന്നെ സ്നേഹിക്കുന്നു എന്ന് മൂന്നുപ്രാവശ്യം ഏറ്റു പറയിക്കുകയാ ണ്. അനന്തമായ ദൈവസ്നേഹം!

പ്രിയ ദൈവപൈതലേ, ഈ നിസ്തുല സ്നേഹമാണ് നിന്റെ ഹൃദയവാതിൽക്കൽ മുട്ടിമുട്ടി നിൽക്കുന്നത്. നിന്നെ യഥാ സ്ഥാനപ്പെടുത്തി നിന്നിൽ മുൻകണ്ടതായ വേലനിവർത്തി ക്കുവാൻ ബദ്ധപ്പെടുന്ന ദൈവസ്നേഹമാണ് ഇപ്പോൾ നിന്നോടു വാദിച്ചുകൊണ്ടു നിൽക്കുന്നത്.

പെന്തിക്കൊസ്തിപ്പെരുന്നാൾ ദിവസം സെഹിയോൻ മാളി കയിൽ പരിശുദ്ധാത്മാവ് കൊടിയ കാറ്റ് അടിക്കുന്നതുപോലെ ഇറങ്ങിയപ്പോൾ കാത്തിരുന്ന ഏവർക്കും പരിശുദ്ധാത്മനിറവ് ലഭിച്ചു. പരിശുദ്ധാത്മശക്തി പത്രോസിന്റെ മേലും പകർന്നു. പുതുശക്തിയും പുതുവീര്യവും പ്രാപിച്ചു.

ആറ് – Empowering. പുതിയ ശക്തീകരണത്താൽ എല്ലാ വരും ദിവ്യസ്നേഹത്താൽ ജ്വലിച്ചു.

ഭീരുവായിരുന്നു, തള്ളിപ്പറഞ്ഞു. എങ്കിലും ശക്തിയുടെ ആത്മാവ് പത്രോസിന്റെ മേൽ ആവസിച്ചു. അതോടെ പുതിയ ശുശ്രൂഷ ലഭിച്ചു.

ഏഴ്, Powerful ministry. ശക്തിയുടെ ആത്മാവ് ശക്തിയുടെ ശുശ്രൂഷ നൽകി.

"നിങ്ങൾ യേശുവിനെ ക്രൂശിച്ചു. ദൈവം അവനെ ഉയിർത്തെഴുന്നേൽപ്പിച്ചു. അതിന് ഞങ്ങൾ സാക്ഷികൾ"– ഇതായിരുന്നു ആ ശുശ്രൂഷയുടെ കാതൽ.

പ്രിയ ദൈവപൈതലേ, ഈ അത്ഭുതകരമായ രൂപാന്തരം നിനക്ക് പ്രാപിക്കണമോ? പരിശുദ്ധാത്മനിറവിന്റെ ശുശ്രൂഷയ്ക്ക് നിന്റെ ഉള്ളം വാഞ്ചിക്കുന്നുവോ? വക്രതയും കോട്ടവുമുള്ള ഈ തലമുറയിൽ അനേകരെ ആത്മരക്ഷയിലേക്ക് നടത്താൻ നീ ആഗ്രഹിക്കുന്നുവോ? എങ്കിൽ ശക്തിയുടെ ആത്മാവിനായി നിന്നെത്തന്നെ ഒരുക്കുവിൻ. നിന്നെത്തന്നെ ശുദ്ധീകരിപ്പിൻ. വിശ്വാസത്തോടെ കാത്തിരിപ്പിൻ, ലഭിക്കുന്നതവരെയും നിരന്തരം ദാഹിപ്പിൻ. 44

ഭീരുത്വത്തിന്റെ ആത്മാവ് മാറി ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ പ്രാപിച്ച ഒരാളാണ് ഊരമനയിലുള്ള ബിജുവർക്കി. കോലഞ്ചേരി കോളേജിൽ നിന്ന് പ്രീഡിഗ്രി പഠനം കഴിഞ്ഞ ശേഷം വയറിംഗ്, പ്ലംബംഗ് മുതലായ ജോലികൾ ചെയ്ത് ജീവിതം കഴിക്കുന്ന ഒരു യുവാവാണ് ബിജു. ബിജുവിന്റെ ജീവിതത്തിൽ വന്ന രൂപാന്തരത്തെക്കുറിച്ച് ഇപ്പോൾ നമുക്കു കേൾക്കാം.

ബിജുവിന്റെ ജീവിതത്തിലെ ആദ്യകാലാനുഭവങ്ങൾ ഒന്ന വിവരിക്കാമോ?

തീരെ ദരിദ്രമായ ഒരു ക്രിസ്തീയ കുടുംബത്തിലാണ് ഞാൻ ജനിച്ചുവളർന്നത്. എന്റെ അപ്പൻ ഒരു ഭയങ്കര മദ്യ പാനിയും ചീട്ടുകളിക്കാരനുമായിരുന്നു. എന്നും കുടിച്ച് വന്ന് അമ്മയെ തല്ലുമായിരുന്നു. എന്നും രാത്രി ഞങ്ങളുടെ വീട്ടിൽ നിന്ന് കൂട്ടക്കരച്ചിൽ ഉയരുമായിരുന്നു, നാട്ടിൽ ഞങ്ങളെ എല്ലാവരും ഒറ്റപ്പെടുത്തുകയും പരിഹസിക്കയും ചെയ്തിരുന്നു. അങ്ങനെ വളരെ നിരാശയിലും ദുഃഖത്തിലും യാതനയിലുമാണ് ഞാൻ വളർന്നു വന്നത്.

എന്നും ഞാൻ കരയുമായിരുന്നു. വയറുനിറയെ ആഹാരം കഴിക്കാനുണ്ടായിരുന്നില്ല. ചക്കയുണ്ടാകുന്ന കാലത്ത് ചക്കപ്പഴം തിന്നാണ് ഞങ്ങൾ വയറു നിറച്ചിട്ടുള്ളത്. നല്ല വസ്ത്രം ഞങ്ങൾ ധരിച്ചിട്ടില്ല. അപ്പന്റെ മദ്യപാനവും കോപാവേശവും മൂലമാണല്ലോ കുടംബം ഇങ്ങനെ നരകമായിപ്പോയത് എന്ന് ഞാൻ ഓർത്തു. അതിനു പരിഹാരമായി അപ്പനെ വകവരുത്തുണമെന്നുപോലും ഞാൻ ചിന്തിച്ചു. ഇന്ന് അതെല്ലാം ഓർക്കുമ്പോൾ ഞാൻ ലജ്ജിക്കുകയും ചിലപ്പോൾ ഞെട്ടിപ്പോകുകയും ചെയ്യുന്നു.

മാനസാന്തരപ്പെടാനിടയായതെങ്ങെയാണ്?

ഒരൽപം സമാധാനം കിട്ടാൻ ഞാൻ വളരെ കൊതിച്ചു. അങ്ങനെയാണ് ഞാൻ സാറിന്റെ വീട്ടിൽ ഒരു രണ്ടാം ശനിയാഴ്ച യോഗത്തിൽ സംബന്ധിച്ചത്. അത് ആയിരത്തിത്തൊള്ളായിരത്തി തൊണ്ണൂറ്റേഴിൽ ആയിരുന്നു. ഒരു വലിയ സമാധാനം എനിക്ക് ലഭിച്ചു. വചനം എന്നോടു തന്നെ പറയുന്നതായി എനിക്കു തോന്നി. എന്റെ ജീവിതത്തിൽ വളരെയേറെ പാപങ്ങളുണ്ടായിരുന്നു. ഞാൻ അശുദ്ധിയുടെ അടിമയായിരുന്നു. ഞാൻ എന്നെത്തന്നെ നിരന്തരം അശുദ്ധമാക്കിയിരുന്നു. സ്ത്രീകളെ അഴുക്കായ ഉദ്ദേശത്തോടെ നോക്കിയിരു

ന്നു. മൃഗത്തെപ്പോലെ ഞാൻ ജീവിച്ചിരുന്നു. കോപിച്ച് വിറയ്ക്കുന്ന സ്വഭാവം എനിക്കുണ്ടായിരുന്നു. ഞാൻ ഒരു ഭീരുവായിരുന്നു. ഒരു ധൈര്യവും പ്രാഗത്ഭ്യവുമില്ലാതെ ഞാൻ കഴിഞ്ഞിരുന്നു.

ഇതെല്ലാം അന്ന് വചനം കേട്ടുകൊണ്ടിരുന്നപ്പോൾ എന്നെ ദൈവാത്മാവ് ഓർമ്മിപ്പിച്ചു. ഞാൻ അവിടെയിരുന്ന് ഏങ്ങലടിച്ച് കരഞ്ഞു. തുടർന്ന് ഞാൻ എല്ലാപാപവും അനുതാപത്തോടെ ഏറ്റുപറഞ്ഞ്, എന്നന്നേക്കുമായി ഉപേക്ഷിച്ചു.

ഇപ്പോഴത്തെ അനുഭവമെന്താണ്?

ഞാൻ എന്റെ അപ്പനോടും അമ്മയോടും മാപ്പു ചോദിച്ച് നിരപ്പായി. ഞങ്ങളുടെ വീട്ടിൽ കർത്താവ് സമാധാനം തന്നു. 45
ഇന്ന് ഞങ്ങളെല്ലാവരും ഒരുമിച്ച് രണ്ടുനേരവും പ്രാർത്ഥനയും വേദപുസ്തകവായനയും പതിവായിരിക്കുന്നു.

ഞങ്ങളുടെ പട്ടിണി മാറി. ഇന്നെനിക്ക് തൊഴിലിൽ വരുമാനമുണ്ട്. സമൃദ്ധിയോടെ ജീവിക്കാൻ ദൈവം ഭാഗ്യം തന്നു. ഒരു വലിയ ശാന്തിയും സ്വസ്ഥയും ഞാനിന്നനുഭവിക്കുന്നു. എന്നെ ആർക്കും സ്നേഹമില്ല എന്ന ചിന്തമാറി. എന്റെ ഭയവും ഭീരുത്വവും മാറി. എന്റെ കോപസ്വഭവം മാറി. ഒരു ധൈര്യവും സമാധാനവും സ്നേഹവും ഞാനിന്നനുഭവിക്കുന്നു.

എനിക്കൊരാഗ്രഹമേയുള്ളു. എനിക്കു സമാധാനവും ശക്തിയും തന്ന ക്രിസ്തുവിനോടും അവിടത്തെ വചനത്തോടും അവിടത്തെ പ്രിയമക്കളോടും ചേർന്ന് എന്റെ ഭാവിജീവിതം കഴിക്കണമെന്നും അങ്ങനെ ദൈവനാമമഹത്വത്തിനായി ജീവിച്ച് എന്റെ ആയുസ്സ് തികയ്ക്കണമെന്നും മാത്രം. ദൈവത്തിന് മഹത്വം.

ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ക്രിസ്തു നമുക്ക് തന്നിരിക്കുന്നത്.

യാക്കോബ് ഭീരുവും പേടിത്തൊണ്ടനും ആയിരുന്നു. അവൻ ദൈവത്തിന്റെ പ്രഭുവായ യിസ്രായേലായി മാറി.

മോശ ഭീരുവും വിക്കനും ദുർബ്ബലനുമായിരുന്നു. ആറു ലക്ഷം പേരെ വിടുവിക്കുന്ന ശക്തിയുടെ ശുശ്രൂഷകനായി മാറി.

ഗിദയോൻ ഭീരുവും ഭയചകിതനുമായിരുന്നു. അവൻ ശത്രു സൈന്യമായ മിദ്യാന്യരെ ഓടിക്കുന്ന ജയശാലിയായി മാറി.

ഏലിയാവ് ഭീരുവായി മരിക്കാൻ ആഗ്രഹിച്ച് അവശനായി കിടന്നവനായിരുന്നു. പുതുശക്തിയും പുതുചൈതന്യവും പ്രാപിച്ച് ധീര ശുശ്രൂഷകനായി മാറി.

പത്രോസ് ഭീരുവും ചഞ്ചലഹൃദയനുമായിരുന്നു. അവൻ ധീരനായ രക്തസാക്ഷിയായി മാറി. തലകീഴായി ക്രൂശിക്കപ്പെട്ടു.

സ്നേഹിതാ, നിനക്കും വേണമെങ്കിൽ മാറാം. മാറ്റാൻ ക്രിസ്തുവുണ്ട്, മാറ്റാൻ ക്രിസ്തുവിന്റെ ആത്മാവുണ്ട്.

## എട്ട്

"ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയു 46
ടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും
ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്."

2 തിമൊ. 1 : 7

വയലിൻ വായിച്ച് മധുരമനോജ്ഞരാഗങ്ങൾ ആലപിക്കുവാൻ അസാമാന്യ സിദ്ധിയുണ്ടായിരുന്ന ഒരാളായിരുന്നു 'ഒലേബുൾ.' അദ്ദേഹം ഒരിക്കൽ ഒരു വനത്തിൽ കൂടി പോവുകയായിരുന്നു. അവിടെ ഒരു സന്യാസിയുടെ ആശ്രമം കണ്ട് അതിൽ കടന്നു ചെന്നു. ആ സന്യാസി അദ്ദേഹത്തെ വളരെ സന്തോഷത്തോടെ സ്വീകരിച്ച് അത്താഴം നൽകി.

ഭക്ഷണം കഴിഞ്ഞ് അവർ കുറെനേരം സംസാരിച്ചിരുന്നു. അപ്പോൾ സന്യാസി പഴയ ഒരു വയലിൻ എടുത്തുകൊണ്ടു വന്നു. അത് ചിലയിടങ്ങളിൽ തുരുമ്പു പിടിച്ചും ചിലയിടങ്ങളിൽ പഴകി ദ്രവിച്ചും ഇരുന്നിരുന്നു. ആ താപസൻ അതിൽ ചില രാഗങ്ങൾ മീട്ടി. ഒന്നും അത്ര നന്നായില്ല. ഉടനെ 'ഒലേ

ബുൾ' ചോദിച്ചു: "ഞാൻ ആ വയലിൻ ഒന്ന വായിച്ചുനോക്കട്ടെ."

"ഇത് വളരെ പഴകിയ ഒന്നാണല്ലോ. തന്നെയുമല്ല ഞാൻ എത്രയോ വർഷങ്ങൾ ശ്രമിച്ചിട്ടും എനിക്ക് ഇതിൽ വൈദഗ്ധ്യം നേടാൻ കഴിഞ്ഞിട്ടില്ല." സന്യാസി പറഞ്ഞു.

"ഞാനൊന്നു ശ്രമിച്ചുനോക്കട്ടെ" എന്നു പറഞ്ഞ് ഒലേബുൾ വയലിൻ കൈയിലെടുത്തു. അതിന്റെ കമ്പികളിൽക്കൂടെ അദ്ദേഹത്തിന്റെ വിരലുകൾ ചലിപ്പിച്ചപ്പോൾ ഹൃദയഹാരിയായ ഗാനം ഒഴുകി. ആ പർണ്ണശാല സംഗീതവിരുന്നിൽ കുളിർത്ത് രോമാഞ്ചമണിഞ്ഞു. സന്യാസി ആ ഗാനനിർഝരിയിൽ ലയിച്ച് കരഞ്ഞുപോയി.

മനുഷ്യ ജീവിതം ഇന്ന് തകർന്ന വയലിൻ പോലെയാണ്. കമ്പികൾ പലതും ഇഴപിരിഞ്ഞു പോയിരിക്കുന്നു.

പ്രതീക്ഷയ്ക്കു വകയില്ലാത്ത തകർന്ന ജീവിതങ്ങളെ ഉപയോഗിച്ച് പ്രയോജന പ്രദമാക്കാൻ കഴിയുന്ന വിദഗ്ദ്ധശിൽപിയാണ് കർത്താവായ യേശുക്രിസ്തു. ഭീരുത്വത്തിനും ഭീതിയ്ക്കും ആശങ്കാകുലങ്ങൾക്കും അടിമപ്പെട്ടുപോയവരെ ധീരപോരാളികളും ശൂരപരാക്രമികളുമാക്കാൻ ക്രിസ്തുവിന് കഴിയും.

എന്നാൽ ഭീരുത്വത്തിന് പിന്നെയും അടിമപ്പെട്ട് പ്രയോജനരഹിതരായിത്തീരുന്ന ആളുകളുമുണ്ട്. ദൈവത്തെക്കാൾ കൂടുതൽ ലോകത്തിനും സ്വന്ത താൽപര്യങ്ങൾക്കും വിലകൽപിക്കുന്നവർക്കാണ് ഈ അപകടം സംഭവിക്കുന്നത്.

വി.ബൈബിളിൽ രാജാക്കന്മാരുടെ പുസ്തകത്തിൽ ഓബദ്യാവ് അപ്രകാരം ഭീരുത്വത്തിനിടം കൊടുത്ത ഒരു പ്രവാച

കനാണ്. യഹോവാഭക്തനായിരുന്നു ഓബാദ്യാവ്. തിരുവചനം പറയുന്നത്: ആഹാബിന്റെ ഗൃഹവിചാരകനായിരുന്നു ഓബദ്യാവ് എന്നാണ്.

> "ഓബദ്യാവോ യഹോവയിങ്കൽ മഹാഭക്തനായിരുന്നു."
>
> 1 രാജാ. 18: 3

ആഹാബ് രാജാവ് വിഗ്രഹാരാധിയും നിഷ്ഠൂരനുമായിരുന്നു. യഹോവാഭക്തനായിരുന്നതുകൊണ്ട് ആഹാബ് രാജാവിന്റെ വിഗ്രഹാരാധനയോട് ഉള്ളം കൊണ്ട് ചേർന്നു നിന്നില്ല. എന്നാൽ രാജാവിനെ പ്രസാദിപ്പിച്ച് നിന്നാൽ രാജാവിന്റെ പല ആനുകൂല്യങ്ങളും ലഭിക്കുമല്ലോ എന്നും ചിന്തിച്ചു. 47

ആഹാബിന്റെ ഭാര്യയായ ഈസബെൽ യഹോവയുടെ പ്രവാചകന്മാരെ കൊല്ലുമ്പോൾ ഓബാദ്യാവ് നൂറ് പ്രവാചകന്മാരെ കൂട്ടിക്കൊണ്ടുചെന്ന് ഓരോ ഗുഹയിൽ അമ്പതീതു പേരായി ഒളിപ്പിച്ചു അപ്പവും വെള്ളവും കൊടുത്ത് രക്ഷിച്ചു.

1 രാജാ. 18: 4

അപ്രകാരം ദൈവജനത്തെ സഹായിക്കുവാനും രക്ഷിക്കുവാനും താൽപര്യമുള്ള ആളായിരുന്നു ഓബദ്യാവ്. പക്ഷേ ഒരു ദിവസം ആഹാബ് രാജാവ് ഓബാദ്യാവോടു പറഞ്ഞു.

> "നീ നാട്ടിലുള്ള എല്ലാ നൂരുറവുകളുടെയും തോടുകളുടെയും അരികത്ത്ചെന്നു നോക്കുക; പക്ഷേ മൃഗങ്ങളെല്ലാം നശിച്ചുപോകാതെ കുതിരകളെയും കോവർകഴുതകളെയും എങ്കിലും ജീവനോടെ രക്ഷിപ്പാൻ നമുക്കു പുല്ലു കിട്ടും."
>
> 1 രാജാ. 18: 5

അന്ന് ദേശത്ത് മഹാക്ഷാമമായിരുന്നു. മഴപെയ്യാതായിട്ട് മൂന്നരവർഷങ്ങളായി. ദേശം വരണ്ടുണങ്ങിക്കിടക്കുകയാണ്. ഓബദ്യാവ ഒരു വഴിക്ക് ചെല്ലുമ്പോൾ ഏലിയാപ്രവാചകനെ കണ്ടു മുട്ടി. ഏലിയാവിന്റെ മുമ്പിൽ സാഷ്ടാംഗം വീണു.

"എന്റെ യജമാനനായ ഏലിയാവോ?"

ഏലിയാവ് പറഞ്ഞു:

> "നീ ചെന്ന് ഏലിയാവ് ഇവിടെ ഉണ്ടെന്ന് നിന്റെ യജമാനനോടു ബോധിപ്പിക്ക."
>
> 1 രാജാ. 18: 8

ഓബാദ്യാവ് മറുപടി പറഞ്ഞു:

> "നിന്നെ അന്വേഷിപ്പിൻ എന്റെ യജമാനൻ ആളെ അയക്കാത്ത ജാതിയും രാജ്യവും ഇല്ല .................. ഞാൻ നിന്നെ പിരിഞ്ഞു പോയ ശേഷം ഉടനെ യഹോവയുടെ ആത്മാവ് നിന്നെ ഞാൻ അറിയാത്ത ഒരു സ്ഥലത്തേക്കു എടുത്തുകൊണ്ടുപോകും; ഞാൻ ആഹാബിനോടു ചെന്നറിയിക്കയും അവൻ നിന്നെ കണ്ടെത്താതിരിക്കയും ചെയ്താൽ അവൻ എന്നെ കൊല്ലുമല്ലോ; അടിയനോ ബാല്യം മുതൽ യഹോവാഭക്തൻ ആകുന്നു. അവൻ എന്നെ കൊല്ലുമല്ലോ."
>
> 1 രാജാ. 18 : 9 – 14

ദൈവഭക്തനാണ് ഓബദ്യാവ്. പ്രവാചകന്മാരെ സ്നേഹിക്കുന്നവനാണവൻ. ദൈവമക്കളെ രക്ഷിക്കുന്നവനാണ്. പക്ഷേ സ്വന്തപ്രാണനെ അധികമായി സ്നേഹിക്കുന്നവനാണ്. അതുകൊണ്ടാണ് അവന് ഭീരുത്വം. അവന് ധൈര്യമില്ല. ഏലിയാപ്രവാചകനെപ്പോലെ പരസ്യമായി വിഗ്രഹാരാധനയെ

എതിർക്കുവാനും യഹോവാഭക്തനെന്ന് പ്രഖ്യപിക്കുവാനും ധൈര്യമില്ല. ജീവനുള്ള ദൈവത്തിന്റെ ഭക്തനെന്ന് എതിരാളികളുടെ മുമ്പിൽ സാക്ഷിപ്പാൻ ധൈര്യമില്ല. അവന്റെ പ്രാണന് കേട് വരാതെ, ത്യാഗമൊന്നും ഇല്ലാതെ, സ്വന്തം മെയ്യിൽ കൊള്ളാതെ, തനിക്ക് നഷ്ടമോ കഷ്ടമോ ഒന്നും വരാതെ ദൈവവേല ചെയ്യണമെന്നാണ് ഓബദ്യാവിന്റെ ആഗ്രഹം. ഏലിയാവ് ഭീരുത്വം പോയി ധൈര്യം പ്രാപിച്ച പ്രാവാചകൻ. ഓബദ്യാവ് ഭീരുത്വം കൈവിടാത്ത പ്രവാചകൻ.

നമ്മുടെ കർത്താവ് പറഞ്ഞു:

> "ഒരുത്തൻ എന്റെ പിന്നലെ വരുവാൻ ഇച്ഛി
> ച്ചാൽ തന്നെത്താൻ ത്യജിച്ചു, തന്റെ ക്രൂശ് 48
> എടുത്തു എന്നെ അനുഗമിക്കട്ടെ. ആരെങ്കിലും
> തന്റെ ജീവനെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ അതിനെ
> കളയും; എന്റെ നിമിത്തം ആരെങ്കിലും തന്റെ
> ജീവനെ കളഞ്ഞാൽ അതിനെ കണ്ടെത്തും."

മത്തായി 16: 24–25, മത്തായി 10: 37–39,
മർക്കോസ്സ് 8: 34–35

സ്വയത്തെയും ലോകത്തെയും ത്യജിക്കുന്നവർക്കു മാത്രമേ ക്രിസ്തുവിന്റെ രാജ്യത്തിന്റെ പ്രചരണത്തിന് ഉപയോഗിക്കപ്പെടാൻ സാധിക്കുകയുള്ളൂ.

രണ്ടാമതായി, യോഹന്നാന്റെ സുവിശേഷം ഒമ്പതാം അദ്ധ്യായത്തിലെ പിറവിക്കുരുടന്റെ മാതാപിതാക്കൾ ഭീരുത്വം വിടാത്തവരായിരുന്നു. പിറവിയിലേ രോഗികളായവരെ സുഖപ്പെടുത്തിയ മൂന്ന് സംഭവങ്ങളാണ് വി. വേദപുസ്തകത്തിലുള്ളത്.

ഒന്ന്, പിറവിയിലേ കുരുടനായവനെ കർത്താവ് സുഖപ്പെടുത്തി. യോഹ. 9–ാം അദ്ധ്യായം.

രണ്ട്, സുന്ദരം എന്ന ദേവാലയഗോപുരത്തിൽ ഭിക്ഷയാചിച്ചുകൊണ്ടിരുന്ന, നാൽപതുവയസ്സിലേറെ പ്രായമുള്ള പിറവിയിലേ മുടന്തനായ മനുഷ്യനെ അപ്പോസ്തലനായ പത്രോസ് സുഖപ്പെടുത്തി. അപ്പൊ. പ്രവൃ. 3 –ാം അദ്ധ്യായം

മൂന്ന്, ലുസ്ത്രയിലുള്ള, പിറവിയിലേ മുടന്തനായ മനുഷ്യനെ പൗലോസ് സുഖപ്പെടുത്തി. അപ്പൊ. പ്രവൃ. 14: 8–10

പിറന്ന നാൾ മുതൽ കുരുടനായ മനുഷ്യനെ കർത്താവ് കണ്ടു. അവൻ ഭിക്ഷയാചിച്ച് ഇരിക്കയായിരുന്നു. കർത്താവ് നിലത്തു തുപ്പി ചേറുണ്ടാക്കി ചേറ് അവന്റെ കണ്ണിന്മേൽ പൂശി "നീ ചെന്ന് ശീലോഹാം കുളത്തിൽ കഴുകുക" എന്നു പറഞ്ഞു. അവൻ കഴുകി. കണ്ണുകാഴ്ചയുള്ളവനായിത്തീർന്നു.

അവൻ റോഡരികിൽ ഭിക്ഷയാചിച്ചുകൊണ്ടിരുന്നപ്പോൾ ആർക്കും അവനൊരു വിഷയമായിരുന്നില്ല. എന്നാൽ അവന് കണ്ണുതെളിഞ്ഞപ്പോൾ അവൻ എല്ലാവരുടെയും ശ്രദ്ധാവിഷയമായിത്തീർന്നു. നാട്ടുകാർ അവനെ പരീശന്മാരുടെ അടുക്കൽ കൊണ്ടുപോയി. യേശു ചേറുണ്ടാക്കി അവന്റെ കണ്ണു തുറന്നത് ശബ്ബത്ത് ദിവസമായിരുന്നു. യേശു തുപ്പി ചേറുണ്ടാക്കിയതും കണ്ണിൽ പൂശിയതും, ശബ്ബത്ത് നാളിൽ ജോലി ചെയ്തതായതുകൊണ്ട് പരീശന്മാർ വിധിച്ചു:

> "ഈ മനുഷ്യൻ ശബ്ബത്ത് പ്രമാണിക്കായ്കകൊണ്ടു ദൈവത്തിന്റെ അടുക്കൽ നിന്നു വന്നവനല്ല."
>
> യോഹ. 9: 16.

യേശുവിനെക്കുറിച്ച് സൗഖ്യം പ്രാപിച്ചവൻ പറഞ്ഞു: അവൻ ഒരു പ്രവാചകൻ എന്ന്.

> "അവനെ ക്രിസ്തു എന്ന് ഏറ്റുപറയുന്നവൻ പള്ളി ഭ്രഷ്ഠനാകേണം എന്ന് യഹൂദന്മാർ തമ്മിൽ പറഞ്ഞൊത്തിരുന്നു."
>
> യോഹ. 9: 22

അവന്റെ മാതാപിതാക്കളെ വരുത്തി. അവരോട് ചോദിച്ചു:

> "കുരുടനായി ജനിച്ചു എന്നു നിങ്ങൾ പറയുന്ന നിങ്ങളുടെ മകൻ ഇവൻ തന്നേയോ? എന്നാൽ അവന്നു ഇപ്പോൾ കണ്ണുകാണുന്നതു എങ്ങനെ?"
>
> യോഹ. 9: 19

> "ഇവൻ ഞങ്ങളുടെ മകൻ എന്നും കുരുടനായി ജനിച്ചവൻ എന്നും ഞങ്ങൾ അറിയുന്നു. എന്നാൽ കണ്ണ് കാണുന്നതു എങ്ങനെ എന്നു അറിയുന്നില്ല; അവന്റെ കണ്ണ് ആർ തുറന്നു എന്നും അറിയുന്നില്ല; അവനോടു ചോദിപ്പിൻ; അവന്നു പ്രായം ഉണ്ടല്ലോ; അവൻ തന്നേ പറയും."

മാതാപിതാക്കളുടെ ഈ മറുപടിയ്ക്ക് കാരണം, അവർ യെഹൂദന്മാരെയും പള്ളിപ്രമാണിമാരെയും പേടിച്ചിരുന്നു. പള്ളിഭ്രഷ്ഠരാക്കുമെന്ന് അവർ ഭയപ്പെട്ടു. പിറവിയിലെ കുരുടനായ അവരുടെ മകന് കണ്ണുകാഴ്ച നൽകിയ യേശുവിനെ സാക്ഷിപ്പാൻ അവർ മടിച്ചു. അവർക്ക് സമുദായത്തിലും പള്ളിയിലും സമൂഹത്തിലുമുള്ള സ്ഥാനമാനങ്ങളും വിലയും കളയണ്ടാ എന്ന് അവർ ചിന്തിച്ചു.

അവർ ഭീരുക്കളായിപ്പോയി. സമൂഹത്തിലും പള്ളിയിലും ഒറ്റപ്പെട്ടുപോകുന്നതിനെ അവർ പേടിച്ചു.

പ്രിയ സ്നേഹിതാ, "മാനുഷഭയം ഒരു കണിയാകുന്നു" എന്ന് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറയുന്നു.

സദൃ. 29: 25.

മനുഷ്യരുടെ അഭിപ്രായവും അംഗീകാരവുമാണോ നിനക്കവേണ്ടത്? അതോ, നിത്യനായ ദൈവം തരുന്ന പ്രശംസയാണോ നിനക്കാവശ്യം.?

അപ്പോസ്തലനായ പൗലോസ് സ്വന്തം അനുഭവത്തിന്റെ പിൻബലത്തിൽ പറയുന്നത് കേൾക്കൂ:

"ഇപ്പോൾ ഞാൻ മനുഷ്യരെയോ ദൈവത്തേയോ സന്തോഷിപ്പിക്കുന്നത്? അല്ല, ഞാൻ മനുഷ്യരെ പ്രസാദിപ്പിപ്പാൻ നോക്കുന്നുവോ? ഇന്നും ഞാൻ മനുഷ്യരെ പ്രസാദിപ്പിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ ദാസനായിരിക്കില്ല."

ഗലാത്യർ 1: 10

കർത്താവിന്റെ പരസ്യശുശ്രൂഷാവേളയിൽ

> "പ്രമാണികളിൽ തന്നെയും അനേകർ അവനിൽ വിശ്വസിച്ചു. പള്ളിഭ്രഷ്ഠർ ആകാതിരിപ്പാൻ പരീശന്മാർ നിമിത്തം ഏറ്റുപറഞ്ഞില്ല താനും. അവർ ദൈവത്താലുള്ള മാനത്തേക്കാൾ മനുഷ്യരാലുള്ള മാനത്തെ അധികം സ്നേഹിച്ചു."
>
> യോഹ. 12: 42–43

പൗലോസിന് വളരെ വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു ഇക്കാര്യത്തിൽ.

"ഞങ്ങളെ സുവിശേഷം ഭാരമേൽപിക്കേണ്ട തിന്നു ഞങ്ങൾ ദൈവത്തിന്നു കൊള്ളാകുന്നവ രായി തെളിഞ്ഞതുപോലെ ഞങ്ങൾ മനുഷ്യരെയല്ല ഞങ്ങളുടെ ഹൃദയം ശോധനചെയ്യുന്ന ദൈവ ത്തെയത്രേ പ്രസാദിപ്പിച്ചുകൊണ്ടു സംസാരിക്കു ന്നത്."

1 തെസ്സ. 2: 4

മനുഷ്യരെ പ്രസാദിപ്പികാനുള്ള ആഗ്രഹം വരുന്നതുകൊ ണ്ടാണ് ഭീരുത്വം വിട്ടുമാറാത്തത്. ഏറെക്കാലം മനുഷ്യമാനം അന്വേഷിച്ച് ഭീരുത്വം വിടാതിരുന്ന് വചനം കൈകൊണ്ട് ധൈര്യശാലിയായിത്തീർന്ന ഒരു യുവാവാണ് ഊരമനയി
ലുള്ള സജി. സജിയുടെ ജീവിതതാനുഭവം ഇപ്പോൾ 50
കേൾക്കാം.

സജിയുടെ ജീവിതത്തിൽ ഒരു മാനസാന്തരം ലഭി ക്കുന്നതിന് മുമ്പുള്ള കാലം എങ്ങനെയായിരുന്നു?

ഒരു പാവപ്പെട്ട യാക്കോബായ കുടുംബത്തിലാണ് ഞാൻ ജനിച്ചു വളർന്നത്. എനിക്ക് മൂന്നു വയസ്സുള്ളപ്പോൾ എന്റെ അമ്മ ഒരു മാനസിക രോഗിയായിത്തീർന്നു. ദുഃഖവും ദുരി തവും നിറഞ്ഞതായിരുന്നു ഞങ്ങളുടെ ഭവനം. എന്റെ അമ്മയുടെ അശ്രദ്ധമൂലം എന്റെ ഏറ്റവും ഇളയ സഹോദ രൻ മരിച്ചു പോയി. എന്റെ ജീവിതം കടുത്ത നിരാശയിലാ യിരുന്നു. നിരാശയും ഭയവും എന്നെ നിരന്തരം അലട്ടിയി രുന്നു. മറ്റുള്ളവരെക്കാൾ താണ നിലവാരം എന്ന ഒരു ചിന്തയും ഭീരുത്വവുമായിരുന്നു എന്റെ ഹൃദയം നിറയെ. അപകർഷതാബോധം മൂലം ഞാൻ തലകുമ്പിട്ട്, നിരാശയിൽ തളർന്ന്, ജീവിതത്തിലൊരു പ്രത്യാശയുമില്ലാതെ കഴിഞ്ഞ ആ കാലം ഇന്നോർക്കുമ്പോൾ ലജ്ജതോന്നുന്നു. എന്റെ

സ്വഭാവം വളരെ കോപമുള്ളതായിരുന്നു. ഞങ്ങൾ സഹോദരന്മാർ തമ്മിൽ എന്നും വഴക്കു കൂടുമായിരുന്നു. അശുദ്ധിയും അഴുക്കും നിറഞ്ഞതായിരുന്നു എന്റെ ഹൃദയം.

പിന്നെ ഒരു മാനസാന്തരം ലഭിച്ച സംഗതികൾ ഒന്ന് വിവരിക്കാമോ?

ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റേഴിൽ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ ഒരു യോഗത്തിൽ ഞാൻ വന്ന് സംബന്ധിച്ചു. സംശയദൃഷ്ടിയോടെയാണ് ഞാൻ പോയത്.

എന്റെ വീട്ടിൽ മന്ത്രവാദവും കൂടോത്രവും മറ്റും നടത്തിയപ്പോൾ മന്ത്രവാദി കൈ വെച്ച എന്റെ തലയിൽ അന്ന് യേശു ക്രിസ്തു കരം വെച്ചു എന്ന് എനിക്ക് വ്യക്തമായ ബോദ്ധ്യമുണ്ടായി. ഞാൻ എന്റെ പാപത്തെ ഓർത്ത് കരഞ്ഞു. പ്രകടമായ പാപപ്രവൃത്തിയിലേക്കൊന്നും ഞാൻ പോയിരുന്നില്ലെങ്കിലും എന്റെ ഹൃദയം നിറയെ അശുദ്ധിയായിരുന്നു. ദൈവം അന്ന് എന്റെ ഹൃദയം കഴുകിത്തന്ന ഒരനുഭവം എനിക്കുണ്ടായി.

എന്റെ അപ്പനെ എനിക്ക് ഇഷ്ടമുണ്ടായിരുന്നില്ല. എന്നാൽ ഞാൻ അപ്പനോട് മാപ്പു ചോദിച്ച് നിരപ്പായി. അപ്പൻ വീട്ടിലുള്ളപ്പോൾ ഒരക്ഷരം മിണ്ടാതെ മുറിയിൽ കയറി വാതിലടച്ച് മാറിയിരുന്ന ഞാൻ എന്റെ അപ്പനെ അധികമായി സ്നേഹിക്കാൻ തുടങ്ങി. സഹോദരന്മാരുമായും വലിയ സ്നേഹവും ഐക്യവും എനിക്ക് ലഭിച്ചു.

ഇന്നത്തെ അനുഭവം എന്താണ്?

അമ്മയുടെ സ്നേഹത്തിനുവേണ്ടി കൊതിച്ച ഒരു കാലമെനിക്കുണ്ടായിരുന്നു. എന്നാൽ അമ്മയ്ക്കോ ലോകത്തിനോ

തരാൻ കഴിയാത്ത സ്നേഹം യേശുക്രിസ്തു എനിക്കു തന്നു. ഇന്ന് വിശുദ്ധിയോടെ നിന്ന് ഊരമന യാക്കോബായപ്പള്ളിയിൽ ഗായകസംഘത്തിൽ പാടുവാനും പ്രാർത്ഥനായോഗങ്ങളിൽ സംബന്ധിക്കുവാനും കർത്താവ് കൃപതരുന്നു.

വലിയൊരു സമാധാനവും സ്വസ്ഥതയും ഹൃദയത്തിൽ ലഭിച്ചിരിക്കുന്നു. ദൈവസന്നിധിയിൽ കൂടുതൽ സമയം ഇരിക്കാനും പ്രാർത്ഥിക്കാനും കഴിയുന്നു എന്നമാത്രമല്ല, അപ്പോൾ ഒരു വലിയ ദൈവസ്നേഹം എന്റെ ഹൃദയത്തിൽ അണമുറിയാതെ ഒഴുകിവരുന്നത് ഇന്ന് ഞാൻ അനുഭവിക്കുന്നു. ഇന്ന് എന്നെ സ്നേഹിക്കുകയും കരുതുകയും ചെയ്യുന്ന അനേകം ദൈവമക്കളെയും കർത്താവ് തന്നിരിക്കുന്നു. ഞാൻ ഇന്നൊരു ഭാഗ്യവാനാണ്. 51

പ്രിയസ്നേഹിതാ, ഭീരുത്വത്തിന്റെ ആത്മാവ് നിന്നിൽ നിന്ന് മാറണമെങ്കിൽ സർവ്വവും ത്യജിച്ച് ക്രിസ്തുവിനെ സ്നേഹിപ്പാൻ നിനക്ക് മനസ്സു വരണം. സകലവും വിട്ട് സ്നേഹിപ്പാൻ കൊള്ളാകുന്നവനായി ക്രിസ്തുവിനെ നീ അറിഞ്ഞാൽ പിന്നെ ഒരു ഭയവുമില്ല, ഭീരുത്വവുമില്ല. അശുദ്ധിയുമില്ല. ഒരു പൈശാചികബാധയും നിന്നോടടുക്കുകയുമില്ല, ആ മഹാഭാഗ്യം വേണമോ? എങ്കിൽ ഇപ്പോൾ നിന്റെ അരികത്ത് നിൽക്കുന്ന ക്രിസ്തുവിനോടു പറയൂ:

നാഥാ, ഇന്നു മുതൽ സകലതിലും ഉപരിയായി നിന്നെ സ്നേഹിച്ച ഒരു പുതിയ സൃഷ്ടിയായി ഞാൻ ജീവിക്കും.

## ഒമ്പത്

"ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ ദൈവം നമുക്കു തന്നത്."

2 തിമൊ. 1 : 7

ഭീരുത്വത്തിന്റെ ആത്മാവ് മാറാത്ത ഒരു ദൈവഭക്തനായിരുന്നു ഓബാദ്യാവ്. രണ്ടാമത്, പിറവിയിൽത്തന്നെ കുരുടനായിരുന്നവന്റെ മാതാപിതാക്കൾക്ക് ഭീരുത്വം മാറിയില്ല.

മൂന്നാമതായി, ഭീരുത്വം മാറാത്ത ഒരാളായിരുന്നു പീലാത്തൊസ്. യേശുവിനെ നേരിട്ടു കാണാൻ ഭാഗ്യം ലഭിച്ച ഒരാളാണ് പീലാത്തൊസ്. യേശുവുമായി സംസാരിക്കാൻ അവസരം കിട്ടിയ ആളായിരുന്നു അദ്ദേഹം. യേശുവിന്റെ ശബ്ദം കേൾക്കാൻ സന്ദർഭം കിട്ടിയ ആളായിരുന്നു അദ്ദേഹം. എങ്കിലും അദ്ദേഹത്തിന് സത്യത്തിന്റെ സാക്ഷിയാകാൻ കഴിഞ്ഞില്ല. ഭീരുത്വമായിരുന്നു അതിനു കാരണം.

യേശവിനെക്കുറിച്ച് പീലാത്തൊസിന് ഒരു കാര്യം കൃത്യമായും വ്യക്തമായും മനസ്സിലായി. യേശുവിനെ ക്രൂശി

ക്കേണ്ട ആവശ്യമില്ല. യേശുവിൽ കുറ്റമൊന്നുമില്ല. യേശു നീതിമാനാണ്. മഹാപുരോഹിതന്മാർ അസൂയകൊണ്ടാണ് യേശുവിനെ ഏൽപ്പിച്ചു കൊടുത്തത്.

മർക്കോസ്. 15: 9, മത്തായി. 27: 18

യേശവിനെ ക്രൂശിക്കാതെ വിടുവിക്കണമെന്ന് പീലാത്തൊസ് ആഗ്രഹിച്ചു. ഭാര്യ ആളയച്ചു പറയിച്ചിരുന്നു:

> "അവൻ ന്യായസനത്തിൽ ഇരിക്കുമ്പോൾ അവന്റെ ഭാര്യ ആളയച്ചു: ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത്; അവൻ നിമിത്തം ഞാൻ ഇന്നു സ്വപ്നത്തിൽ വളരെ കഷ്ടം സഹിച്ചു എന്നു പറയിച്ചു." 52
>
> മത്തായി 27: 19

പീലാത്തൊസ് മൂന്നുപ്രാവിശ്യം യേശുവിനെ വിസ്തിരിച്ചു. ഓരോ വിസ്താരത്തിലും വിധി:

> "ഈ മനുഷ്യനിൽ ഞാൻ കുറ്റമെന്നും കാണുന്നില്ല." എന്നായിരുന്നു.
>
> ലൂക്കോസ് 23:4, യോഹ. 18:38, 19:4, 19:6

> "ഞാനോ നിങ്ങളുടെ മുമ്പാകെ വിസ്തരിച്ചിട്ടും നിങ്ങൾ ചുമത്തിയ കുറ്റം ഒന്നും ഇവനിൽ കാണ്ടില്ല; ഹെരോദാവും കണ്ടില്ല."
>
> ലൂക്കോസ് 23: 14

> "ഇവൻ മരണയോഗ്യമായതു ഒന്നും പ്രവർത്തിച്ചിട്ടില്ല സ്പഷ്ടം."
>
> ലൂക്കോസ് 23: 15

യേശുവിനെ ക്രൂശികരണത്തിൽ നിന്ന് വിടു

വിക്കുവാൻ പീലാത്തൊസ് ആഗ്രഹിച്ചു.

> "പീലാത്തൊസ് യേശുവിനെ വിടുവിപ്പാൻ ഇച്ഛി ച്ചിട്ടു പിന്നെയും അവരോടു വിളിച്ചു പറഞ്ഞു."
>
> ലൂക്കോസ് 23: 20

"ബറബ്ബാസിനെ വിട്ടുതരിക, യേശുവിനെ ക്രൂശിക്ക" എന്ന ജനക്കൂട്ടത്തിന്റെ ആരവാരത്തിന്റെ മദ്ധ്യത്തിൽ പീലാത്തൊസ് ഭയപ്പെട്ടു നിന്നു.

> "പീലാത്തൊസ് അവനോടു: നീ എന്നോടു സംസാരിക്കുന്നില്ലയോ? എനിക്കു നിന്നെ ക്രൂശി പ്പാൻ അധികാരമുണ്ടെന്നും നിന്നെ വിട്ടയപ്പാൻ അധികാരമുണ്ടെന്നും നീ അറിയുന്നില്ലയോ എന്നു ചോദിച്ചതിന് യേശു അവനോട്: മേലിൽ നിന്നു നിനക്കു കിട്ടീട്ടില്ല എങ്കിൽ എന്റെ മേൽ നിനക്കു ഒരധികാരവും ഉണ്ടാകയില്ലായിരുന്നു." ഇതു നിമിത്തം പീലത്തൊസ് അവനെ വിട്ടയപ്പാൻ ശ്രമിച്ചു. യഹൂദന്മാരോ: "നീ ഇവനെ വിട്ടയ ച്ചാൽ കൈസരുടെ സ്നേഹിതനല്ല; തന്നെത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരോടു മത്സരി ക്കുന്നുവല്ലോ എന്നു ആർത്തു പറഞ്ഞു."
>
> യോഹ. 19 : 10 – 12

യേശുവിനെ വിടുവിപ്പാൻ ആഗ്രഹിച്ചു എങ്കിലും വിടു വിപ്പാൻ അധികാരമുണ്ടായിട്ടുപോലും പിന്നെയും ക്രൂശി ക്കാൻ പീലാത്തൊസ് വിട്ടുകൊടുക്കാൻ കാരണം പീലാത്തൊ സിന്റെ ഭയവും ഭീരുത്വവുമായിരുന്നു.

> "പീലാത്തൊസ് പുരുഷാരത്തിനു തൃപ്തി വരു ത്തുവാൻ ഇച്ഛിച്ചു ബറബ്ബാസിനെ അവർക്ക് വിട്ടു

കൊടുത്തു. യേശുവിനെ ചമ്മട്ടികൊണ്ടു അടിപ്പി
ച്ചു ക്രൂശിപ്പാൻ ഏൽപ്പിച്ചു."

മർക്കോസ് 15: 15

പീലാത്തോസിന്റെ വിധി ലോക നീതിന്യായക്കോടതിക ളുടെ ചരിത്രത്തിലെ ഒരു കറുത്ത അദ്ധ്യായമാണ്.

"ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല. നിങ്ങൾ ഇവനെ കൊണ്ടുപോയി ക്രൂശിപ്പിൻ."

നൂറ്റാണ്ടുകൾക്ക് മുമ്പ് യെശയ്യാപ്രവാചകൻ എഴുതി:

"അവന്റെ തലമുറയിൽ അവന്ന് ന്യായം കിട്ടാതെ പോയി."

ന്യായം കിട്ടാതെ പോയ ദൈവപുത്രന്റെ മേൽ അടി ച്ചേൽപിച്ച ശിക്ഷാവിധി എത്ര അപഹാസ്യമായിരുന്നു. 53

കൈ കഴുകിയാൽ പോകുന്നതാണോ ആ പാപക്കറ? "നീതിമാന്റെ രക്തത്തിൽ എനിക്കു പങ്കില്ല" എന്നു പറ ഞ്ഞാൽ തീരുന്നതാണോ ആ പാപത്തിന്റെ ഓഹരി?

ഭീരുത്വമായിരുന്നു പീലാത്തോസിനു പറ്റിയ അബദ്ധത്തിന് നിദാനം. റോമൻ സീസറുടെ അപ്രീതി സമ്പാദിച്ചാൽ ഗവർണ്ണർ സ്ഥാനം നഷ്ടപ്പെടുമല്ലോ എന്ന ഭീതിയാണ് പീല ത്തോസിനെ അലട്ടിയത്.

പക്ഷേ ഐതിഹ്യം പറയുന്നത് ഒരു ദയനീയ കഥയാണ്. അതൊരു ദുരന്ത കഥയാണ്. വേദപുസ്തകത്തിൽ ഈ കഥയ്ക്കു തെളിവൊന്നുമില്ല. കേവലം ഐതിഹ്യം മാത്രം.

അരിമിത്യക്കാരൻ യോസേഫ് വന്ന് യേശുവിന്റെ തിരുശ രീരം അടക്കം ചെയ്യാൻ പീലാത്തോസിനോട് അനുവാദം ചോദിച്ചു. പീലാത്തോസ് ഒന്നു ഞെട്ടി.

“അവൻ മരിച്ചു കഴിഞ്ഞുവോ” അതൊരു ദീനരോദനമായിരുന്നു. യേശുവിന്റെ തിരുശരീരം സംസ്ക്കരിക്കാൻ യോസേഫിന് അനുമതി നൽകി. പീലാത്തോസ് വേഗം പോയി കൈ കഴുകി. സിംഹാസനത്തിൽ വന്നിരുന്നു. സ്വസ്ഥതയില്ല. പിന്നെയും പോയി കൈ കഴുകി, ഇരുന്നു. ഇരുപ്പുറയ്ക്കുന്നില്ല. കിടന്നു നോക്കി. അസ്വസ്ഥതയേറുന്നു. എന്തു വേണ്ടൂ! പിന്നെയും പോയി കൈ കഴുകി. സമാധാനം ലഭിക്കുന്നില്ല. രാത്രി ഉറക്കം കിട്ടുന്നില്ല. ഇടയ്ക്കിടയ്ക്ക് പോയി കൈ കഴുകും. അങ്കലാപ്പു വർദ്ധിച്ചു. ഒരു മനോരോഗിയായതുപോലെ പെരുമാറാൻ തുടങ്ങി. പീലാത്തോസ് ഒരു മനോരോഗിയായിത്തീർന്നു. ഗവർണർ സ്ഥാനം നഷ്ടപ്പെട്ടു എന്ന് പറയേണ്ടതില്ലല്ലോ.

ഈ ഐതിഹ്യത്തിന്റെ വിശ്വാസ്യതയും വാസ്തവികതയും എന്തുമാകട്ടെ, ഒരു സത്യം അവശേഷിക്കുന്നു. പീലാത്തോസ് സ്വന്തം സ്ഥാനവും മാനവും മനുഷ്യപ്രീതിയും മനുഷ്യരുടെ ഇടയിലുള്ള ബഹുമതിയും നിലനിറുത്താൻ വേണ്ടി നിരപരാധിയായ യേശുവിനെ ക്രൂശിപ്പാൻ വിധിച്ചു.

ഭീരുത്വം കൈവെടിയാൻ പീലാത്തോസിന് കഴിഞ്ഞില്ല. അതിനു കാരണം സ്വന്തം ഭൗതിക സുസ്ഥിതിയായിരുന്നു ലക്ഷ്യം. സത്യത്തിനുവേണ്ടി സ്വയം ത്യജിച്ചു നിൽക്കാൻ കഴിയാതെ പോയി. പക്ഷേ, ആ ഭൗതിക ഉദ്ദേശം സാധിച്ചില്ല. സ്വർത്ഥലാഭത്തിനു വേണ്ടി സത്യത്തെയും നീതിയെയും ക്രൂശിലേറ്റി.

മാന്യദൈവപൈതലേ, നീ സത്യത്തെ ത്യജിച്ചിട്ടുണ്ടോ? സ്വർത്ഥ താൽപര്യത്തിനു വേണ്ടി നീതിയെ മറികടന്നിട്ടുണ്ടോ? സ്വന്തം കാര്യം സാധിക്കാൻ വേണ്ടി സത്യത്തെയും നീതിയെയും ബലി കഴിച്ചിട്ടുണ്ടോ?

സ്നേഹിതാ, അതാണ് ഭീരുത്വം. സത്യത്തിനുവേണ്ടി നീ ധൈര്യത്തോടെ നിൽക്കൂ. സാക്ഷാൽ നീതിക്കുവേണ്ടി സ്വയ താൽപര്യത്തെ വെടിഞ്ഞ് നീ നിൽക്കൂ. ആത്യന്തിക വിജയം നിനക്കായിരിക്കും.

കുരിശ് ഒരു പരാജയമല്ല. ആണെന്ന് ലോകം കരുതി. ക്രൂശിൽ കിടന്ന് ക്രിസ്തു പിടഞ്ഞപ്പോൾ ഇവന്റെ കഥ തീർന്നല്ലൊ; എന്ന് മഹാപുരോഹിതന്മാർ ആശ്വാസം കൊണ്ടു. ക്രിസ്തു ക്രൂശിൽ യാതനയേറ്റു മരിച്ചപ്പോൾ പള്ളിപ്രമാണി മാരും ന്യായശാസ്ത്രിമാരും സന്നിദ്രീം സംഘത്തിലുള്ളവരും സന്തോഷിച്ചു. ക്രിസ്തുവിനെ കല്ലറയിൽ അടക്കം ചെയ്തു കല്ലറ അടച്ച് മുദ്രവച്ചു കഴിഞ്ഞതോടെ അന്നത്തെ മതനേ തൃത്വം സമാധാനത്തോടെ നെടുവീർപ്പിട്ടു. 54

പക്ഷേ, ക്രിസ്തു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. കല്ലറയുടെ കല്ലുമാറി. അടഞ്ഞ കല്ലറ തുറന്നു. നിരാശ പൂണ്ടുപോയ ശിഷ്യന്മാർ പ്രത്യാശ പൂണ്ടു. പുതുചൈതന്യം പ്രാപിച്ചു. ചിതറിയപ്പോയവർ ഒന്നിച്ചുകൂടി. പതറിപ്പോയവർ ധീരരായി.

സത്യത്തെ ക്രൂശിക്കാം, സത്യത്തെ കുഴിച്ചുമൂടാം. ഏതാനും നാളുകളിലേക്കുമാത്രം. പക്ഷേ, സത്യം ഉയിർത്തെഴു ന്നേൽക്കും. സത്യം തലയെടുപ്പോടെ ജയിച്ചുമുന്നേറും.

ഭീരുത്വത്തോടെ സത്യത്തെ ക്രൂശിച്ചാൽ, നഷ്ടം ക്രൂശി ക്കുന്നവർക്ക്. അവർക്ക് മാത്രം വിനാശം. അതുകൊണ്ടാണ് ഭീരുത്വം ഉപേക്ഷിപ്പിൻ, ധൈര്യത്തിന്റെ ആത്മാവിനെ പ്രാപി പ്പിൻ എന്ന് പറയുന്നത്.

ഭീരുത്വത്തിന്റെ ആത്മാവിന് കീഴ്പ്പെട്ടുപോയ മറ്റൊരാളാണ് അപ്പൊസ്തല പ്രവൃത്തികളിൽ കാണുന്ന ഫേലിക്സ്.

ഫേലിക്സ് ദേശാധിപതി ആയിരുന്നു. റോമൻ സഹസ്രാധിപനായ ലൂസിയാസ് പൗലോസിനെ ഫെലിക്സിന്റെ അടുക്കലേക്ക് അയച്ചു. പൗലോസിനെ വിസ്തരിച്ച്, .യഹൂദന്മാർ ചുമത്തുന്നകുറ്റം എന്തെങ്കിലുമുണ്ടോ എന്നറിയാൻ വേണ്ടിയാണ് അയച്ചത്. പൗലോസിനെ കൊല്ലുവാൻ യഹൂദന്മാർ ചില ഗൂഢാലോചനകൾ നടത്തുന്നു എന്നറിഞ്ഞ് സഹസ്രാധിപൻ ഫേലിക്സിന്റെ അടുക്കലേക്ക് അയച്ചിരിക്കുകയാണ്.

അന്നത്തെ മഹാപുരോഹിതനായ അനന്യാസ് വലിയ വ്യവഹാരജ്ഞനായ തെർത്തുല്ലോസ്സിനെയും കൂട്ടിവന്ന് ഫേലിക്സിന്റെ മുമ്പിൽ പൗലോസിനെതിരായി വാദിച്ചു. പൗലോസ് വളരെ നിഷ്കളങ്കമായി കാര്യങ്ങൾ വിശദീകരിച്ചപ്പോൾ പൗലോസിനെതിരായി യഹൂദന്മാർ ചുമത്തുന്ന കുറ്റമെന്നും ഇല്ല എന്ന് ഫേലിക്സിനു മനസ്സിലായി.

ഫേലിക്സിന് പൗലോസിനെ വിട്ടയക്കണം എന്ന് മനസ്സിലായിട്ടും മോചിപ്പിക്കാതെ പിന്നെയും തടവിൽത്തന്നെയിട്ടു.

അതിനു കാരണം ഫേലിക്സിന്റെ ഭീരുത്വവും മനുഷ്യപ്രീതിക്കുവേണ്ടിയുള്ള വാഞ്ഛയുമായിരുന്നു. ഫേലിക്സ് തന്റെ ഭാര്യയോടു കൂടിയിരുന്ന് പൗലോസിന്റെ പ്രസംഗം കേട്ടു. ക്രിസ്തുയേശുവിലുള്ള വിശ്വാസത്തെ സംബന്ധിച്ചുള്ള ആ പ്രസംഗം കേൾക്കുന്നത് ഫേലിക്സിന് ഇഷ്ടമായിരുന്നു.

നീതി, ഇന്ദ്രിയജയം, വരുവാനുള്ള ന്യായവിധി എന്നിവയെക്കുറിച്ച് പൗലോസ് പ്രസംഗിച്ചപ്പോൾ ഫേലിക്സ് ഭയപരവശനായി. “തൽക്കാലം പോകാം; അവസരം ഉള്ളപ്പോൾ നിന്നെ വിളിപ്പിക്കാം.” എന്ന് പറയുകയാണ് ചെയ്തത്.

സ്വന്തം ജീവിതത്തിലെ പാപങ്ങളെ ഉപേക്ഷിക്കാൻ മനസ്സില്ലാത്തവർ വചനം തുടർന്നു കേൾക്കുവാൻ മനസ്സുകാ

ണിച്ചു എന്ന് വരാം. പക്ഷേ, സ്ഥായിയായ തീരുമാനമെടുക്കാൻ തയ്യാറാവുകയില്ല. അവർക്കുവേണ്ടത് ഭൗതികമായ ചില ലാക്കുകൾ നേടുക എന്നതായിരിക്കും.

"പൗലോസ് തനിക്കു ദ്രവ്യം തരും എന്നു ആശിച്ചു പലപ്പോഴും അവനെ വരുത്തി അവനോടു സംഭാഷിച്ചുപോന്നു."

അപ്പോ. പ്രവൃ. 24: 26

പൗലോസിന്റെ നാവിൽ നിന്ന് വചനം കേൾക്കുന്നതു പോലും ദ്രവ്യം കിട്ടിയേക്കും എന്നുള്ള പ്രതീക്ഷയിലാണ്.

ഫേലിക്സിന്റെ ഭീരുത്വത്തിന്റെ പിന്നിൽ മൂന്ന് കാര്യങ്ങൾ കാണാം.



ഒന്ന്, നീതി, ഇന്ദ്രിയജയം, വരുവാനുള്ള ന്യായവിധി എന്നിവയെക്കുറിച്ച് തിരുവചനം കേട്ടപ്പോൾ ഭയപരവശനായി; പക്ഷേ സമയം നീട്ടിവെച്ചു. "തൽക്കാലം പോകാം; അവസരമുള്ളപ്പോൾ നിന്നെ വിളിപ്പിക്കാം" എന്നു പറഞ്ഞു.

അപ്പോ. പ്രവൃ. 24:25

രണ്ടാമതായി, വചനം കേൾക്കുമ്പോഴും ദ്രവ്യം ലഭിക്കും എന്ന ആശയാണ് മുന്നിട്ടു നിൽക്കുന്നത്. കൂട്ടായ്മകളിൽ വരുന്ന ചിലരെങ്കിലും പണം ലാക്കാക്കി വരുന്നവരില്ലേ? വിദേശയാത്രയ്ക്കും ധനസമ്പാദനത്തിനും വേണ്ടി കൂട്ടായ്മകളിൽ ചേർന്നു നിൽക്കുന്നവരില്ലേ? സ്ഥാപിത താൽപര്യങ്ങളെന്തെങ്കിലും വെച്ചുകൊണ്ട് വചനം കേട്ടാൽ ആത്മാവിന് പ്രയോജനം ചെയ്യുകയില്ലല്ലൊ.

മൂന്നാമതായി, "ഫേലിക്സ് യഹൂദന്മാരുടെ പ്രീതി സമ്പാദിക്കേണം എന്നു വെച്ചു പൗലോസിനെ തടവുകാരനായി വിട്ടേച്ചുപോയി." 24: 27. മനുഷ്യരുടെ പ്രീതി സമ്പാദിക്കണ

മെന്ന ലാക്കുകൊണ്ട് നിരപരാധിയെ തടവിൽ വിട്ടു.

ഫേലിക്സിന്റെ ഭീരുത്വം മൂലം, നിക്ഷിപ്ത താൽപര്യം മൂലം, സമയം നീട്ടിവെയ്ക്കുന്ന സ്വഭാവം മൂലം, ദ്രവ്യാഗ്രഹം മൂലം, മനുഷ്യപ്രസാദത്തിനുള്ള ആഗ്രഹം മൂലം സത്യത്തെ പിന്നെയും തടവിലിട്ടു. സത്യത്തിനും നീതിക്കും വേണ്ടി നിൽക്കാൻ കഴിഞ്ഞില്ല.

അടുത്ത നാടുവാഴിയായ ഫെസ്തൊസിനും ഇതേ അപകടം തന്നെ സംഭവിച്ചു. .യഹൂദന്മാർ പൗലോസിനെതിരായി അവന്റെ നേരെ കഠിന കുറ്റം പലതും ബോധിപ്പിച്ചു. പൗലോസ് പറഞ്ഞു:

“യഹൂദന്മാരുടെ ന്യായപ്രമാണത്തോടാകട്ടെ, ദൈവാലയത്തോടാകട്ടെ, കൈസരോടാകട്ടെ ഞാൻ ഒരു കുറ്റവും ചെയ്തിട്ടില്ല.”

അപ്പോ. പ്രവൃ. 25: 8

ഫെസ്തൊസ് യഹൂദന്മാരുടെ പ്രീതി സമ്പാദിപ്പാൻ ഇച്ഛിച്ചു വിസ്താരസമയം പിന്നെയും നീട്ടി; പിന്നെയും അവധിവെച്ചു.

ഫെസ്തോസിന്റെ മനോഭാവത്തിലും ഭീരുത്വമാണ് നിഴലിടുന്നത്. അതിനു കാരണം മനുഷ്യ പ്രീതിക്കുവേണ്ടിയുള്ള ആഗ്രഹമാണ്. അതിന്റെ അടിസ്ഥാനമോ സ്വയമത്രേ. സ്വന്തം നിലനിൽപ്പും സ്വയമാഹാത്മ്യവുമത്രേ.

ഭീരുത്വത്തിന്റെ ആത്മാവിനോട് യാത്ര പറയാത്തവരാണ് പഴയ നിയമത്തിലെ ഓബദ്യാവും, പുതിയ നിയമത്തിലെ പിറവിക്കുരുടന്റെ മാതാപിതാക്കളും, പീലാത്തൊസും, ഫേലിക്സും, ഫെസ്തോസും, രക്ഷയും സമ്പൂർണ്ണ സത്യവും അവരുടെയെല്ലാം സമീപത്ത് എത്തിച്ചേർന്നതാണ്. പക്ഷേ,

മനുഷ്യഭയവും ലോകമയത്വവും ഒന്നാം സ്ഥാനത്ത് നിൽക്കുന്നതുകൊണ്ട് അവരുടെ ജീവിതത്തിൽ പടിവാതിൽക്കൽ കാത്തുനിന്ന സമാധാനത്തെയും നിത്യശാന്തിയെയും കരഗതമാക്കാൻ അവർക്കു കഴിഞ്ഞില്ല.

ശാശ്വതസമാധാനത്തിൽ എത്തിച്ചേരാമായിരുന്നു; തലമുറകളിലേക്ക് ജീവന്റെ കാന്തി പകരാമായിരുന്നു. പക്ഷേ, ഭീരുത്വം മൂലം അവർക്കതിന് കഴിഞ്ഞില്ല. സ്വയസ്നേഹം മൂലം അവർക്കതിന് സാധിച്ചില്ല. ലോകസ്നേഹമൂലം അവർക്ക് ആ മാഹാഭാഗ്യം നേടുവാൻ കഴിഞ്ഞില്ല.

യക്കോബിനെപ്പോലെയും മോശയെപ്പോലെയും ഗിദയോനെപ്പോലെയും ഏലിയാവിനെപ്പോലെയും പത്രോസിനെപ്പോലെയും ഭീരുത്വത്തിന്റെ ആത്മാവിനെ ഉപേക്ഷിച്ച് ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ സ്വീകരിച്ച് ശാശ്വതശാന്തിയിൽ അവർക്കും എത്തിച്ചേരാമായിരുന്നു. ഭാവികാല തലമുറകളിലേക്ക് പകർന്ന് നൽകാനുള്ള ജീവ സമ്പത്ത് അവർക്കും ആർജ്ജിക്കാമായിരുന്നു. 56

പ്രിയ സ്നേഹിതാ, നീ എന്തു തീരിമാനിക്കുന്നു? ഭീരുത്വത്തിന്റെ ആത്മാവിനെ ഉപേക്ഷിച്ച് ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെ നീ സ്വീകരിക്കുന്നുവോ? എങ്കിൽ ഇതാ, ക്രിസ്തു നിന്റെ അരികിൽ വന്ന് നിൽക്കുന്നു. നിന്നെത്തന്നെ നോക്കിനിൽക്കുന്നു. നിന്റെ ഹൃദയത്തിലേക്ക് വാത്സല്യത്തോടെ നോക്കി നിൽക്കുന്നു. നിന്റെ ഭാവിയിലേക്ക് ആശയോടെ, പ്രതീക്ഷയോടെ നോക്കികൊണ്ട് നിൽക്കുന്നു. കൊടുക്കൂ നിന്നെത്തന്നെ യേശുവിന്റെ ആണിപ്പാടുള്ള കൈകളിലേക്ക്. ഏൽപിക്കൂ സമ്പൂർണ്ണമായി. സമർപ്പിക്കൂ സമസ്തവും. നേടൂ അനന്തസൗഭാഗ്യങ്ങൾ.

# പത്ത്

"ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നും സുബോധമായുമിരിക്ക."

1 തെസ്സ. 5: 6

"So be on your gaurd, not asleep lilke the others. Watch for his return and saty sober." L.B.

ഭീരുത്വത്തിന്റെ ആത്മാവിനെയല്ല, ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രേ അവൻ നമുക്ക് തന്നത്. സുബോധത്തിന്റെ ആത്മാവിനെ നമുക്ക് ലഭിച്ചിരിക്കുന്നു. സ്നേഹത്തിന്റെ ആത്മാവിനെ നമ്മുടെ മേൽ അയച്ചിരിക്കുന്നു. ശക്തിയുടെ ആത്മാവിനെ നമുക്ക് ദാനമായി തന്നിരിക്കുന്നു. നമ്മിൽ നിന്ന് ഭീരുത്വത്തിന്റെ ആത്മാവിനെ കർത്താവ് മാറ്റിയിരിക്കുന്നു.

ദൈവത്തിന്റെ ആത്മാവ് ധൈര്യത്തിന്റെ ആത്മാവാണ്. ദൈവത്തിന്റെ ആത്മാവ് സകല ഭയവും ഭീരുത്വവും അകറ്റുന്ന ആത്മാവാണ്. ദൈവത്തിന്റെ ആത്മാവ് ശക്തിയുടെ

ആത്മാവാണ്. ദൈവത്തിന്റെ ആത്മാവ് സ്നേഹത്തിന്റെ ആത്മാവാണ്. ദൈവത്തിന്റെ ആത്മാവ് സുബോധത്തിന്റെ ആത്മാവാണ്. ദൈവത്തിന്റെ ആത്മാവ് വിശുദ്ധിയുടെ ആത്മാവാണ്. ദൈവത്തിന്റെ ആത്മാവ് സമാധാനത്തിന്റെ ആത്മാവാണ്. ദൈവത്തിന്റെ ആത്മാവ് കൃപയുടെ ആത്മാവാണ്. ദൈവത്തിന്റെ ആത്മാവ് പരിജ്ഞാനത്തിന്റെ ആത്മാവാണ്.

സുബോധത്തിന്റെ ആത്മാവ് പരിജ്ഞാനത്തിന്റെ ആത്മാവാണ്. ദൈവത്തിന്റെ ആത്മാവ് പ്രവർത്തിച്ചപ്പോഴാണ് ധൂർത്തപുത്രന് സുബോധം കിട്ടിയത്. അവൻ അവന്റെ അപ്പന്റെ വീട്ടിൽ സകല സമ്പത്തിനും അവകാശിയായി സന്തോഷത്തോടെ, സൗഖ്യത്തോടെ ജീവിച്ചുവന്നവനായിരുന്നു. അപ്പോൾ അവന് തോന്നി, വീട്ടിൽ സ്വാതന്ത്ര്യം വേണ്ടത്രയില്ല എന്ന്. 57

അപ്പന്റെ വരുതിയിൽ നിൽക്കണം, അപ്പന്റെ ആഭിജാത്യത്തിനൊത്തവണ്ണം ജീവക്കണം; എല്ലാം ഒരു അടിമത്തം പോലെ അവന് തോന്നി. സുബോധം പോയതിന്റെ ലക്ഷണമാണ്, അപ്പന്റെ സന്നിധിയിൽ നിന്നും അപ്പന്റെ വരുതിയിൽനിന്നും മാറണം എന്ന ചിന്ത. അപ്പന്റെ ഭവനത്തിൽ സ്വാതന്ത്ര്യം പോരാ എന്ന ചിന്ത. ആ യൗവനക്കാരന്റെ സുബോധം പോയി.

എന്നാൽ അവന് സുബോധം തിരികെ കിട്ടി. പട്ടണത്തിലെ വെറിക്കൂത്തിലും ദുർന്നടപ്പുകളിലും അഴുക്കുചാലുകളിലും ജീവിച്ച് പണവും ആരോഗ്യവും സൗന്ദര്യവും എല്ലാം വറ്റിവരണ്ടു. ചുറ്റുംകൂടി നിന്ന് തിന്മയ്ക്ക് അവനെ പ്രേരിപ്പിച്ച് അവനെ പ്രോത്സാഹിപ്പിച്ച സ്നേഹിതന്മാർ അവന്റെ പണം തീർന്നപ്പോൾ മാറിപ്പോയി.

അപ്പോഴിതാ, ദേശത്തെമ്പാടും കഠിന ക്ഷാമം. ആഹാരത്തിന് വലഞ്ഞ് വിശന്ന് പൊരിഞ്ഞ് അവൻ ആ ദേശത്തിലെ ഒരു പ്രഭുവിനെ ആശ്രയിച്ചു. പന്നിയെ മേയ്ക്കാൻ അവനെ അയച്ചു. പന്നി തിന്നുന്ന തവിടുപോലും കിട്ടുന്നില്ല എന്ന സ്ഥിതി വന്നു. അപ്പന്റെ വയലിൽ ഉടമസ്ഥനെപ്പോലെ എല്ലാം നയിച്ചും നടത്തിയും ഭരിച്ചും ജീവിച്ചവൻ വിദേശത്തിലെ പൗരന്റെ വയലിൽ പന്നിയെ മേയ്ക്കാൻ പോയി.

“പന്നി തിന്നുന്ന വാളവരകൊണ്ടു വയറു നിറെപ്പാൻ അവൻ ആഗ്രഹിച്ചു എങ്കിലും ആരും അവന്നു കൊടുത്തില്ല.” ലൂക്കോസ്. 15 : 16

അപ്പോൾ അവന് സുബോധം വന്നു. അത് ഒരു വലിയ ഭാഗ്യമായിപ്പോയി. സുബോധം പോയവന് സുബോധം വരുവാൻ ക്ഷാമം കാരണമായി.

ആഹാരത്തിനു ക്ഷാമം, കൂട്ടുകാരുടെ ക്ഷാമം, സ്നേഹത്തിന് ക്ഷാമം, സമാധാനത്തിന് ക്ഷാമം, സന്തോഷത്തിന് ക്ഷാമം, ആരോഗ്യത്തിന് ക്ഷാമം, സൽപ്പേരിന് ക്ഷാമം, നിലയ്ക്കും വിലയ്ക്കും ക്ഷാമം, ആഭിജാത്യത്തിനു ക്ഷാമം – ആ ചെറുപ്പക്കാരന് ഈ ക്ഷാമമെല്ലാം സുബോധം ലഭിപ്പാൻ മുഖാന്തിരമായിത്തീർന്നു.

മാന്യസ്നേഹിതാ, നീ ഇന്ന് കടുത്ത ക്ഷാമത്തിലല്ലേ? പൈസയില്ലാതെ നീ വലയുകയല്ലേ? കടത്തിന്റെ ഭാരത്താൽ നിന്റെ മുഖം താണിരിക്കയല്ലേ? സ്നേഹിക്കാൻ ആരുമില്ലല്ലോ എന്നോർത്ത് നീ നിരാശയിലാണ്ടിരിക്കയല്ലേ? ഒരു കാലത്ത് ഉണ്ടായിരുന്ന ജനപിന്തുണ നഷ്ടപ്പെട്ടതിൽ നീ നെടുവീർപ്പിട്ടു കഴിയുകയല്ലേ? നിന്റെ സ്വന്തം വീട്ടിൽ പോലും നീ ഒറ്റപ്പെട്ടിരിക്കുന്നു എന്നതിൽ നീ വിഷാദവിവശനായി

തീർന്നിരിക്കയല്ലേ? നിന്റെ രോഗം മൂലം, ആരോഗ്യം നഷ്ടപ്പെട്ടതിനാൽ നീ വിതുമ്പിക്കരയുകയല്ലേ? നിന്റെ സ്നേഹഭാജനമായിരുന്നവർ നിന്നെ എതിർക്കുകയും വെറുക്കുകയും ചെയ്യുന്നതിൽ നീ മനംനൊന്ത് കേഴുകയല്ലേ? അതേ, പ്രിയനേ, നിനക്കിന്ന് ക്ഷാമമമാണ്. ക്ഷാമം നല്ലതാണ്. സുബോധം ലഭിക്കാൻ കാരണമാകും.

ധൂർത്ത പുത്രന് സുബോധം വന്നു. യേശു ക്രിസ്തു ആ ഉപമയിൽ തുടർന്ന് പറഞ്ഞു.

> "അപ്പോൾ സുബോധം വന്നിട്ട് അവൻ; എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ചു ശേഷിപ്പിക്കുന്നു. ഞാനോ വിശപ്പു കൊണ്ടു നശിച്ചു പോകുന്നു. ഞാൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ ചെന്നു അവനോടു: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിന്നു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ ആക്കേണമെ എന്നു പറയും എന്നു പറഞ്ഞു. അങ്ങനെ അവൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ പോയി."
>
> ലൂക്കോസ് 15: 17–20

മുടിയൻ പുത്രന് സുബോധം ലഭിച്ചപ്പോൾ അവൻ അവന്റെ അപ്പനെക്കുറിച്ച് ഓർത്തു.

ഒന്നാമത്, സുബോധം ലഭിച്ചപ്പോൾ അവൻ അവന്റെ അപ്പനെക്കുറിച്ച് ഓർത്തു.

അപ്പനെക്കുറിച്ച് ഓർമ്മയില്ലെങ്കിൽ, പരിഗണനയില്ലെങ്കിൽ, സുബോധമില്ല എന്നറിവിൻ. പ്രിയ യുവാവേ നിനക്ക് ഉന്ന

58

തവിദ്യാഭ്യസം ഉണ്ടായിരിക്കാം; ഉയർന്ന ഡിഗ്രികൾ നേടിയിരിക്കാം. ലോകത്ത് സ്ഥാനമാറ്റങ്ങൾ സമ്പാദിച്ചിരിക്കാം. എങ്കിലും നിന്റെ സ്വർഗ്ഗീയ പിതാവിനെക്കുറിച്ച് നിനക്ക് ഓർമ്മയില്ലെങ്കിൽ, നിനക്ക് ദൈവഭയമില്ലെങ്കിൽ, ദൈവവിചാരമില്ലെങ്കിൽ, നിനക്ക് സത്യമായ സുബോധമില്ല എന്നറിഞ്ഞു കൊൾവിൻ.

രണ്ടാമതായി, അപ്പന്റെ വേലക്കാരെക്കുറിച്ച് ഓർത്തു.

ദൈവത്തിന്റെ വേലക്കാരെക്കുറിച്ച് പരിഗണനയില്ലാത്തത് സുബോധമില്ലാത്തതുകൊണ്ടാണ്.

ക്രിസ്തു തന്റെ ശിഷ്യന്മാരെക്കുറിച്ച്, വേലക്കാരെക്കുറിച്ച് പറഞ്ഞു:

“നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു.” മത്തായി 10:40

> “ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു: ഞാൻ അയയ്ക്കുന്നവനെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു.”
>
> യോഹ. 13 : 20

> “ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു.”
>
> മത്തായി. 18: 10–11

ദൈവത്തിന്റെ വേലക്കാർക്ക് ദൈവം കൊടുക്കുന്ന പദവിയും വിലയും അറിഞ്ഞ് ദൈവത്തിന്റെ കാഴ്ചപ്പാടിൽക്കൂടെ ദൈവവേലക്കാരെ കാണുക. അത് സുബോധത്തിന്റെ ലക്ഷണമാണ്.

മൂന്നാമതായി, ദൈവവേലക്കാരുടെ സുഭിക്ഷതയെക്കുറിച്ചുള്ള കാഴ്ചപ്പാട്.

> "എന്റെ അപ്പന്റെ എത്ര കൂലിക്കാർ ഭക്ഷണം കഴിച്ച് ശേഷിപ്പിക്കുന്നു."
>
> ലൂക്കോസ്. 15 : 17

ദൈവവേലക്കാരുടെ ഐശ്വര്യവും സമാധാനസമൃദ്ധിയും സുഭിക്ഷതയും തിരിച്ചറിയുന്നത് സുബോധത്തിന്റെ ലക്ഷണമാണ്. ദൈവവേലക്കാരുടെ കൈയിൽ വരുന്നത് ചോർന്നുപോകുന്നില്ല. അവർക്കെന്നും സംതൃപ്തിയാണ്. ഒന്നിനെക്കുറിച്ചും പരാതിയില്ല, പരിഭവമില്ല. എന്നും നിറവാണ്.



അപ്പോസ്തലനായ പൗലോസ് പറഞ്ഞില്ലേ,

> "ഉള്ള അവസ്ഥയിൽ അലംഭാവത്തോടിരിപ്പാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ചയിൽ ഇരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും എനിക്കു അറിയാം; തൃപ്തനായിരിപ്പാനും വിശന്നിരിപ്പാനും സമൃദ്ധിയിൽ ഇരിപ്പാനും ബുദ്ധിമുട്ടു അനുഭവിപ്പാനും എല്ലാം ഞാൻ ശീലിച്ചിരിക്കുന്നു. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിന്നും മതിയാകുന്നു."
>
> ഫിലി. 4: 11–13

നാലാമതായി, ഞാൻ നശിക്കുന്നു എന്ന സുബോധം.

“ഞാനോ വിശപ്പുകൊണ്ടു നശിച്ചുപോകുന്നു.” സ്വന്തം സാക്ഷാത്തായ അവസ്ഥ തിരിച്ചറിയാനുള്ള ഭാഗ്യമാണ് സുബോധത്തിന്റെ നാലാമത്തെ ലക്ഷണം. ഞാൻ ഇവിടെ കിടന്ന് നശിച്ചുപോവുകയാണ് എന്ന ബോധം. നിത്യനാശ ത്തിലേക്ക് ഞാൻ പോകുന്നു എന്ന വെളിവ് ലഭിക്കുമ്പോ ഴാണ് അതിൽ നിന്ന് രക്ഷനേടേണ്ടത് എങ്ങനെ എന്ന് ചിന്തി ക്കാൻ കഴിയുന്നത്

“പാപത്തിന്റെ ശമ്പളം മരണമത്രേ” എന്ന് വചനം പറ യുന്നു. ആ വചനം അനുസരിച്ച് എന്നിൽ പാപം ഉള്ളേ ടത്തോളം എന്റെ ആത്മാവ് മരിച്ചിരിക്കുന്നു എന്നും ഞാൻ നിത്യദണ്ഡനത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു എന്നും വളരെ വ്യക്തമായ സുബോധത്തോടെ ഗ്രഹി പ്പാൻ കഴിയുന്നു.

അതുകൊണ്ടാണ് കർത്താവ് തന്നിൽ വിശ്വസിച്ച യഹൂദ ന്മാരോട് പറഞ്ഞത്:

> “എന്റെ വചനത്തിൽ നിലനിൽക്കുന്നു എങ്കിൽ നിങ്ങൾ വാസ്തവമായി എന്റെ ശിഷ്യന്മാരായി, സത്യം അറികയും സത്യം നിങ്ങളെ സ്വതന്ത്രന്മാ രാക്കുകയും ചെയ്യും.”
>
> യോഹ. 8: 31–32

എന്നിൽ പാപമുണ്ട് എന്നും നിത്യനരകത്തിന് ഞാൻ അവകാശിയാണ് എന്നും അറിവുണ്ടാകുന്നതാണ് സുബോധ ത്തിന്റെ ലക്ഷണം. അതാണ് സത്യം അറിയുന്ന അനുഭവം. സത്യം അറിഞ്ഞാലല്ലേ, പാപത്തിൽ നിന്ന് സ്വാതന്ത്ര്യം വേണ മെന്ന് ദാഹിക്കുവാനും സ്വാതന്ത്ര്യം നൽകുന്ന ക്രിസ്തു വിനെ കണ്ടെത്താനും കഴികയുള്ളു?

ക്രിസ്തു തുടർന്ന് അവരോടു പറഞ്ഞു:

> “നിങ്ങൾ പിശാചെന്ന പിതാവിന്റെ മക്കൾ; നിങ്ങളുടെ പിതാവിന്റെ മോഹങ്ങളെ ചെയ്‌വാനും ഇച്ഛിക്കുന്നു. അവൻ ആദിമുതൽ കൊലപാതകൻ ആയിരുന്നു; അവനിൽ സത്യം ഇല്ലായ്ക കൊണ്ടു സത്യത്തിൽ നിൽക്കുന്നതുമില്ല. അവൻ ഭോസ്കു പറയുമ്പോൾ സ്വന്തത്തിൽ നിന്നു എടുത്തു പറയുന്നു; അവൻ ഭോഷ്കു പറയുന്നവനും അതിന്റെ അപ്പനും ആകുന്നു.”
>
> യോഹ. 8 : 44

പിശാചിന്റെ പിടിയിലും സ്വാധീനത്തിലും ബന്ധന
ത്തിലുമാണ് ഞാൻ എന്ന തിരിച്ചറിവാണ് സുബോധത്തിന്റെ 60
ആരംഭം. മുടിയൻ പുത്രന് സുബോധം ഉണ്ടായി. അപ്പോൾ അവന് “ഞാൻ വിശപ്പുകൊണ്ട് നശിച്ചുപോകുന്നു” എന്ന ബോദ്ധ്യമുണ്ടായി. അപ്പന്റെ കൂലിക്കാർ സുഭിക്ഷമായി ജിവിക്കുന്നു. അപ്പന്റെ മകനായ ഞാനോ നശിച്ചുപോകുന്നു. ഈ അറിവാണ് സുബോധത്തിന്റെ നാലാമത്തെ ലക്ഷണം.

അഞ്ചാമതായി, ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കലേക്കു പോകും എന്ന ചിന്ത അവനുണ്ടായി. അത് സുബോധത്തിന്റെ ലക്ഷണമാണ്.

“ഞാൻ എഴുന്നേറ്റു അപ്പന്റെ അടുക്കൽ ചെല്ലും.”

ലൂക്കോസ് 15: 18

പിതാവിന്റെ അടുക്കൽ പോകണമെന്ന ആഗ്രഹമുണ്ടാകുന്നത് തന്നെ ശുഭലക്ഷണമാണ്. ആഗ്രഹിച്ചാൽ മാത്രം പോരാ, പോകുമെന്ന് ദൃഢനിശ്ചയം എടുക്കണം. ആ തീരുമാനമാണ് കൂടുതൽ ശ്രേഷ്ഠമായ അനുഭവങ്ങളിലേക്ക് നടത്തുന്നത്.

ഞാനിപ്പോൾ കഴിയുന്ന നശീകരണ സാഹചര്യങ്ങളെ വിട്ട് എന്റെ അപ്പന്റെ അടുക്കലേക്ക് പോകും എന്ന തീരുമാനം തിരിച്ചറിവിന്റെ ലക്ഷണമാണ്. അത് വിവേകത്തിന്റെ അടയാളമാണ്.

ആറാമതായി, ഞാൻ ഏറ്റുപറയും എന്ന തീരുമാനം സുബോധത്തിന്റെ ലക്ഷണമാണ്.

> "അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിന്നു ഞാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെപ്പോലെ എന്നെ അക്കോണമേ എന്നു പറയും." എന്ന് തീരുമാനിച്ചു.
>
> ലൂക്കോസ്. 15: 18–19

ലജ്ജ കൂടാതെ പാപം ഏറ്റുപറയാനുള്ള തീരുമാനം ശുഭകരമാണ്; അനുഗ്രഹദായകമാണ്. തിരുവചനം പറയുന്നു:

> "തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന്നു ശുഭം വരികയില്ല; അവയെ ഏറ്റു പറഞ്ഞു ഉപേക്ഷിക്കുന്നവനോ കരുണ ലഭിക്കും." സദൃ. 28: 13
>
> "നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്ന എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."
>
> 1 യോഹ 1: 9
>
> "മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവക്കു മഹത്വം കൊടുത്തു അവനോടു ഏറ്റുപ

റക; നീ എന്തു ചെയ്തു എന്നു പറക; എന്നോടു മറെച്ചു വെക്കരുത്."

യോശുവ 7: 19

അനുതാപത്തെ തുടർന്ന് വരേണ്ടതാണ് ഏറ്റുപറച്ചിൽ. ദാവീദ് അനുതപിച്ച് പാപങ്ങളെ ഏറ്റുപറഞ്ഞപ്പോഴാണ് രക്ഷ യുടെ സന്തോഷം തിരികെ കിട്ടിയത്.

പത്രോസ് മൂന്നുവട്ടം യേശുവിനെ തള്ളിപ്പറഞ്ഞു; അതേ നാവുകൊണ്ട് മൂന്നു പ്രാവിശ്യം ഏറ്റു പറഞ്ഞു. കർത്താവി നോട് പ്രിയം ഉണ്ട് എന്ന്.

ഏഴാമതായി സുബോധത്തിന്റെ ലക്ഷണം എളിമയാണ്.



"നിന്റെ മകൻ എന്നു വിളിക്കപ്പെടുവാൻ ഞാൻ യോഗ്യ നല്ല" എന്ന് തുറന്ന് പറയുകയാണ്. എനിക്ക് അർഹതയില്ല, യോഗ്യതയില്ല എന്ന് ഹൃദയംഗമമയി പറയാൻ കഴിയുന്നത് താഴ്മയുടെയും സുബോധത്തിന്റെയും ലക്ഷണമാണ്.

ദാവീദ് പറഞ്ഞു:

"ഞാനോ എളിയവനും ദരിദ്രനും ആകുന്നു; എങ്കിലും കർത്താവു എന്നെ വിചാരിക്കുന്നു."

സങ്കീ. 40: 17

യാക്കോബ് ഒരിക്കൽ പറഞ്ഞു:

"യഹോവേ, നീ അടിയനോടു കാണിച്ചിരി ക്കുന്ന സകല ദയക്കും സകല വിശ്വസ്തതക്കും ഞാൻ അപാത്രമത്രേ."

ഉൽപത്തി 32: 10

സ്വന്തം അയോഗ്യതയെക്കുറിച്ചുള്ള തിരിച്ചറിവ് സുബോധത്തിന്റെ ലക്ഷണമത്രേ. ധൂർത്ത പുത്രന് സുബോധം ലഭിച്ചു. നഷ്ടപ്പെട്ട സൗഭാഗ്യങ്ങളെല്ലാം അവന് തിരികെ കിട്ടി. അപ്പൻ അവനെ സ്വീകരിച്ചു. അവന്റെ വീഴ്ചയുടെ കാര്യങ്ങളൊന്നും അപ്പൻ അവനോടു ചോദിച്ചില്ല. അവന്റെ കൈയ്ക്ക് മോതിരവും കാലിനു ചെരിപ്പും ലഭിച്ചു. അവനെ മേൽത്തരം അങ്കിധരിപ്പിച്ചു. അപ്പൻ പറഞ്ഞു:

> “ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു. കാണാതെ പോയിരുന്നു; കണ്ടുകിട്ടിയിരിക്കുന്നു.”
>
> ലൂക്കോസ് 15 : 24

മാന്യസ്നേഹിതാ, നീ സാക്ഷാത്തായ സുബോധം പ്രാപിച്ചുവോ? വെളിവ് സമ്പാദിച്ചുവോ? സുബോധത്തിനു വിരുദ്ധമായി നിന്നിലുള്ള സകലകാര്യങ്ങളും നീ ഉപേക്ഷിച്ചുവോ? ക്രിസ്തുവിനെ നിന്റെ നാഥനും രക്ഷിതാവുമായി നീ സ്വീകരിച്ചുവോ?

ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

## പതിനൊന്ന്

"ആകയാൽ നാം ശേഷമുള്ളവരെപ്പോലെ ഉറ 62
ങ്ങാതെ ഉണർന്നും സുബോധമായുമിരിക്ക."

1 തെസ്സ. 5: 6

സുബോധത്തിന്റെ ആത്മാവിനെ നമുക്ക് ലഭിച്ചിരിക്കുന്നു. വെളിപാടിന്റെ ആത്മാവാണ് പരിശുദ്ധാത്മാവ്. പരിശുദ്ധാത്മാവിന്റെ ശക്തി നമ്മിൽ പ്രവേശിക്കുമ്പോൾ നാം സുബോധമുള്ളവരായിത്തീരുന്നു.

ധൂർത്തപുത്രന് സുബോധം ലഭിച്ചപ്പോൾ അവന് ഏഴു തരത്തിലുള്ള അനുഭവങ്ങളുണ്ടായി. സുബോധത്തിന്റെ ലക്ഷണമാണ് മാനസാന്തരം. തുടർന്ന് അനുതാപം വരുന്നത് സുബോധം ലഭിക്കുന്നതുകൊണ്ടാണ്. പാപം ഏറ്റുപറയുന്നതാണ് സുബോധത്തിന്റെ അടുത്ത ഘട്ടം. ഏറ്റുപറയുകമാത്രമല്ല; മേലിൽ ആവർത്തിക്കുകയില്ല എന്നു തീരുമാനിക്കുന്നതും സുബോധത്തിന്റെ അനുപേക്ഷണീയ ഘടകമാണ്.

മുടിയൻപുത്രന് സുബോധം വന്നതു പോലെ സുബോധം

ലഭിക്കുന്നതിന്റെ രണ്ടാമത്തെ അനുഭവമാണ് പത്രോസ് തന്റെ ഒന്നാം ലേഖനത്തിന്റെ നാലാം അദ്ധ്യായം ഏഴാം വാക്യത്തിൽ പറയുന്നത്.

“എന്നാൽ എല്ലാറ്റിന്റെയും അവസാനം സമീപിച്ചിരിക്കുന്നു; ആകയാൽ പ്രാർത്ഥനക്കു സുബോധമുള്ളവരും നിർമ്മദരുമായിരിപ്പിൻ.”

"The end of all things is near. Therefore, be clear minded and self controlled so that you can pray." New International Version.

സുബോധത്തോടെയായിരിക്കണം പ്രാർത്ഥിക്കുന്നത്. ഹൃദയമില്ലാതെ ചുണ്ടുകൊണ്ടുമാത്രം ഉച്ചരിക്കുന്ന പ്രാർത്ഥനകൾ നിഷ്പ്രയോജനമാണ്. എന്താണ് പറയുന്നതെന്നറിയാതെ, ഹൃദയത്തിൽ തട്ടാതെ ഉരുവിടുന്ന പ്രാർത്ഥനകൾ, ചൊല്ലിത്തീർക്കുന്നവയാണ്. അവ കേവലം ജല്പനങ്ങളാണ്.

സുബോധത്തോടെ പ്രാർത്ഥിക്കണം. മനസ്സും ബുദ്ധിയും ധാരണാശക്തിയും ഹൃദയവും പ്രാർത്ഥനയിൽ ലയിക്കണം. ചടങ്ങായിട്ടോ അനുഷ്ഠാനമായിട്ടോ ചൊല്ലിത്തീർക്കുന്ന വിധമായിപ്പോകരുത് നമ്മുടെ പ്രാർത്ഥനകൾ. പൂർവ്വീകരായ പുണ്യപിതാക്കൾ എഴുതിവെച്ചിരിക്കുന്ന പ്രാർത്ഥനകൾ പദാനുപദമായി അർത്ഥം ഗ്രഹിച്ചുകൊണ്ട് ചൊല്ലുവാൻ കഴിഞ്ഞാൽ അത് അനുഗ്രഹകരമായിരിക്കും. എഴുതപ്പെട്ട പ്രാർത്ഥനയായാലും തനതു പ്രാർത്ഥനയായാലും (ധാന്യ പ്രാർത്ഥന – extempore prayer) ഹൃദയവും മനസ്സും അതിൽ ലയിച്ച് സ്വന്തം ഹൃദയത്തിൽ നിന്ന് പുറപ്പെടുന്നവയായി തീരുമ്പോഴാണ് അത് അനുഗ്രഹദായകമായിത്തീരുന്നത്.

ഒന്ന്, പാപത്തിൽ ജീവിച്ച മുടിയൻ പുത്രന് സുബോധം

ലഭിച്ചു.

രണ്ട്, പ്രാർത്ഥനയ്ക്കു സുബോധമുള്ളവരായിരിപ്പിൻ.

മൂന്ന്, സ്ത്രീകൾ സുബോധത്തോടെ തങ്ങളെ അലങ്കരിക്കണം.

> "ആകയാൽ പുരുഷന്മാർ എല്ലാടത്തും കോപവും വാഗ്വാദവും വിട്ടകന്നു വിശുദ്ധകൈകളെ ഉയർത്തി പ്രാർത്ഥിക്കേണം എന്നു ഞാൻ ആഗ്രഹിക്കുന്നു. അവ്വണ്ണം സ്ത്രീകളും യോഗ്യമായ വസ്ത്രംധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം. പിന്നിയ തലമുടി, പൊന്നു, മുത്തു, വിലയേറിയ വസ്ത്രം എന്നിവകൊണ്ടല്ല, ദൈവ ഭക്തിയെ സ്വീകരിക്കുന്ന സ്ത്രീകൾക്കു ഉചിതാമാകും വണ്ണം സൽപ്രവൃത്തികളെക്കൊണ്ടത്രെ അലങ്കരിക്കേണ്ടത്." 63
>
> 1 തീമൊ. 2: 8–10

എങ്ങനെയാണ് സുബോധത്തോടെ അലങ്കരിക്കുന്നത് എന്ന് പൗലോസ് ഇവിടെ വ്യക്തമാക്കുകയാണ്. സ്ത്രീകൾ യോഗ്യമായ വസ്ത്രം ധരിക്കണം, ലജ്ജാശീലമുള്ളവരായിരിക്കണം. ശാലീനതയാണ് സൗന്ദര്യം. അടക്കമൊതുക്കം വേണം എന്ന് ഗ്രമീണശൈലിയിൽ പറയാം. സംസാരത്തിലും പെരുമാറ്റത്തിലും ഭവ്യതയും ആഭിജാത്യവും അന്തസ്സും തറവാടിത്തവും പുലർത്തണം. കുലീനമായ പെരുമാറ്റമാണ് വേണ്ടത്.

തലമുടി പിന്നുക, പൊന്നണിയുക, ആഡംബരപ്രൗഢിയുള്ള വസ്ത്രം ധരിക്കുക എന്നിങ്ങനെയുള്ള ബാഹ്യമായ

അലങ്കാരങ്ങളിലായിരിക്കരുത് ക്രിസ്തീയ വിശ്വാസത്തിലേക്കു വന്ന സ്ത്രീകൾ താൽപര്യം പുലർത്തുന്നത്. അപ്പോസ്തലനായ പത്രോസ് പറഞ്ഞു:

> "ഭാര്യമാരേ, നിങ്ങളുടെ ഭർത്താക്കന്മർക്കു കീഴടങ്ങിയിരിപ്പിൻ, അവരിൽ വല്ലവരും വചനം അനുസരിക്കാത്തപക്ഷം ഭയത്തോടുകൂടിയ നിങ്ങളുടെ നിർമ്മലമായ നടപ്പു കണ്ടറിഞ്ഞു വചനം കൂടാതെ ഭാര്യമാരുടെ നടപ്പിനാൽ ചേർന്നു വരുവാൻ ഇടയാകും. നിങ്ങളുടെ അലങ്കാരം തലമുടി പിന്നുന്നതും പൊന്നണിയുന്നതും വസ്ത്രം ധരിക്കുന്നതും ഇങ്ങനെ പുറമേയുള്ളതല്ല, സൗമ്യതയും സാവാധനതയുമുള്ള മനസ്സു എന്ന അക്ഷയഭൂഷണമായ ഹൃദയത്തിന്റെ ഗൂഢമനുഷ്യൻ തന്നേ ആയിരിക്കേണം; അതു ദൈവസന്നിധിയിൽ വിലയേറിയതാകുന്നു."
>
> 1 പത്രോസ് 3 : 1–4

> "ഇങ്ങനെയല്ലോ പണ്ട് ദൈവത്തിൽ പ്രത്യാശവെച്ചിരുന്ന വിശുദ്ധസ്ത്രീകൾ തങ്ങളെത്തന്നെ അലങ്കരിച്ചു ഭർത്താക്കന്മർക്കു കീഴടങ്ങിയിരുന്നത്."
>
> 3: 5

മാന്യമായ വസ്ത്രധാരണരീതി സുബോധത്തിന്റെ ലക്ഷണമാണ്. ശരീരഭാഗങ്ങൾ യോഗ്യമായി മറച്ചുകൊണ്ടുള്ള വസ്ത്രധാരണ രീതിയാണ് അഭികാമ്യം. മറ്റുള്ളവരെ ആകർഷിക്കുകയും ആസ്വാദിപ്പിക്കുകയും ചെയ്യുന്ന വേഷവിധാനങ്ങൾ ആധുനികതയുടെ മുഖമുദ്രയാണെന്നും അതിനുവിപരീതമായി ചിന്തിക്കുന്നത് പഴഞ്ചൻ, പിന്തിരിപ്പൻ മനോഭാവമാണെന്നും വിലയിരുത്തുന്നവർ കണ്ടേക്കാം. പക്ഷേ, ഒരു

കാര്യം സത്യവും വ്യക്തവുമാണ്. തിരുവചനപ്രകാരം യോഗ്യമായും മാന്യമായും വേഷവും ആഡംബരവും ആഭരണങ്ങളും സുബോധത്തിന് ചേർന്ന വിധത്തിൽ ഉപയോഗിക്കേണ്ടതാണ്.

സുന്ദരവസ്ത്രങ്ങളോ ആഭരണങ്ങളോ പൗലോസ് വിലക്കുന്നില്ല. എന്നാൽ "സൗമ്യതയും സാവാധനതയുള്ള ഹൃദയത്തിന്റെ ഗൂഢാമനുഷ്യൻ" എന്ന അത്യന്താപേക്ഷിതമായ സാക്ഷാൽ അലങ്കാരത്തിന് ബാഹ്യവേഷഭൂഷാദികൾ പകരമാവുകയില്ലെന്നാണ് പൗലോസ് പറഞ്ഞിരിക്കുന്നത്. അവയുടെ അമിതമായ ഉപയോഗത്തെയാണ് അപ്പോസ്തലൻ ഇവിടെ വിലക്കുന്നത്. ഫാഷന്റെ പിറകേ ഓടുന്ന ആധുനികസമൂഹത്തിലെ 'സൊസൈറ്റി ലേഡീസ്' എന്നറിയപ്പെടുന്ന 64
വരെ ആന്തരീകസൗന്ദര്യമാകുന്ന സ്വഭാവശ്രേഷ്ഠതയെക്കുറിച്ച് ബോധവൽക്കരിക്കുകയാണ് പൗലോസ് ഇവിടെ ചെയ്യുന്നത്.

"ഫാഷൻ ഭ്രമ" ത്തെ കുറിച്ച് 'ചിരിയും ചിന്തയും' എന്ന ഹാസ്യഗ്രന്ഥത്തിൽ ശ്രീ. ഇ.വി. കൃഷ്ണപിള്ള പറഞ്ഞിട്ടുണ്ട്. ഒരു മനുഷ്യൻ പാരീസിന്റെ തെരുവിൽ കൂടി ശീഘ്രഗതിയിൽ നടന്ന്, ഏതാണ്ടു ഓടുന്നതുപോലെ, തിടുക്കത്തിൽ പോവുകയായിരുന്നു. അദ്ദേഹത്തിന്റെ ഒരു സ്നേഹിതൻ അദ്ദേഹത്തെ തടഞ്ഞുനിറുത്തി ചോദിച്ചു.

"സ്നേഹിതാ, എന്താണിത്? ഇത്ര വേഗത്തിൽ പോകുന്നത്? വീട്ടിൽ വല്ല ആപത്തോ മറ്റോ സംഭവിച്ചോ?"

"അയ്യോ, എന്നെ തടയല്ലേ. എന്റെ കൈയിലെ ഈ കവർ കണ്ടോ? ഇതൊരു സാരിയാണ്. ഇത് ഞാൻ എന്റെ ഭാര്യയുടെ കൈയിൽ ഒന്നു കൊടുത്തുകൊള്ളട്ടെ."

“ഭാര്യയ്ക്ക് സാരി വാങ്ങിക്കൊടുക്കുന്നതിന് നിങ്ങൾ ഇത്ര തിടുക്കത്തിൽ ഓടുന്നതെന്തിനാണ്?”

അദ്ദേഹം ഓടിക്കൊണ്ടുതന്നെ പറഞ്ഞു:

“ഞാനിതുകൊടുക്കാൻ താമസിച്ചാൽ അപ്പോഴേക്കും ഫാഷൻ മാറും. പിന്നെ പുതിയ ഫാഷൻ വേണമെന്ന് പറഞ്ഞു കലമ്പൽ കൂട്ടും.”

ഇതൊരൽപം അതിശയോക്തിയെന്ന് തോന്നാം, എന്നാൽ വിശ്വാസികൾ എന്നു പറയുന്ന അനേകരും ഫാഷൻ ഭ്രമത്തിൽ നിന്ന് മോചനം പ്രാപിച്ചിട്ടില്ല എന്നതൊരു യാഥാർത്ഥ്യമാണ്.

നാലാമതായി, സാക്ഷാലുള്ള അലങ്കാരം എന്ത് എന്ന് അറിയുന്നത് സുബോധത്തിന്റെ ലക്ഷണമാണ്.

> സ്ത്രീകൾ യോഗ്യമായ വസ്ത്രം ധരിച്ച് ലജ്ജാശീലത്തോടും സുബോധത്തോടും കൂടെ തങ്ങളെ അലങ്കരിക്കേണം.”
>
> 1 തിമൊ. 2 : 9

> “സൗമ്യതയും സാവധാനതയുമുള്ള മനസ്സു എന്ന അക്ഷയ ഭൂഷണമായ ഹൃദയത്തിന്റെ ഗൂഢ മനുഷ്യൻ തന്നേ ആയിരിക്കേണം.”
>
> 1 പത്രോസ് 3: 4

സാക്ഷാത്തായ അലങ്കാരം ധരിക്കുന്ന സ്ത്രീകളെക്കുറിച്ച് ജ്ഞാനികളിൽ ജ്ഞാനിയായ ശലോമോൻ പറഞ്ഞിട്ടുണ്ട്.

> ഭർത്താവിന്റെ ഹൃദയം അവളെ വിശ്വസിക്കുന്നു.......... അവൾ തന്റെ ആയുഷ്ക്കാലമൊക്കെയും

അവന്നു തിന്മയല്ല നന്മ തന്നേ ചെയ്യുന്നു.......... അവൾ താൽപര്യത്തോടെ കൈകൊണ്ടു വേല ചെയ്യുന്നു......... അവൾ തന്റെ കൈ എളിയവർക്കു തുറക്കുന്നു. ദരിദ്രനമാരുടെ അടുക്കലേക്ക് കൈ നീട്ടുന്നു............ ബലവും മഹിമയും അവളുടെ ഉടുപ്പ്.......... അവൾ ജ്ഞാനത്തോടെ വായ് തുറക്കുന്നു. ദയയുള്ള ഉപദേശം അവളുടെ നാവിന്മേൽ ഉണ്ട്......... വെറുതെ ഇരുന്നു അഹോവൃത്തി കഴിക്കുന്നില്ല. അവളുടെ മക്കൾ എഴുന്നേറ്റ് അവളെ ഭാഗ്യവതി എന്നു പുകഴ്ത്തുന്നു. അവളുടെ ഭർത്താവും അവളെ പ്രശംസിക്കുന്നത്: അനേകം തരുണികൾ സാമർത്ഥ്യം കാണിച്ചിട്ടുണ്ട്; നീയോ അവരെല്ലാവരിലും ശ്രേഷ്ഠയായിരിക്കുന്നു. ലാവണ്യം വ്യാജവും സൗന്ദര്യം വ്യർത്ഥവും ആകുന്നു; യഹോവാഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും." 65

സാദൃശ്യവാക്യങ്ങൾ 31: 10–30

അഞ്ചാമതായി, പിശാചിന്റെ കുടുക്കിൽ പെട്ടുപോയ എതിരാളികൾക്ക് സുബോധം ലഭിച്ച് ശത്രുവിന്റെ കെണിയിൽ നിന്ന് മോചനം പ്രാപിക്കുവാനിടയാകണം.

"ബുദ്ധിയില്ലാത്ത മൗഢ്യതർക്കം ശണ്ഠ ജനിപ്പിക്കുന്നു എന്നറിഞ്ഞ് അത് ഒഴിഞ്ഞിരിക്ക. കർത്താവിന്റെ ദാസൻ ശണ്ഠ ഇടാതെ എല്ലാവരോടും ശാന്തനും ഉപദേശിപ്പാൻ സമർത്ഥനും ദോഷം സഹിക്കുന്നവനുമായി അത്രേ ഇരിക്കേണ്ടത്. വിരോധികൾക്കു ദൈവം സത്യത്തിന്റെ പരിജ്ഞാനത്തിന്നായി മാനസാന്തരം നൽകുമോ

എന്നും പിശാചിനാൽ പിടിപ്പെട്ടു കുടുങ്ങിയവരാകയാൽ അവർ സുബോധം പ്രാപിച്ചു അവന്റെ കണിയിൽ നിന്ന് ഒഴിഞ്ഞു ദൈവേഷ്ടം ചെയ്യുമോ എന്നും വെച്ചു അവരെ സൗമ്യതയോടെ പഠിപ്പിക്കേണ്ടതും ആകുന്നു."

2 തിമൊ. 2: 23-26

പിശാചിനാൽ പിടിപെട്ട് ബന്ധനത്തിലായിപ്പോയവർക്ക് സുബോധം നഷ്ടപ്പെടുകയാണ്. അവർക്ക് സുബോധം ലഭിച്ചാലേ സാത്താന്റെ കെണിയിൽ നിന്നും കുരുക്കിൽ നിന്നും മോചനം ലഭിക്കുകയുള്ളു. അതിന് അവരെ സൗമ്യതയോടെ വചനം പഠിപ്പിക്കണം.

വചനം ലഭിക്കുമ്പോൾ സുബോധം ഉണ്ടാകുകയാണ്. അതുകൊണ്ട് വചനം പറഞ്ഞുകൊടുക്കേണ്ടത് അത്യാവശ്യമാണ്. സാത്താന്റെ വലയിൽ കുടുങ്ങുമ്പോൾ സാത്താൻ ചെയ്യുന്ന ഏറ്റവും ഘോരമായ കൃത്യം സുബോധം കളയുക എന്നതാണ്.

വ്രതസ്ഥനായ ശിംശോനെ ഫെലിസ്ത്യർക്ക് ലഭിച്ചപ്പോൾ അവർ ആദ്യം ചെയ്തത് ദൈവദാസന്റെ കണ്ണു കുത്തിപ്പൊട്ടിക്കുകയാണ്. ദൈവമക്കളുടെ കണ്ണ് കുരുടാക്കുകയാണ് സാത്താന്റെ തന്ത്രം.

അതിനെക്കുറിച്ച് പൗലോസ് പറയുന്നത്:

"ഈ ലോകത്തിന്റെ ദൈവം അവിശ്വാസികളുടെ മനസ്സുകുരുടാക്കുന്നു."

2 കോരി. 4: 4

മനസ്സു കുരുടായപ്പോൾ സാത്താന്റെ കെണിയിൽ കുടു

ങ്ങിപ്പോയി എന്നറിഞ്ഞ് വളരെ സഹതാപത്തോടും സ്നേഹ ത്തോടും കൂടി അവർക്ക് വചനം നൽകണം എന്നതാണ് തിരുവചനം അനുശാസിക്കുന്നത്.

ആറാമതായി, വൃദ്ധന്മാർ സുബോധം ഉള്ളവരാകുവാൻ അവരെ പ്രബോധിപ്പിക്കണം.

തീത്തോസിന് എഴുതിയ ലേഖനത്തിൽ പൗലോസ് പറ യുന്നു:

> “വൃദ്ധന്മാർ നിർമ്മദവും ഗൗരവും സുബോ ധവും ഉള്ളവരും വിശ്വാസത്തിലും സ്നേഹ ത്തിലും സഹിഷ്ണുതയിലും ആരോഗ്യമുള്ളവരും ആയിരിക്കേണം.”
>
> തീത്തോസ് 2: 2



രണ്ടാമദ്ധ്യായം രണ്ടുമുതൽ പത്തുവരെ വാക്യങ്ങളിൽ അപ്പോസ്തലൻ പ്രബോധിപ്പിക്കുന്നത് പ്രായമോ, സ്ഥാനമോ, സ്ത്രീപുരുഷവ്യത്യസമോ, നോക്കാതെ എല്ലാ വിശ്വാസികളും സൽസ്വഭാവികളായിരിക്കണം എന്നാണ്. വൃദ്ധന്മാർ ചെറുപ്പ ക്കാർക്ക് മാതൃകയായിരിക്കണം; ഘനശാലികളായിരിക്കണം; ഗൗരവബോധമുള്ളവരായിരിക്കണം; നല്ല തെളിഞ്ഞ ബോധ മുള്ളവരായിരിക്കണം. സാന്മാർഗ്ഗികമായും ആത്മീയമായും ഉത്തമ മാതൃകകളായിരിക്കണം.

ഒന്നാം അദ്ധ്യായം പന്ത്രണ്ടാം വാക്യത്തിൽ പറയുന്ന പ്രകാരം.

> “ക്രേത്തർ (ക്രീറ്റുദ്വീപിലുള്ളവർ) സർവ്വദാ അസത്യവാദികളും ദുഷ്ടജന്തുക്കളും മടിയന്മാ രായ പെരുവയറന്മാരും അത്രേ എന്ന് അവരിൽ

> ഒരുവൻ; അവരുടെ ഒരു വിദ്വാൻ തന്നേ, പറഞ്ഞിരിക്കുന്നു.”
>
> തീത്തോസ് 1: 12

അപ്രകാരമുള്ള തീറ്റിമാടന്മാരായിരിക്കരുത് വൃദ്ധന്മാർ; പ്രത്യുത സുബോധമുള്ളവരായിരിക്കണം എന്നത്രേ പൗലോസ് ഇവിടെ പ്രബോധിപ്പിക്കുന്നത്.

ഏഴാമതായി, ക്രിസ്തിവിന്റെ പുനരാഗമനത്തിനായി സുബോധത്തോടെ ഒരുങ്ങിനിൽക്കണം.

പൗലോസ് പറയുന്നു.

“സകല മനുഷ്യർക്കും രക്ഷാകരമായ ദൈവകൃപ ഉദിച്ചുവല്ലോ. നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട് ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചിട്ട് ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചു പോരേണ്ടതിന്നു അതു നമ്മെ ശിക്ഷിച്ചു വളർത്തുന്നു.”

തീത്തോസ് 2: 11–13

ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജിച്ചാൽ മാത്രമേ സുബോധം ലഭിക്കുകയുള്ളു. ഈ ലോകത്തിൽ സുബോധത്തോടും നീതിയോടും ദൈവഭക്തിയോടും കൂടെ ജീവിച്ചെങ്കിൽ മാത്രമേ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ വാനമേഘങ്ങളിൽ പറന്നുയർന്ന്, വിശുദ്ധന്മാരുടെ നിരയിൽ നിന്ന് അരുമ മണവാളനായ യേശിവിനെ ഏതിരേൽക്കുവാൻ കഴിയുകയുള്ളു.

മാന്യദൈവപൈതലേ, ക്രിസ്തുവിന്റെ രണ്ടാമത്തെ വരവി

നായി നീ നിന്നെത്തന്നെ ഒരുക്കിയോ? നീ സുബോധത്തോടെ ഒരുങ്ങിയോ? പാപപ്രവൃത്തിയെയും പാപപ്രവണതകളെയും നീ ഉപേക്ഷിച്ചുവോ? ക്രിസ്തവിന്റെ രണ്ടാമത്തെ വരവ് വിശുദ്ധന്മാരെ ചേർക്കാനാണെന്ന് നീ വിശ്വാസിക്കുന്നുവോ?

എങ്കിൽ, നീ ഒരു വിശുദ്ധനായോ? ഒരു വിശുദ്ധനാകണമെന്ന് നിന്റെ ഹൃദയം വാഞ്ഛരിക്കുന്നവോ?

പ്രിയസ്നേഹിതാ, പരിശുദ്ധന്മാർക്കായി കാക്കപ്പെടുന്ന ഉദ്യാനം പൂകണമെങ്കിൽ നിനക്കും ദൈവത്തിനും ഇടയിൽ നീ ഉണ്ടാക്കിയ പാപത്തിന്റെ വേലികൾ നീ പൊളിച്ചു കളയണം. അതിവേഗം ദൈവത്തോട് നിരപ്പാക്കുക. നിന്റെ പാപങ്ങളെ ഓർത്ത് അനുതപിക്കുകയും ഏറ്റുപറയുകയും മേലിൽ പാപം ചെയ്യുകയില്ലെന്ന് ഉറയ്ക്കുകയും ചെയ്യുക. അപ്പോൾത്തന്നെ ക്രിസ്തുവിന്റെ തിരുരക്തം വന്ന് നിന്നെ ശുദ്ധീകരിക്കും. നിന്നെ ഒരു പുതിയ സൃഷ്ടിയാക്കും. സമാധാനവും സ്നേഹവും വിശുദ്ധിയും പരിലസിക്കുന്ന ഒരു പ്രശാന്തജീവിതം നീ നയിക്കും. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

# അമൃതധാര ടി.വി. പ്രോഗ്രാം

| | | |
|---|---|---|
| വെള്ളി | ഏഷ്യാനെറ്റ് ന്യൂസ് ടിവി | : 6.30 AM |
| ശനി | സൂര്യ ടിവി | : 6.30 AM |
| ഞായർ | ജീവൻ ടിവി | : 6.30 AM |

# അമൃതധാര റേഡിയോ പ്രോഗ്രാം

| | | |
|---|---|---|
| ചൊവ്വ | SW 25 മീറ്റർ | : 7.45 PM |

## പ്രൊഫ. എം.വൈ. യോഹന്നാൻ

മുൻ പ്രിൻസിപ്പാൾ, സെന്റ് പീറ്റേഴ്സ് കോളേജ് കോലഞ്ചേരി, സുവിശേഷ സന്ദേശം നൽകുന്നു

# CRF ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

| | | |
|---|---|---|
| രണ്ടാം ശനിയാഴ്ച | 9.30 AM - 2.00 PM | മേച്ചങ്കര, പ്രൊഫ. എം.വൈ. യോഹന്നാന്റെ ഭവനം, കോലഞ്ചേരി പട്ടിമറ്റം റോഡിൽ വാലേത്ത്പടി ബസ് സ്റ്റോപ്പ് - **കടയിരുപ്പ്** |
| രണ്ടാം ശനിയാഴ്ചയോട് ചേർന്നുള്ള രണ്ടാം ഞായറാഴ്ച | 12.30PM - 5.00PM | |
| മൂന്നാം ഞായറാഴ്ച | 12.30PM - 5.00PM | |
| എല്ലാ തിങ്കളാഴ്ചയും | 6.00PM - 8.00PM | |
| ഒന്നാം ചൊവ്വാഴ്ച (വനിതാ സമ്മേളനം) | 9.30AM - 1.00PM | |
| എല്ലാ വെള്ളിയാഴ്ചയും (ബൈബിൾ ക്ലാസ്) | 6.00AM - 8.00PM | പ്രൊഫ. സി. എം. മാത്യു, ചാന്ത്യം - ഭവനം കോലഞ്ചേരി |
| ഒന്നും മൂന്നും ബുധനാഴ്ച (യുവാക്കളുടെ സമ്മേളനം) | 6.00AM - 9.00PM | |